ഫെബ്രുവരി 2022

Price ₹ 25

# ജീവനും വെളിച്ചവും




മെത്രാഭിഷേകത്തിന്റെ 32-ാം വാർഷികം
ആഘോഷിക്കുന്ന അഭിവന്ദ്യ ആർച്ച്ബിഷപ്പ്
ഡോ.സൂസപാക്യം പിതാവിന്
അതിരൂപതാ മക്കളുടെ
സ്നേഹം നിറഞ്ഞ
പ്രാർത്ഥനാശംസകൾ...

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ഫെബ്രുവരി
പുസ്തകം - 46 ലക്കം - 2
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
ഡോ. തോമസ് ജെ. നെറ്റോ
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velicahvum


## മുഖവിചാരം

# ഇരയും വേട്ടക്കാരനും

മാനവസംസ്കാരത്തിന്റെ ഏറ്റവും പുരാതനമായ തൊഴിൽ സംരംഭമായിരുന്ന വേട്ടയാടലിന് ഭക്ഷണം തേടി, ജീവൻ നിലനിർത്തുക എന്ന ഏക ലക്ഷ്യമാണുണ്ടായിരുന്നത്. മനുഷ്യാസ്ഥിത്വത്തിന്റെ ഭാഗമായി ഇന്നും തുടരുന്ന ഈ സംരംഭത്തിലെ വേട്ടക്കാരനും, കാഴ്ചക്കാരായ കാടും, ഇരകളും മാറിയതിനൊപ്പം വേട്ടക്കാരന്റെ രീതികളും ലക്ഷ്യവും ആർക്കും പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത്രത സങ്കീർണവും തന്ത്രപരവുമായി തീർന്നിരിക്കുന്നു. വേട്ടക്കാരനല്ല, നിശബ്ദരായിരിക്കുന്ന മാധ്യമങ്ങളും സാംസ്കാരിക-മത സാമുദായിക നേതാക്കന്മാരും വേട്ടക്കാരനോടൊപ്പം ചേർന്ന് വേട്ടയാടുകയും ഇരയോടൊപ്പം നടന്ന് 'സാമാന്യമര്യാദ' കാണിക്കുകയും ചെയ്യുന്ന വിദഗ്ധനായ വേട്ടക്കാരനായി തന്നെ പതിയെ മാറുകയുമാണ്. പ്രസക്തമായ ചോദ്യം! അപ്പോൾ ഇപ്പോഴത്തെ യഥാർത്ഥ വേട്ടക്കാരൻ ആരാണ്? ആരാണ് യഥാർത്ഥ ഇര.


ഇന്നത്തെ സമകാലീന സാഹചര്യത്തിൽ പലകാരണങ്ങളാൽ പീഡിപ്പിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും നീതിനിഷേധിക്കപ്പെടുകയും ചെയ്യുന്ന എല്ലാവ്യക്തികളും ഇരകൾ തന്നെയാണ്. വേട്ടക്കാർ മാത്രം ഇക്കാര്യത്തിൽ പലരായിരിക്കും.

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന ദളിതരെയും അധഃകൃതരെയും മുഖ്യധാരയിൽപ്പെടാത്ത ദ്രാവിഡരുൾപ്പെടെയുള്ള ജനങ്ങളെയും ഭാഷക്കാരെയും മാത്രമല്ല, ഇപ്പോൾ മതന്യൂനപക്ഷങ്ങളെയും തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി തുടർച്ചയായി വേട്ടയാടുകയും ഭീഷണിപ്പെടുത്തുകയും ഭിന്നിപ്പിക്കുകയുമാണ് ഭാരതത്തിലെ രാഷ്ട്രീയ നേതൃത്വം. ഇവിടെ രാഷ്ട്രീയ നേതൃത്വം തന്നെയാണ് വേട്ടക്കാർ. ആ വേട്ടക്കാരോടൊപ്പം ചേരുന്ന സംഘടനകളും വ്യക്തികളും പലതാണെങ്കിലും ഭരണാധികാരികളുടെ മൗനാനുവാദത്തോടെ മതതീവ്രവാദം ഇന്ത്യാമഹാരാജ്യത്തിന്റെ സാമൂഹ്യഘടനയിൽ മാത്രമല്ല, ഭരണഘടനയിലധിഷ്ഠിതമായ രാജ്യത്തിന്റെ മതേതരസ്വഭാവത്തിലും പതിയെ പതിയെ മാറ്റം വരുത്തുകയാണ്.

ഒരുപഠനം അനുസരിച്ച് 2014 ൽ ബിജെപി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ 127 എണ്ണമായിരുന്നു. അത് കഴിഞ്ഞ ഏഴുവർഷമായി ക്രമമായി വർധിക്കുകയാണ്. 2015 ൽ 142 ആക്രമണങ്ങളും 2016 ൽ 226 ഉം 2017 ൽ 248 ഉം തുടർന്ന് 295 ഉം 328 ഉം ആയി വർധിച്ച് 2021 ൽ 470 ആക്രമണങ്ങളിൽ എത്തിനിൽക്കുന്നു. ഇക്കഴിഞ്ഞ മാസം ക്രിസ്തുമസിനോടനുബന്ധിച്ച് നടന്ന ആക്രമണങ്ങൾകൂടി കൂട്ടിവായിക്കുമ്പോൾ 2022 ലെയും സ്ഥിതി വ്യത്യസ്തമാകാനിടയില്ല. ഭീകരമായ ഈ അവസ്ഥയിലും മതന്യൂനപക്ഷങ്ങളെ അപ്രസക്തരാക്കാനും ഇല്ലായ്മ ചെയ്യാനുമുള്ള ബോധപൂർവമായ ഭീഷണി സ്വരങ്ങൾക്ക് മുമ്പിൽ നമ്മൾ എവിടെയാണ് നിൽക്കുന്നത്. വേട്ടക്കാരനൊപ്പമോ? അതോ നിശബ്ദ കാണികൾക്കൊപ്പമോ?

പത്രാധിപർ

# പ്രതികരണങ്ങൾ




## ചരിത്രമായി ജീവനും വെളിച്ചവും

ജീവനും വെളിച്ചവും ഡിസംബറിൽ രണ്ടുലക്കങ്ങൾ പുറത്തിറക്കി ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. വിഭവസമ്പുഷ്ടമായ ഈ ലക്കങ്ങൾക്കുപിന്നിൽ പ്രവർത്തിച്ചവരെ ഇത്തരുണത്തിൽ ആത്മാർത്ഥമായി അഭിനന്ദിക്കട്ടെ.

സിനഡൽ ചർച്ചകൾകൊണ്ട് ശ്രദ്ധേയമായ ഡിസംബർ ലക്കം കർഷക സമരം, നെയ്യാറ്റിൻകര രൂപത ജൂബിലി ആഘോഷം, വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട രചനകളാൽ ഈ ലക്കം ഏറെ ഉൾക്കാമ്പുള്ളതായി.

അതുപോലെ ക്രിസ്തുമസ് വിഭവങ്ങളാൽ ധന്യമായ 2022 ജനുവരി പതിപ്പും കൂടി ഡിസംബർ മാസം തന്നെ കൈയിൽ കിട്ടിയപ്പോൾ വായനക്കാർക്ക് 'ജീവനും വെളിച്ചവും ക്രിസ്തുമസ് സമ്മാനമായി.' അഭിനന്ദനങ്ങൾ.

**ജൂലിജോൺ**

## മാറ്റങ്ങൾ ഉൾക്കൊണ്ട് ജീവനും വെളിച്ചവും

ജീവനും വെളിച്ചവും പുതുവർഷാരംഭ ലക്കം ഒത്തിരി മാറ്റങ്ങൾ ഉൾക്കൊണ്ട് നന്നായി. ക്രിസ്മസിനെക്കുറിച്ചുള്ള ലേഖനങ്ങൾക്ക് മികവ് പുലർത്തി. പല തലങ്ങളിലായി നാം തുടങ്ങിവച്ച സിനഡ് യാത്രയിലെ വിവിധ ഘട്ടങ്ങളെ പ്രതിപാദിക്കുകയും അവലോകനം ചെയ്യുകയും ചെയ്യുന്ന ലേഖനങ്ങളും വാർത്തകളും വരുംമാസങ്ങളിൽ പ്രതീക്ഷിക്കുന്നു.

പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തു. ആഗോളസഭ പ്രത്യേക മാംവിധത്തിൽ പൂർത്തീകരിച്ച "വി. യൗസേപ്പ് പിതാവിന്റെ വർഷം" ആതിരൂപതയിൽ എങ്ങനെ നാം കൊണ്ടാടി, വരുംമാസങ്ങളിൽ കുടുംബവർഷവും സമാപിക്കും. അത്തരം അവലോകനങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചാൽ ഇത്തരം സഭാ നിർദ്ദേശങ്ങൾ രൂപതയിൽ എങ്ങനെ നടപ്പാക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയും.

കാശ്മീരിലെ 'കഡുമാ' സംഭവത്തെയും വർഷം നീണ്ട കർഷക സമരത്തേയും, പൗരത്വ നിയമഭേദഗതിക്കെതിരെ നടന്ന അക്രമങ്ങളെയും ചിത്രീകരിച്ച നാം, നമ്മുടെ സംയുക്ത സേനാതലവൻ ഉൾപ്പെടെ മുതിർന്ന സൈനിക ഉദ്യോഗസ്ഥരുടെ അപകടമരണത്തിൽ ഒരു അനുശോചനം കൂടെ ആവാമായിരുന്നു. രാജ്യത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നവർ ആണ് അവർ.

**- ജിൻസി റാണി**
മരിയനാട്

## ജനാഭിപ്രായം പരിഗണിക്കണം

നേർക്കാഴ്ച വായിച്ചു. കടത്തിൽ മുങ്ങിത്താണ കേരള നാടിനെ കൂടുതൽ കടക്കെണിയിൽ ആക്കാനേ കെ-റെയിൽ എന്ന സിൽവർ ലൈൻ പദ്ധതിക്ക് സാധിക്കൂ.

ഇനിയും പൂർത്തിയാകാത്ത റെയിൽവേ ഇരട്ട ലൈൻ. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ, കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളും പ്ലാസ്റ്റിക്കും, കുടിവെള്ള ക്ഷാമം, കടക്കെണി. വർധിച്ചുവരുന്ന അക്രമങ്ങളും കൊലപാതകങ്ങളും, നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, പെരും കടത്തിൽ നട്ടംതിരിയുന്ന കെഎസ്ആർടിസി, പണി പൂർത്തിയാകാത്ത പ്രോജക്റ്റുകൾ, തൊഴിലില്ലായ്മ ഇതൊക്കെ പരിഹരിച്ചിട്ടുപോരേ അതിലവേഗ റെയിൽ.

പുതിയ പദ്ധതി ഉണ്ടെങ്കിൽ മാത്രമേ കമ്മീഷൻ അടിക്കാൻ പറ്റൂ. അതിനുവേണ്ടിയാണ് പുതിയ പ്രോജക്റ്റുകൾക്കുവേണ്ടി നുണകൾ തട്ടിവിടുന്നത്. കെ-റെയിൽ വന്നതുകൊണ്ട് എന്തെങ്കിലും വികസനം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

കെ-റെയിൽ ഉണ്ടാക്കുന്ന പരിസ്ഥിതി ആഘാതവും സാമൂഹ്യ പ്രത്യാഘാതവും അധികൃതർ ചിന്തിക്കുന്നില്ല. കെ-റെയിൽ അതിവിശദമായ പഠനങ്ങൾക്കും സംവാദങ്ങൾക്കും ശേഷം ജനനന്മയാണെങ്കിൽ മാത്രം നടപ്പിലാക്കിയാൽ മതി.

**വിജയമ്മ**, പാളയം

## വിഭവങ്ങളാൽ സമ്പന്നം

ഡിസംബർ ലക്കം ജീവനും വെളിച്ചവും അക്ഷരാർത്ഥത്തിൽ ജീവനിൽ വെളിച്ചം പകരുന്ന വിഭവങ്ങളാൽ സമ്പന്നമായിരുന്നു. കാച്ചിക്കുറുക്കിയ വിജ്ഞാനകൂട്ടുകളും സാമൂഹിക അവബോധം നിറയ്ക്കുന്ന ലേഖനങ്ങളും ഈ ലക്കത്തെ ശ്രദ്ധേയമാക്കുന്നു. ഡിസംബറിന്റെ സൗന്ദര്യം നഷ്ടപ്പെടാതെ താളുകൾ സൂക്ഷിക്കുവാനും ഈലക്കം പ്രത്യേകം ശ്രദ്ധിക്കുന്നു. സുവിശേഷ വൽക്കരണ ലക്ഷ്യവുമായി സ്ഥാപിതമായ നെയ്യാറ്റിൻകര രൂപതയുടെ ജീവന്റെ സമൃദ്ധി വിളിച്ചോതുന്ന ലേഖനം അതീവഹൃദ്യം. എല്ലാ ഭാവുകങ്ങളും.

**ദിവ്യാദാസ്**
പുളിയറക്കോണം

# താളുകളിൽ


**മതസ്വാതന്ത്ര്യം മിഥ്യയാവുന്ന കാലങ്ങൾ** 6
സിന്ധു മരിയ നെപ്പോളിയൻ

**കവിത: സമർപ്പിതർ** 9
സി. സ്വപ്ന തങ്കച്ചൻ എച്ച്.എച്ച്.

**കാനൻ ലോ** 10
ഫാ. ജോസ് ജി.

**ക്രിസ്ത്യൻ വിവാഹങ്ങൾക്ക് പുതിയ നിയമം അനിവാര്യമോ?** 11
അഡ്വ. ഷെറി ജെ. തോമസ്

**യോഹന്നാൻ സുവിശേഷത്തിലെ ക്രിസ്തുവെന്ന ലീഡർ** 14
റവ. ഡോ. മരിയ മൈക്കൽ ഫെലിക്സ്

**ജോർജ് ഓണക്കൂർ: നക്ഷത്രത്തെ കിനാവുകണ്ട എഴുത്തുകാരൻ** 18
ഡോ. സീന ഫെലിക്സ്

**കവിത: കടലഴക്** 21
വിർജിൻ എസ്.

**ക്രൈസ്തവർ പീഡിപ്പിക്കപ്പെടുമ്പോൾ** 22
ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി

**ചരിത്രപഥം** 26

**വാർത്തകൾ** 28

**നീർച്ചാൽ** 34

**വായന** 39

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.












**മത സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ സ്ഥിതി ആശങ്കാജനകമാണ്. മതനിരപേക്ഷതയുള്ള സുന്ദരഭൂമിയെന്ന കാഴ്ചപ്പാടിൽ നിന്ന് ഇന്ത്യ മാറിക്കഴിഞ്ഞുവെന്ന് സമീപകാലസംഭവങ്ങൾ സാക്ഷിക്കുന്നു. ഈ പശ്ചാത്തലത്തിൽ മതന്യൂനപക്ഷങ്ങൾ മൗലിക അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തേണ്ട കാലമായിരിക്കുന്നുവെന്ന് ലോകമാകമാനം പ്രത്യേകിച്ച് ഭാരതത്തിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങളെ ഉദ്ധരിച്ചുകൊണ്ട് ലേഖിക പറയുന്നു**

# മതസ്വാതന്ത്ര്യം മിഥ്യയാവുന്ന കാലങ്ങൾ



**സിന്ധു മരിയ നെപ്പോളിയൻ**
ഗവേഷകവിദ്യാർഥി

മനുഷ്യരുടെ മതപരമായ അവകാശങ്ങൾക്ക് വലിയ പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഡോ.ബി.ആർ. അംബേദ്ക്കർ ഇന്ത്യൻ ഭരണഘടനതയ്യാറാക്കിയത്. ഏതു മതത്തിലും വിശ്വസിക്കാനും മതപരമായ ആചാരങ്ങളിൽ ഏർപ്പെടാനും മതം ഉപേക്ഷിക്കാനും വ്യത്യസ്ത മതത്തിലേക്ക് മാറാനുമെല്ലാം ഇന്ത്യൻ പൗരന് സ്വാതന്ത്ര്യമുള്ളതായി ഇന്ത്യൻ ഭരണഘടന പറഞ്ഞുവയ്ക്കുന്നു. എഴുതിവയ്ക്കപ്പെട്ട നിയമത്താളുകളിൽ കാര്യങ്ങൾ വ്യക്തമാണെങ്കിലും പ്രായോഗിക ജീവിതത്തിൽ ഇത്തരം മതപരമായ സ്വാതന്ത്ര്യങ്ങൾ ഈ രാജ്യത്ത് ജീവിക്കുന്ന മനുഷ്യർക്കുണ്ടോ എന്ന് ന്യായമായും സംശയിച്ചു പോവുന്ന വിധത്തിലുള്ള സംഭവവികാസങ്ങളാണ് ഓരോ ദിവസവും ചുറ്റും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ജനസംഖ്യയുടെ 80 ശതമാനം പേർ ഹൈന്ദവ മതത്തിൽ വിശ്വസിക്കുന്ന രാജ്യമാണ് ഇന്ത്യ. ന്യൂനപക്ഷമായ ക്രിസ്ത്യാനികളും മുസ്ലീങ്ങളും പാഴ്സികളും ബുദ്ധരും ജൈനരും സിഖ് വംശജരുമെല്ലാം കാലാകാലങ്ങളായി ഈ രാജ്യത്ത് അധിവസിച്ച് വരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ മതന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനെ അപകടത്തിലാക്കുന്ന നിരവധി അസുഖകരമായ വാർത്തകളാണ് രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നത്. പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പിയുസിഎൽ) എന്ന മനുഷ്യാവകാശ സംഘടന അടുത്തിടെ പ്രസിദ്ധീകരിച്ച അവരുടെ വാർഷിക റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കണക്കുകൾ പരിശോധിച്ചാൽ ഇന്ത്യയിലെ മതസ്വാതന്ത്ര്യം ഏട്ടിലെ പശുവിനെപ്പോലെയാണെന്ന് മനസിലാക്കാനാവും.

2021ൽ കർണാടകയിൽ മാത്രം ക്രൈ

സ്തവർക്കെതിരെ 39 അക്രമ സംഭവങ്ങളുണ്ടായതായി പിയുസിഎല്ലിൻറെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇവയിൽ ഏറിയപങ്കും പൊലീസിന്റെ അറിവോടും സമ്മതത്തോടും ആശീർവാദത്തോടും കൂടി നടന്ന ആക്രമണങ്ങളായിരുന്നു എന്ന് എടുത്തു പറയേണ്ടതുണ്ട്. ഞായറാഴ്ച്ചയിലെ ദിവ്യബലിക്കും പ്രാർത്ഥനയ്ക്കുമായി ഒത്തുകൂടുന്ന വിശ്വാസികളെ തടയുക, ക്രിസ്ത്യൻ ദേവാലയങ്ങൾ അടച്ചു പൂട്ടുമെന്ന് ഭീഷണിപ്പെടുത്തുക, വൈദീകരെയും മിഷനറിമാരെയും കയ്യേറ്റം ചെയ്യുക എന്നിങ്ങനെയുള്ള പരാതികളാണ് പ്രധാനമായും കർണാടകയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നിരിക്കുന്നത്. പിയുസിഎൽ റിപ്പോർട്ട് പ്രകാരം ആർഎസ്എസും ബജ്റങ്ദളും ഹിന്ദു ജാഗരണ വേദിയും പോലുള്ള തീവ്രവലതുപക്ഷ സംഘടനകളാണ് ഇത്തരം ആക്രമണങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതെന്ന് മനസിലാക്കാനാവും. ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്ക് പുറകേ കർണാടകയിലും നിർബന്ധിത മതപരിവർത്തന നിരോധന നിയമം നടപ്പാക്കുമെന്ന പ്രഖ്യാപനം വന്നതിന് പിന്നാലെയാണ് കർണാടകയിലെ മതന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള, പ്രത്യേകിച്ച് ക്രൈസ്തവർക്ക് നേരെയുള്ള ആർഎസ്എസ് സംഘടനകളുടെ എതിർപ്പ് കൂടുതൽ പ്രകടമായതെന്നതും ശ്രദ്ധേയമാണ്. ഈ നിയമം നടപ്പിലാക്കിയ സംസ്ഥാനങ്ങളിലൊക്കെയും ഭരണം കൈയാളുന്നത് ബിജെപിയാണ്. തെരഞ്ഞെടുപ്പ് അടുക്കുമ്പോഴും അന്താരാഷ്ട്ര വേദികൾക്ക് മുന്നിലും മാത്രം ഇന്ത്യയുടെ ബഹുമത സ്വഭാവം പ്രകടിപ്പിക്കാനും അല്ലാത്തപ്പോഴെല്ലാം രാജ്യത്തെ ഹൈന്ദവരല്ലാത്ത മതവിശ്വാസികളെ കല്ലെറിഞ്ഞ് ഓടിക്കാനും മടിക്കാത്ത നയമാണ് ബിജെപി വർഷങ്ങളായി സ്വീകരിച്ചു വരുന്നത്.

**നിരന്തരം ക്രൈസ്തവർ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കുമ്പോൾ അതിനെതിരെ ദേശീയ തലത്തിലോ പ്രാദേശികമായി പോലുമോ നടപടി എടുക്കാത്ത ഭരണകൂടമാണ് പാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിച്ചിരിക്കുന്നതെന്നത് വലിയ വിരോധാഭാസമാണ്.**



രാജ്യത്തെ പല ഭാഗങ്ങളിലുള്ള ക്രൈസ്തവ സ്ഥാപനങ്ങൾക്ക് നേരെ ക്രിസ്തുമസ് ദിനത്തിലും അതിൻറെ തലേന്നുമായി ഏഴോളം ആക്രമണങ്ങൾ ഉണ്ടായതായി ആഗോള തലത്തിൽ കത്തോലിക്കരെ സംബന്ധിച്ചുള്ള വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന 'ക്രക്സ്' വെളിപ്പെടുത്തുന്നു. ഗുജറാത്തിൽ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി എന്ന സംഘടനക്കെതിരെ മതവികാരം വ്രണപ്പെടുത്തുകയും പെൺകുട്ടികളെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു എന്ന കുറ്റമാരോപിച്ച് ഗുജറാത്ത് ഫ്രീഡം ഓഫ് റിലീജിയൻ ആക്റ്റ്, 2003 പ്രകാരം കേസെടുത്തു. 'സാന്താ ക്ലോസ് മൂർദാബാദ്' എന്ന് ആക്രോശിച്ച് ആഗ്രയിൽ കോലം കത്തിക്കാൻ നേതൃത്വം നൽകിയതും ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചതിൻറെ പേരിൽവാരണാസിയിൽ ആശുപത്രി ആക്രമിച്ചതും സംഘപരിവാർ സംഘടനകളാണ്. ഹരിയാനയിലെ അംബാലയിൽ ബ്രിട്ടീഷ് കാലത്ത് നിർമ്മിക്കപ്പെട്ട ക്രിസ്തുവിൻറെ പ്രതിമ വലതുപക്ഷ സംഘടനകൾ തകർത്തത് ഇക്കഴിഞ്ഞ ക്രിസ്തുമസ് കാലത്താണ്. യഥാർത്ഥത്തിൽ കഴിഞ്ഞ ക്രിസ്തുമസിനോട് അനുബന്ധിച്ചാണ് ഇന്ത്യയുടെ പല ഭാഗത്ത് നിന്നും, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലും അസം ഉൾപ്പെടെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ക്രിസ്ത്യാനികൾക്ക് നേരെയുള്ള ആക്രമണങ്ങളെപ്പറ്റി ഒട്ടേറെ വാർത്തകൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. 'ദ ഫോറം ഓഫ് റിലീജിയസ് ഫോർ ജസ്റ്റിസ് ആൻറ് പീസ്' എന്ന സംഘടനയുടെ നേതൃത്വത്തിൽ ക്രൈസ്തവ വിശ്വാസികൾ രാജ്യത്തെ കത്തോലിക്ക ബിഷപ്പുമാരുടെ പ്രസിഡൻറായ കർദിനാൾ ഓസ്വാൽഡ് ഗ്രേഷ്യസിന് എഴുതിയ കത്തിൽ രാജ്യത്തെ ക്രൈസ്തവ വിശ്വാസികൾ കടന്നുപോവുന്ന അരക്ഷിതാവസ്ഥയുടെ ഭീതിതമായ മുഖം കാണാനാവും. ക്രൈസ്തവർ നിർബന്ധിത മതപരിവർത്തനം നടത്തുന്നുവെന്നും ഹിന്ദുക്കളുടെ കണ്ണിൽ പൊടിയിട്ട് അവരെ സ്വമതത്തിൽ നിന്ന് അടർത്തിക്കൊണ്ട് പോവുന്നുവെന്നും ആരോപിച്ചാണ് രാജ്യത്തെമ്പാടും സംഘപരിവാർ പള്ളികൾക്കും വിശ്വാസികൾ



**ഈ നാട്ടിലെ ന്യൂനപക്ഷമായി നിലനിൽക്കുക എന്നത് ഇനി വരുന്ന കാലത്ത് കൂടുതൽ വെല്ലുവിളികൾ നിറഞ്ഞ ഒരു പ്രക്രിയയാണ്. വിശ്വാസത്തെ മുറുകെപ്പിടിച്ചിരിക്കാൻ നമുക്കാവുമ്പോഴും ഏകാധിപത്യത്തോട് അടുക്കുന്ന അധികാരമണ്ഡലങ്ങളോട് കൂടുതൽ ഉച്ചത്തിൽ കലഹിക്കേണ്ട നാളുകളാണ് കാത്തിരിക്കുന്നത്.**

ക്കും നേരെ ആക്രമണം അഴിച്ചു വിടുന്നതെന്ന് ഈ കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. രാജ്യത്തെ കാവിവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഹിന്ദു ഇതര മതവിഭാഗങ്ങൾക്ക് മേൽ ഇത്രയധികം ആക്രമണങ്ങൾ നിരന്തരം ഉണ്ടാവുന്നതെന്നും കത്തിൽ പരാമർശമുണ്ട്.

ഏതാനും വിശ്വാസികൾ ചേർന്ന് മുംബൈ ബിഷപ്പിന് അയച്ച മേൽപ്പറഞ്ഞ കത്തിലെ ഒരു പ്രധാന വിഷയം ഇത്തരം വലതുപക്ഷ ആക്രമണങ്ങളോട് രാജ്യത്തെ കത്തോലിക്ക നേതൃത്വം പുലർത്തുന്ന നിസംഗതയാണ്. ക്രിസ്തുമതത്തിൽ വിശ്വസിച്ചു പോയെന്ന ഒറ്റക്കാരണത്താൽ കടുത്ത ഭീഷണികൾക്ക് നടുവിൽ ജീവിക്കേണ്ട ഗതികേടിലാണ് ഇന്ത്യയിലെ ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും. കേരളത്തിന്റെ സവിശേഷ സാമൂഹിക സാഹചര്യവും ഉയർന്ന സാക്ഷരതാ നിരക്കും നിരന്തരമെന്നോണം ചലിച്ചു കൊണ്ടിരിക്കുന്ന ഇവിടുത്തെ പൗരസംഘടനകളുടെ സാന്നിധ്യവുമൊക്കെ കാരണമാവാം കേരളത്തിലെ ക്രിസ്ത്യാനികൾക്ക് മേൽപ്പറഞ്ഞ തരത്തിലുള്ള അരക്ഷിതാവസ്ഥകളിലൂടെ കടന്നു പോവേണ്ട സാഹചര്യം ഇന്നാട്ടിൽ കാര്യമായി ഉണ്ടായിട്ടില്ല. എന്നാൽ ഓരോ തെരഞ്ഞെടുപ്പിന് പുറകെയും വോട്ട് വിഹിതം കൂട്ടിക്കൊണ്ടിരിക്കുന്ന ബിജെപിയെപ്പോലൊരു പാർട്ടിക്ക് കേരളത്തിന്റെ മാറുന്ന സാമൂഹിക സാഹചര്യങ്ങൾ മുതലെടുക്കാനും വടക്കേ ഇന്ത്യയിലേതിന് സമാനമായ ഭയാനക അന്തരീക്ഷം ഇവിടെ കൊണ്ടുവരാനും സാധിക്കുന്ന കാലം അത്ര വിദൂരമല്ല എന്നതാണ് സത്യം.

ആഗോള കത്തോലിക്ക സഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് പാപ്പയെ ഇക്കഴിഞ്ഞ ഒക്ടോബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചിരുന്നു. അന്താരാഷ്ട്ര സമൂഹത്തിന് മുൻപിൽ രാജ്യത്തിൻറെ അഖണ്ഡതയും ഐക്യവും പ്രകടിപ്പിക്കാൻ ലഭിക്കുന്ന അവസരങ്ങളൊന്നും പാഴാക്കാത്ത ഇന്ത്യൻ ഭരണകൂടത്തിൻറെ കേവല ഗിമ്മിക്ക് മാത്രമാണ് ഈ ക്ഷണമെന്ന് ഇന്ന് തോന്നിപ്പോവുന്നു. സ്വന്തം പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിരന്തരം ക്രൈസ്തവർ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കുമ്പോൾ അതിനെതിരെ ദേശീയ തലത്തിലോ പ്രാദേശികമായി പോലുമോ നടപടി എടുക്കാത്ത ഭരണകൂടമാണ് പാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിച്ചിരിക്കുന്നതെന്നത് വലിയ വിരോധാഭാസമാണ്. യാഥാർത്ഥ്യം ഇങ്ങനെയൊക്കെ ആയിരിക്കുമ്പോഴും തീവ്ര വലതുപക്ഷ നയങ്ങൾ വച്ചുപുലർത്തുന്ന കേന്ദ്ര സർക്കാരിനെതിരെയോ വിശ്വാസികൾക്ക് നേരെ ആക്രമണങ്ങൾ അഴിച്ചുവിടുന്ന സംഘപരിവാർ സംഘടനകൾക്ക് എതിരെയോ കാര്യമായൊന്നും ശബ്ദിക്കാൻ പോലുമാവാതെ നിൽക്കുന്ന കത്തോലിക്ക നേതൃത്വവും തങ്ങളുടെ നിശബ്ദത വെടിയേണ്ടതുണ്ട്. രണ്ടാം മോദി സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാനായി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്ന് ദില്ലിയിലേക്ക് വണ്ടി പിടിച്ചു പോയ ക്രൈസ്തവ നേതാക്കളിൽ പലരും അതേ സർക്കാരിൻറെ ക്രിസ്തീയ വിരുദ്ധതയ്ക്ക് നേരെ കണ്ണടച്ച് നിൽക്കുന്ന കാഴ്ച്ച ഏറെ വേദനയുണ്ടാക്കുന്നതാണ്. സമൂഹ മാധ്യമങ്ങളിലും മറ്റും ക്രൈസ്തവരെ മോശമായി ചിത്രീകരിക്കുന്നതിന് എതിരെ പലപ്പോഴും വലിയ പ്രതിഷേധവും ബഹളങ്ങളും നടക്കുന്നത് കാണാറുണ്ട്. എന്നാൽ ഇവിടുത്തെ പള്ളികളും വൈദീകരും കന്യാസ്ത്രീകളും ആക്രമിക്കപ്പെടുമ്പോഴോ നിർബന്ധിച്ച് മതം മാറ്റുന്നുവെന്ന പേരിൽ ക്രൈസ്തവരെയൊട്ടാകെ വടക്കേ ഇന്ത്യയിൽ ഒറ്റപ്പെടുത്തുമ്പോഴോ ഈ പ്രതിഷേധങ്ങളുടെ പത്തിലൊന്ന് പോലും കാണാൻ സാധിച്ചിട്ടില്ല. കലാസൃഷ്ടികളിലും അഭിപ്രായ പ്രകടനങ്ങളിലും ക്രൈസ്തവ വിരുദ്ധതയുണ്ടായാൽ നമുക്ക് വേഗം വികാരം വ്രണപ്പെടുന്നതും സഹക്രൈസ്തവർ ആക്രമിക്കപ്പെടുമ്പോൾ സംയമനം പാലിക്കാൻ പറ്റുന്നതും ഒരു സമുദായം എന്ന നിലയിൽ ക്രിസ്തുമത വിശ്വാസികളുടെ ദൗർബല്യത്തെയാണ് കാണിക്കുന്നത്.

യുഎസ് കമ്മീഷൻ ഓൺ ഇൻറർനാഷണൽ റിലീജിയസ് ഫ്രീഡം (ഡടഇകഞഎ) 2020ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടനുസരിച്ച് മതസ്വാതന്ത്ര്യത്തിൻറെ കാര്യത്തിൽ 'പ്രത്യേകമായി ഉത്കണ്ഠപ്പെടേണ്ട രാജ്യങ്ങൾ' എന്ന പട്ടികയിലാണ് ഇന്ത്യയുള്ളത്. അതായത്, നമ്മൾ ഈ അവകാശപ്പെടുന്ന മതനിരപേക്ഷതയുള്ള സുന്ദരഭൂമിയൊന്നുമല്ല ഇന്ത്യ എന്ന കാര്യം മറക്കരുതെന്ന് സാരം. ഈ നാട്ടിലെ ന്യൂനപക്ഷമായി നിലനിൽക്കുക എന്നത് ഇനി വരുന്ന കാലത്ത് കൂടുതൽ വെല്ലുവിളികൾ നിറഞ്ഞ ഒരു പ്രക്രിയയാണ്. വിശ്വാസത്തെ മുറുകെപ്പിടിച്ചിരിക്കാൻ നമുക്കാവുമ്പോഴും ഏകാധിപത്യത്തോട് അടുക്കുന്ന അധികാരമണ്ഡലങ്ങളോട് കൂടുതൽ ഉച്ചത്തിൽ കലഹിക്കേണ്ട നാളുകളാണ് കാത്തിരിക്കുന്നത്. ഇന്ന് ഇവിടുത്തെ മുസ്ലീങ്ങളാണ് ഹിന്ദുത്വഭീകരതയുടെ മുഖ്യശത്രുവെങ്കിൽ നാളെയത് ക്രൈസ്തവരാവാം. അത് തിരിച്ചറിയാനും മത സ്വാതന്ത്ര്യം എന്ന മൗലീക അവകാശത്തിന് വേണ്ടി ശബ്ദമുയർത്താനും നമുക്ക് കൂടുതൽ സന്നദ്ധരായിരിക്കാം. ■

കവിത



# സമർപ്പിതർ

കർത്താവിന്റെ മനസ്സിനിണങ്ങിയവർ
ദാവീദിൻ പിൻതുടർച്ചക്കാർ
കർത്താവിന് പ്രതിഷ്ഠിതർ
അനാദിമുതലേ ദൈവത്തിന്റെ ഓഹരിയാണവർ
അമ്മതൻ ഉദരത്തിൽ ഉരുവായപ്പോഴേ
തന്റെ കരത്തിൻ തണലിൽ സംരക്ഷിച്ചു
അവരുടെ പാദം ഇടറാതിരിക്കാൻ
തിരുവചനത്തിൽ സംരക്ഷണമേകി
താതൻ തൻ രുധിരമാംസങ്ങൾ ഭോജനമായ് നൽകി
അനുദിനം അവരെ പരിപോഷിപ്പിക്കുന്നു-
കൂദാശകൾ തൻ ശക്തിയാൽ വിശുദ്ധിയേകുന്നു
തന്റെ ആത്മാവിൻ കരുത്താൽ
ദൗത്യം പിന്തുടരുവാനും
രക്തം ചിന്തിപ്പോലും സാക്ഷ്യമേകാനും ശക്തിയേകുന്നു.
അവരുടെ വേദനകളും കുറവുകളും
സ്നേഹത്തിൽ തൈലത്താൽ അഭിഷേചിക്കുന്നു
അവരുടെ പ്രയത്നങ്ങൾ നൂറുമേനിതൻ
ഫലം കൊയ്തെടുക്കുന്നു.
മൺമറഞ്ഞുപോകിലുമവർ നിത്യം വസിക്കും
മാനവ ഹൃദയങ്ങളിൽ നന്മതൻ നിറദീപമായ്
നിൽപ്പോരിവരാണ് സമർപ്പിതർ
ദൈവത്തിൻ പ്രതിരൂപമായവർ.



**സി. സ്വപ്ന തങ്കച്ചൻ എച്ച്.എച്ച്.**
ഹാൻഡ്മെയ്ഡ്സ് ഓഫ്
ഹോപ്പ് സന്യാസിനി

# കാനൻ ലോ

**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ



# ജ്ഞാനമാതാപിതാക്കളുടെ കടമകളും യോഗ്യതകളും

**ജ്ഞാ**നസ്നാനമെന്ന കൂദാശയുടെ പഞ്ചഫലങ്ങൾ 2021 നവംബർ മാസത്തെ ലക്കത്തിൽ നമ്മൾ കണ്ടതാണ്. ഈ ഫലങ്ങൾ ഒരേസമയം അനുഗ്രഹവും ഉത്തരവാദിത്വവുമാണ്. ഫലദായകമായ ക്രൈസ്തവ വിശ്വാസ ജീവിതത്തിലേയ്ക്ക് വളരാൻ ജ്ഞാനസ്നാനം സ്വീകരിക്കുന്ന വ്യക്തിയ്ക്ക് (കുഞ്ഞുങ്ങളോ മുതിർന്നവരോ) ഈ മേഖലയിൽ പക്വതയാർന്ന വളർച്ച നേടിയ ക്രൈസ്തവ വിശ്വാസികളുടെ സഹായം ആവശ്യമാണ്. ശിശുക്കളുടെ കാര്യത്തിൽ മാതാപിതാക്കൾക്കൊപ്പവും മുതിർന്നവരുടെ കാര്യത്തിൽ തനതായ രീതിയിലും ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ പൂർണ്ണതയിലേക്കുവളരാൻ അവരെ പ്രത്യേകമാംവിധം സഹായിക്കുന്നവരാണ് ജ്ഞാനമാതാപിതാ ക്കൾ. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 872874 ജ്ഞാനമാതാപിതാക്കളെക്കുറിച്ചും അവരുടെ കടമകളെയും യോഗ്യതകളെയുംകുറിച്ച് വിവരിക്കുന്നു. CIC 872873 പ്രകാരം, ജ്ഞാനസ്നാനം സ്വീകരിക്കപ്പെടുന്ന വ്യക്തിയ്ക്ക്, കഴിയുന്നിടത്തോളം, ജ്ഞാനമാതാപിതാ ക്കളോ, ജ്ഞാനപിതാവോ, ജ്ഞാനമാതാവോ ഉണ്ടായിരിക്കണം.

## ജ്ഞാനമാതാപിതാക്കളുടെ ചുമതലകൾ

1. മുതിർന്നവരുടെ ജ്ഞാനസ്നാനത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയെ ക്രിസ്തീയ ജീവിതം ആരംഭിക്കാൻ സഹായിക്കുകയാണ് ജ്ഞാനമാതാപിതാക്കളുടെ ചുമതല (CIC 872).
2. ശൈശവ ജ്ഞാനസ്നാനത്തിൽ, ജ്ഞാനമാതാപിതാക്കൾക്ക് പ്രധാനമായും മൂന്ന് ചുമതലകളാണുള്ളത് (CIC 872).
   i. മാതാപിതാക്കളോടൊപ്പം ശിശുവിനെ ജ്ഞാനസ്നാനത്തിന് സമർപ്പിക്കുക;
   ii. ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിയ്ക്ക് അനുരൂപമായ ക്രിസ്തീയ ജീവിതം നയിക്കാൻ സഹായിക്കുക;
   iii. ജ്ഞാനസ്നാനത്തിൽ അടങ്ങിയിരിക്കുന്ന കടമകൾ വിശ്വസ്തതയോടെ നിറവേറ്റാൻ സഹായിക്കുക.

## ജ്ഞാനമാതാപിതാക്കൾക്കുവേണ്ട യോഗ്യതകൾ:

CIC 874 §1 പ്രകാരം ജ്ഞാനമാതാപിതാക്കൾക്കുവേണ്ട യോഗ്യതകൾ താഴെപ്പറയുന്നവയാണ്:

1. ജ്ഞാനമാതാപിതാക്കളുടെ ചുമതല നിർവ്വഹിക്കാനുള്ള പ്രാപ്തിയും നിയോഗവും (ആഗ്രഹവും) ഉണ്ടായിരിക്കണം
2. 16 വയസ്സ് പൂർത്തിയായിരിക്കണം.
3. സ്ഥൈര്യലേപനവും വിശുദ്ധ കുർബ്ബാനയും സ്വീകരിച്ചിട്ടുള്ള കത്തോലിക്കാ വിശ്വാസിയായിരിക്കണം.
4. ജ്ഞാനമാതാപിതാക്കളുടെ ദൗത്യത്തിന് അനുയോജ്യമായ വിശ്വാസജീവിതം നയിക്കുന്നവരായിരിക്കണം.
5. കാനോനികമായ ശിക്ഷയ്ക്ക് (സഭാപരമായ ശിക്ഷയ്ക്ക്) വിധേയമായിട്ടില്ലാത്തവരായിരിക്കണം.
6. ജ്ഞാനസ്നാനാർത്ഥിയുടെ പിതാവോ മാതാവോ ആകാൻ പാടില്ല.

CIC 874 §1 പ്രകാരം, മുതിർന്നവരാണെങ്കിൽ ജ്ഞാനസ്നാനാർത്ഥിക്കോ, ശിശുക്കളാണെങ്കിൽ അവരുടെ മാതാപിതാക്കൾക്കോ രക്ഷകർത്താക്കൾക്കോ, യോഗ്യതയുള്ളവരിൽനിന്ന്, ജ്ഞാനമാതാ പിതാക്കളെ നിശ്ചയിക്കാവുന്നതാണ്. ബന്ധപ്പെട്ടവർക്ക് സാധിക്കാതെ വന്നാൽ ഇടവകവികാരിക്ക് യോഗ്യതയുള്ളവരെ ജ്ഞാനമാതാപിതാക്കളായി നിയമിക്കാവുന്നതാണ്. ■



**2008 ലെ കേരള വിവാഹ രജിസ്ട്രേഷൻ ചട്ടത്തിനുസൃതമായി ക്രൈസ്തവ വിവാഹങ്ങൾ തദ്ദേശഭരണകൂടങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. എന്നിട്ടും നിലവിലുള്ള ഇന്ത്യൻ ക്രിസ്ത്യൻ മാരേജ് നിയമവും കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാരേജ് നിയമവും മാറ്റി പുതിയ നിയമം കൊണ്ടുവരുന്നതിന്റെ യുക്തി എന്താണ്?**

# ക്രിസ്ത്യൻ വിവാഹങ്ങൾക്ക് പുതിയ നിയമം അനിവാര്യമോ?



**അഡ്വ. ഷെറി ജെ തോമസ്**
കെഎൽസിഎ, സംസ്ഥാന ജനറൽസെക്രട്ടറി

2008 ൽ കേരള വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വന്നതോടുകൂടി കേരളത്തിൽ മതാചാരപ്രകാരം നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും തദ്ദേശ ഭരണകൂടങ്ങളിൽ രജിസ്റ്റർ ചെയ്യണം. ഈയൊരു നിർബന്ധിത നിയമമുള്ളതുകൊണ്ടുതന്നെ തദ്ദേശ ഭരണകൂടങ്ങളിലോ, സർക്കാർ തലത്തിലോ ക്രൈസ്തവ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് നിലവിലെ ക്രൈസ്തവ വിവാഹം സംബന്ധിച്ച നിയമങ്ങൾ പറയുന്നില്ലെങ്കിലും ദേവാലയങ്ങളിൽ വെച്ച് മതാചാരപ്രകാരം നടക്കുന്ന എല്ലാ ക്രൈസ്തവ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെട്ടു പോരുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. കേരളത്തിൽ ക്രൈസ്തവരുടെ വിവാഹം നിലവിൽ മതാചാരപ്രകാരം നടക്കുന്നതിന് പിൻബലം നൽകുന്ന രണ്ടു നിയമങ്ങളാണ് ഇന്ത്യൻ ക്രിസ്ത്യൻ മാരേജ് നിയമവും (1872 ), കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാരേജ് (1920) നിയമവും.

### എന്തിനാണ് 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വന്നത് ?

വിവാഹങ്ങൾ സർക്കാർ തലത്തിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ടത് സ്ത്രീകളുടെയും കുട്ടികളുടെയും അവകാശസംരക്ഷണത്തിന്റെ ഭാഗമായി ഉണ്ടാകേണ്ട ഒരു കാര്യമാണെന്നും ശൈശവ വിവാഹങ്ങൾ, ഇല്ലാതാക്കുന്നതിനും, ഉഭയപക്ഷസമ്മതപ്രകാരമാണ് വിവാഹങ്ങൾ നടക്കുന്നത് എന്ന് ഉറപ്പുവരുത്താനും, വിവാഹസംബന്ധിയായ അവകാശങ്ങൾ കോടതികളിലൂടെ സ്ഥാപിച്ചെടുക്കുന്നതിനുള്ള രേഖകൾ ഉണ്ടാകുന്നതിനും, പിന്തുടർച്ചാവകാശസംബന്ധമായ കാര്യങ്ങൾ നേടിയെടുക്കുന്നതിനും, സർക്കാർ തലത്തിൽ രേഖകൾ ഉണ്ടാകുന്നതിനും, ലക്ഷ്യം വച്ചുകൊണ്ടാണ് ഈ നിയമം രൂപീകൃതമായത്. സീമ വേഴ്സസ് അശ്വനീകുമാർ എന്ന കേസിൽ 2006-ൽ സുപ്രീം കോടതി എല്ലാ സംസ്ഥാന സർക്കാരുകൾക്കും നല്കിയ നിർദ്ദേശത്തെ തുടർന്നാ



**ഏതു വിഭാഗത്തിനെ ബാധിക്കുന്നതിനാണോ നിയമം കൊണ്ടുവരുന്നത്, അവരുടെ അഭിപ്രായങ്ങൾ കൂടുതലായി കേൾക്കുകയും വിശ്വാസത്തിലെടുക്കുകയും ചെയ്തുവേണം പുതിയ നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടത്; പ്രത്യേകിച്ച് വ്യക്തി നിയമങ്ങളെ ബാധിക്കുന്നത്**

ണ് 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വന്നത്.

സ്ത്രീകൾക്കെതിരെയുള്ള എല്ലാത്തരത്തിലുമുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള *ദി കൺവെൻഷൻ ഓൺ ദി എലിമിനേഷൻ ഓഫ് ഓൾ ഫോംസ് ഓഫ് ഡിസ്ക്രിമിനേഷൻ എഗെയിൻസ്റ്റ് വുമൺ* (സി.ഇ.ഡി.എ.ഡബ്ല്യു) എന്ന ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷനിൽ (1979) ഇന്ത്യ 1980 ജൂലൈ മാസം ഒപ്പുവച്ചിരുന്നു. അന്നുമുതൽ തന്നെ വിവാഹം സംബന്ധിച്ച് ഇത്തരത്തിലുള്ള നിർബന്ധിത രജിസ്ട്രേഷൻ ചർച്ചകൾ ഉണ്ടായിരുന്നുവെങ്കിലും വിവിധ മതവിഭാഗങ്ങൾ ഒരുമിച്ചു താമസിക്കുന്ന ഇന്ത്യയെപ്പോലെ ഒരു രാജ്യത്ത് മതാചാരങ്ങൾ പ്രകാരം നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും റജിസ്റ്റർ ചെയ്യുന്നത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്ന് പരാമർശിക്കപ്പെട്ടിരുന്നു. മതാചാര പ്രകാരമുള്ള വിവാഹങ്ങൾക്ക് സർക്കാർ നല്കുന്ന സർട്ടിഫിക്കറ്റുകൾ ലഭ്യമല്ലാത്തതുകൊണ്ട് പല വിദേശരാജ്യങ്ങളിലും അക്കാര്യങ്ങൾ ഹാജരാക്കുന്നതിന് സാങ്കേതികമായ പ്രശ്നങ്ങളുമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് മതാചാരപ്രകാരമുള്ള വിവാഹങ്ങൾ നടക്കവേ തന്നെ, അതിനുശേഷം അത്തരത്തിലുള്ള എല്ലാ വിവാഹങ്ങളും സരക്കാർ തലത്തിലും രജിസ്റ്റർ ചെയ്യേണ്ട സാഹചര്യം ഉണ്ടായത്.

## 2008 ലെ നിയമത്തിൽ ഭേദഗതി

2008-ലെ നിയമത്തിൽ 2015 ഫെബ്രുവരി 16-ന് സംസ്ഥാന സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ജി.ഒ. 2/2015 എന്ന നമ്പറായി ഇറക്കിയ ഉത്തരവിലൂടെ ഭേദഗതി നടപ്പിലാക്കുകയും, അതു പ്രകാരം ഭാരതത്തിൽ നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാരപ്രകാരമോ നടത്തുന്ന വിവാഹങ്ങൾ അല്ലാതെ, വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാക്കുന്ന യാതൊരു ബന്ധവും 2008 ലെ ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല എന്ന നിബന്ധന ഉൾപ്പെടുത്തി. എന്നാൽ, ഈ ഭേദഗതി പല തദ്ദേശഭരണകൂടങ്ങളിലും, വിവാഹത്തിലെ കക്ഷികളുടെ മതം പരിഗണിച്ച രജിസ്ട്രാർമാർ വ്യത്യസ്ത സമീപനം കൈക്കൊള്ളുന്നതായി പരാതി ഉയർന്ന സാഹചര്യത്തിൽ 2021 നവംബർ 23-ന് സർക്കാർ, സർക്കുലർ പുറത്തിറക്കി. സീമ വെഴ്സസ് അശ്വനികുമാർ കേസിൽ പരാമർശിച്ച പ്രകാരം, വിവാഹം രജിസ്റ്റർ ചെയ്തു എന്നതുകൊണ്ടു മാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ല. അതേ സമയം ആ വിവാഹത്തിൽ ജനിക്കുന്ന കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിവാഹിതരാകുന്നവരുടെ പ്രായം മുതലായ കാര്യങ്ങൾക്ക് മുഖ്യ തെളിവായിരിക്കുമെന്നും സൂചിപ്പിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ വിവാഹത്തിലെ കക്ഷികളുടെ മതമേതെന്ന രേഖയോ, മതാചാരപ്രകാരമാണ് വിവാഹം നടന്നതെന്ന രേഖയോ ആവശ്യപ്പെടേണ്ടതില്ല എന്നാണ് പുതിയ സർക്കുലർ. മെമ്മോറാണ്ടത്തോടൊപ്പം കക്ഷികളുടെ ജനന തിയതി തെളിയിക്കുന്നതിനള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനു തെളിവായി മതാധികാരസ്ഥാപനം നൽകുന്ന സാക്ഷ്യപത്രം അല്ലെങ്കിൽ ഗസറ്റഡ് ഉദ്യോഗസ്ഥരുടേയോ, ജനപ്രതിനിധികളുടെയോ, ഫോം (2) രണ്ടിലൂടെ നൽകുന്ന പ്രസ്താവനയും, ഏതെങ്കിലും നിയമപ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും ഉണ്ടെങ്കിൽ ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾ പാലിച്ച് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാമെന്ന് സർക്കുലറിൽ നിഷ്ക്കർഷിച്ചു.

## പുതിയ ബില്ലിന്റെ പ്രത്യേകതകൾ എന്താണ് ?

നിലവിൽ ക്രൈസ്തവ വിവാഹങ്ങൾക്ക് നിയമപരമായി സാംഗത്യം ലഭിക്കുന്നത് ഇന്ത്യൻ ക്രിസ്ത്യൻ നിയമം 1872 / കൊച്ചിൻ ക്രിസ്റ്റ്യൻ സിവിൽ മാര്യേജ് നിയമം 1920 എന്നിവ പ്രകാരമാണ്. ഇത് നിലനിൽക്കേയാണ് 2 നിയമങ്ങളുണ്ട് എന്നതുകൊണ്ടും, അവ ഏകീകരിക്കണം എന്ന ഉദ്ദേശത്തോടുകൂടിയും അതോടൊപ്പം ക്രൈസ്തവ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണം എന്ന് നിലവിലെ നിയമങ്ങൾ പറയുന്നില്ല എന്നതുകൊണ്ടും പുതിയ ഒരു വിവാഹനിയമ രജിസ്ട്രേഷൻ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നത്.

പുതിയ ബിൽ നടപ്പിൽ വരുന്നതോടുകൂടി നിലവിലുള്ള ഇന്ത്യൻ ക്രിസ്ത്യൻ വിവാഹനിയമം 1872-ഉം, കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് നിയമവും ഇല്ലാതാകും. നിലവിലുള്ള നിയമങ്ങളിൽ ക്രിസ്ത്യൻ എന്ന പദം നിർവ്വചിച്ചിരിക്കുന്നത് ക്രിസ്ത്യൻ മതവിശ്വാസം അനുസരിച്ച് ജീവിക്കുന്നവരെയാണ്. പുതിയ ബില്ലിൽ ക്രിസ്ത്യൻ

**വിവാഹം രജിസ്റ്റർ ചെയ്യാൻ ചുമതലപ്പെട്ട ആളുകൾ അക്കാര്യം ചെയ്തില്ലെങ്കിൽ പോലീസിന് നേരിട്ട് കേസെടുക്കാവുന്ന ക്രിമിനൽ കുറ്റമാക്കി എന്നതാണ് പുതിയ നിയമത്തിലെ വ്യവസ്ഥ. മതിയായ കാരണം ഇല്ലാതെ ചുമതലപ്പെട്ടയാളുകൾ ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവ്വഹിച്ചില്ലെങ്കിൽ അത് 3 മാസം വരെ തടവോ, 10000/-(പതിനായിരം) രൂപ പിഴയോ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമായി മാറും എന്നതാണ് വ്യവസ്ഥ.**



എന്നതിന്റെ നിർവ്വചനത്തിന് നല്കിയിരിക്കുന്നത് - ബൈബിളിൽ വിശ്വസിക്കുന്നവരും, യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏക പുത്രനായി സ്വീകരിക്കുന്നവനും, മാമോദീസ മുങ്ങിയവരും എന്നുമാണ് നിർവ്വചിച്ചിരിക്കുന്നത്.

വിവാഹം സംബന്ധിച്ച നോട്ടീസ് സംബന്ധമായ കാര്യങ്ങളിലുമൊക്കെ, പൊതുവെ ലഘൂകരിക്കപ്പെട്ട രീതിയിൽ, നോട്ടീസ് നടപടികൾ കർശനമായി പാലിക്കണമെന്നതിന് നിലവിലെ നിയമത്തെയപേക്ഷിച്ച് വലിയ പ്രാധാന്യമില്ലാത്ത രീതിയിൽ പുതിയ നിയമത്തിൽ വ്യത്യാസങ്ങളുണ്ട്. അതൊക്കെ ചർച്ചകൾക്ക് വിധേയമാക്കേണ്ടതാണ്. എന്നിരിക്കിലും, കാതലായ പ്രശ്നങ്ങൾ വരുന്നത് വിവാഹം രജിസ്റ്റർ ചെയ്യുന്ന സ്ഥലവും, തീയതിയും സംബന്ധിച്ചും, അതിനു വിസമ്മതിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ചുമാണ്. വകുപ്പ് 9 പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യേണ്ട സമയവും, തീയതിയും, വിവാഹിതരാകാൻ ഉദ്ദേശിക്കുന്ന വ്യക്തികളുടെ സൗകര്യത്തിന് അനുസൃതമായിട്ടായിരിക്കണം എന്നതാണ് പുതിയ ബില്ലിൽ പറയുന്നത്. അതോടൊപ്പം വിവാഹങ്ങൾ 2 മാസത്തിനുള്ളിൽ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം എന്നും പറയുന്നു.

## വിവാഹം രജിസ്റ്റർ ചെയ്തു കൊടുത്തില്ലെങ്കിൽ ക്രിമിനൽ കുറ്റം

വിവാഹം രജിസ്റ്റർ ചെയ്യാൻ ചുമതലപ്പെട്ട ആളുകൾ അക്കാര്യം ചെയ്തില്ലെങ്കിൽ പോലീസിന് നേരിട്ട് കേസെടുക്കാവുന്ന ക്രിമിനൽ കുറ്റമാക്കി എന്നതാണ് പുതിയ നിയമത്തിലെ വ്യവസ്ഥ. പുതിയ നിയമത്തിലെ വകുപ്പ് 14 അനുസരിച്ച് അധികാരം ഇല്ലാത്ത ആൾ അന്യായമായി വിവാഹം ചെയ്തു കൊടുത്താൽ 3 വർഷം തടവുശിക്ഷ കിട്ടാവുന്ന കുറ്റമാണ്. നിലവിലുള്ള നിയമങ്ങളിലും അധികാരമില്ലാതെ വിവാഹം ചെയ്തുകൊടുക്കുന്നത് ക്രിമിനൽ കുറ്റം തന്നെ. അതേസമയം വകുപ്പ് 14 (2) ൽ പറയുന്നത് മതിയായ കാരണം ഇല്ലാതെ ചുമതലപ്പെട്ടയാളുകൾ ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവ്വഹിച്ചില്ലെങ്കിൽ അത് 3 മാസം വരെ തടവോ, 10000/-(പതിനായിരം) രൂപ പിഴയോ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമായി മാറും എന്നതാണ് വ്യവസ്ഥ. പോലീസിനു നേരിട്ടു കേസെടുക്കാവുന്ന കോഗ്നൈസബിൾ കുറ്റമാണ് എന്നും പറയുന്നു. ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു വകുപ്പ് വിവാഹരജിസ്ട്രേഷൻ സംബന്ധിച്ച് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

മതിയായ അന്വേഷണം നടത്തേണ്ട സാഹചര്യം കൊണ്ട് വിവാഹത്തിന് കാലതാമസം വരികയോ, വിവാഹിതരാകാൻ ഉദ്ദേശിക്കുന്ന ആളുകൾ നിർദ്ദേശിക്കുന്ന സ്ഥലമോ, സമയവും ചേരാതെ വരികയോ മറ്റു കാരണങ്ങൾ കൊണ്ടോ, കാലതാമസം ഉണ്ടായാലും, വിവാഹം നടത്തിക്കൊടുക്കുന്നതിന് അലംഭാവം വരുത്തിയെന്ന കേസും ചുമതലക്കാരായിട്ടുള്ള മാര്യേജ് ഓഫീസർമാരുടെ പരിധിയിൽ വരുന്ന വൈദികരുടെ മേൽ ആരോപിക്കപ്പെടാം. പുതിയ ക്രിസ്ത്യൻ വിവാഹ രജിസ്ട്രേഷൻ ബില്ലിലല്ലാതെ രാജ്യത്തെവിടെയെങ്കിലും ഇത്തരത്തിൽ, വിവാഹം നടത്തിക്കൊടുത്തില്ലെങ്കിൽ കാർമ്മികർക്കെതിരെ പോലീസിന് നേരിട്ട് അറസ്റ്റ് ചെയ്യാവുന്ന കേസെടുക്കുന്ന തരത്തിൽ നിയമമുണ്ടെന്ന് കേൾവിയില്ല, കൂടുതലായി അന്വേഷിക്കേണ്ടിയിരിക്കുന്നു. ഏതു വിഭാഗത്തിനെ ബാധിക്കുന്നതിനാണോ നിയമം കൊണ്ടുവരുന്നത്, അവരുടെ അഭിപ്രായങ്ങൾ കൂടുതലായി കേൾക്കുകയും വിശ്വാസത്തിലെടുക്കുകയും ചെയ്തുവേണം പുതിയ നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടത്; പ്രത്യേകിച്ച് വ്യക്തിനിയമങ്ങളെ ബാധിക്കുന്നത് ! ■



**യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാംഅധ്യായത്തിൽ യേശുവിന്റെ നേതൃത്വത്തെക്കുറിച്ച് സുവിശേഷകൻ നൽകുന്ന വിശേഷണങ്ങളെ ആധാരമാക്കി നടത്തിയ ഗവേഷക പ്രബന്ധത്തിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ ലേഖനം. ഉത്ഥിതനായ യേശു തന്റെ സാന്നിധ്യത്തിലൂടെയും വാക്കിലൂടെയും പ്രവർത്തിയിലൂടെയും ശിഷ്യന്മാരെ തന്നോടൊപ്പം ചേർത്തു നിർത്തുകയും തന്റെ മാതൃകയിലൂടെ അവരെ അജപാലനനേതൃത്വം ഭരമേൽപ്പിക്കുകയും ചെയ്യുന്ന യേശുവിന്റെ നേതൃത്വത്തെക്കുറിച്ചാണ് ലേഖകൻ ഇവിടെ പ്രതിപാദിക്കുന്നത്.**

# യോഹന്നാൻ സുവിശേഷത്തിലെ ക്രിസ്തുവെന്ന 'ലീഡർ'



**റവ. ഡോ. മരിയമൈക്കൽ ഫെലിക്സ്**
അധ്യാപകൻ, സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, ആലുവ

പ്രമുഖ മാനേജ്മെന്റ് വിദഗ്ധൻ പീറ്റർ ഡ്രക്കർ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'സംഘടനകളിൽ സ്വാഭാവികമായി സംഭവിക്കുന്നത് മൂന്ന്കാര്യങ്ങൾ മാത്രമാണ്: സംഘർഷം, ആശയക്കുഴപ്പം, പ്രവർത്തനക്ഷമതക്കുറവ്. മറ്റെല്ലാറ്റിനും നേതൃത്വം ആവശ്യമാണ്.' പീറ്റർ ഡ്രക്കറിന്റെ ഈവാക്കുകൾ നേതൃത്വത്തിന്റെ പ്രാധാന്യത്തെ സ്പഷ്ടമാക്കുന്നുണ്ട്. നേതൃത്വം സമൂഹത്തിന്റെ എല്ലാമേഖലയിലും ചർച്ചചെയ്യപ്പെടുന്ന ഒരുവിഷയമാണ്. അതിന് പ്രധാന കാരണം ജനം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണവുംപരിഹാര



വും നേതൃത്വമാണെന്ന പൊതു ചിന്തയാണ്. ഈആശയമാണ് പലരെയും നേതൃത്വത്തിൽ ഗവേഷണം ചെയ്യാൻ പ്രേരിപ്പിക്കുന്നത്. ഇന്ന് പലനേതാക്കളും അവരുടെ അധികാരം ഉപയോഗിച്ച് ജനത്തെചൂഷണം ചെയ്യുന്നതുകൊണ്ടാണ് ധാർമികതയിലുംമൂല്യത്തിലും ആദ്ധ്യാത്മികതയിലും അടിസ്ഥാനമായ ഒരുനേതൃത്വ ശൈലിയുടെ പ്രസക്തി വർദ്ധിച്ചുവരുന്നത്.

## പുരാതനനേതൃത്വ സങ്കൽപം

പുരാതനകാലഘട്ടത്തിൽ ‘നയിക്കുക‘(leading) എന്നുവച്ചാൽ ‘ഭരിക്കുക‘(ruling) എന്നാണ് മനസ്സിലാക്കിയിരുന്നത്. അതുകൊണ്ടാണ് രാജാക്കന്മാരും പ്രഭുക്കന്മാരും അവരുടെ അധികാരവും ബലവും ഉപയോഗിച്ച് ജനത്തെ ഭരിച്ചിരുന്നത്. ഈ കാലഘട്ടങ്ങളിൽ നേതൃത്വംസാധാരണക്കാർക്ക് ഉള്ളതല്ല മറിച്ച് സമൂഹത്തിലെചുരുക്കം ചിലവ്യക്തികൾക്ക് മാത്രം അതും പ്രഭുകുടുംബത്തിൽപെട്ടവർക്കും സമ്പന്നർക്കും മാത്രം അവകാശപ്പെട്ടതാണ്. ഇതാണ്പുരാതനകാലഘട്ടത്തിൽനേതൃത്വത്തിന്റെനിയമസാധ്യത. അതുപോലെ ഈ കാലഘട്ടത്തിൽ നേതാക്കളും അനുയായികളും തമ്മിലുള്ളബന്ധം എപ്പോഴും ശ്രേണിപരമായ (hierarchical) ബന്ധമായിരുന്നു. വേറെവാക്കുകളിൽ പറഞ്ഞാൽനേതാക്കളും അനുയായികളും തുല്യരല്ല. നേതാവാണ് അസാധാരണകഴിവും ബുദ്ധിയും ശക്തിയും സ്വന്തമാക്കിയ വ്യക്തി. അനുയായികളാണെങ്കിൽ അവരുടെലക്ഷ്യത്തിനും ദിശാബോധത്തിനും മാർഗദർശനത്തിനും നേതാവിനെയാണ് ആശ്രയിക്കുന്നത്. നേതാവിന്റെ കാര്യക്ഷമത (efficacy of leadership) പ്രദർശിപ്പിക്കേണ്ടത് തന്റെ അനുയായികളെ അനുസരിപ്പിക്കുന്നതിലും അവരെ ശുശ്രൂഷകർ ആക്കുന്നതിലുമാണ്. ഈപശ്ചാത്തലത്തിലാണ് യേശുവിന്റെ നേതൃത്വത്തെക്കുറിച്ച് ചിന്തിക്കുകയും വിശകലനം ചെയ്യുകയും ചെയ്യേണ്ടത്.

## യേശുവിന്റെ നേതൃത്വം യോഹന്നാന്റെ ഇരുപത്തിയൊന്നാം അധ്യായത്തിൽ

യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അധ്യായത്തിൽ യേശു ഗലീലിതടാകത്തിൽ പ്രവർത്തിച്ച അത്ഭുതകരമായ മീൻപിടിത്തവും പത്രോസിനോട് ഉത്ഥിതനായ യേശു നടത്തിയ വ്യക്തിപരമായ സംഭാഷണവും പ്രബോധനവും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ നേതൃത്വത്തെകുറിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ ഈഅധ്യായത്തെ മൂന്നു ഭാഗമായി തിരിക്കാം. ഇരുപത്തിയൊന്നാം അധ്യായം 15മുതൽ 17വരെയുള്ള വാക്യങ്ങൾ (യേശുപത്രോസിനോട് ആവശ്യപ്പെടുന്നതാണ്.) 1മുതൽ14വരെയും 18മുതൽ23വരെയുമുള്ള (യേശു പ്രവർത്തികളിലൂടെയും പ്രബോധനങ്ങളിലൂടെയും ശിഷ്യന്മാരെ പഠിപ്പിക്കുന്നതാണ്) ഭാഗങ്ങൾ.

## യേശുവിന്റെനേതൃത്വം പ്രവർത്തനങ്ങളിലൂടെ (21:1-12)

യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അധ്യായം ഒന്നുമുതൽ പതിനാല് വരെയുള്ള വാക്യങ്ങളിൽ ശിഷ്യന്മാർ യേശുവിന്റെ സഹായത്തോടെ തിബേരിയാസ് കടൽത്തീരത്തു വച്ച് വിജയകരമായി മത്സ്യബന്ധനം നടത്തിയതാണ് സുവിശേഷകൻ വിവരിക്കുന്നത്. ഈ വിഭാഗത്തിൽ യേശു ചില പ്രവർത്തനങ്ങളും നാല് പ്രസ്താവനകളും നടത്തുന്നുണ്ട്.

21:4 ഉഷസ്സായപ്പോൾയേശുകടൽക്കരയിൽവന്നുനിന്നു, 21:5 കുഞ്ഞുങ്ങളെ നിങ്ങളുടെ അടുക്കൽ മീൻവല്ലതുമുണ്ടോ?, 21:6വള്ളത്തിന്റെ വലതുവശത്ത് വലയിടുക. അപ്പോൾ നിങ്ങൾക്ക് കിട്ടും, 21:10 നിങ്ങൾഇപ്പോൾ പിടിച്ചമത്സ്യത്തിൽകുറേകൊണ്ടുവരുവിൻ, 21:12 വന്ന് പ്രാതൽകഴിക്കുവിൻ, 21:13 യേശുവന്ന്അപ്പമെടുത്ത്അവർക്ക്കൊടുത്തു; അതുപോലെതന്നെ

**പത്രോസുമായി യേശു നടത്തിയ വ്യക്തിപരമായസംഭാഷണത്തിലൂടെ നേതൃത്വത്തിന്റെ രണ്ട് സുപ്രധാനപാഠങ്ങളാണ് യേശു പഠിപ്പിക്കുന്നത്. യേശു തന്റെകുഞ്ഞാടുകളെ ഭരമേൽപ്പിക്കുന്നതിനു മുമ്പ് തന്നോടുള്ള സ്നേഹം ആരായുന്നു. കാരണം യേശുവിനോടുള്ള സ്നേഹമാണ് നേതൃത്വം ഏറ്റെടുക്കാനുള്ളയോഗ്യത. യേശുവിന്റെ കാലഘട്ടത്തിൽ നേതൃത്വംഏറ്റെടുക്കാനുള്ള യോഗ്യത പ്രഭുകുടുംബത്തിലോ സമ്പന്ന കുടുംബത്തിലോ ഉള്ളവർക്കാണെങ്കിൽ, യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത് സ്നേഹമാണ് നേതൃത്വം ഏറ്റെടുക്കാനുള്ള പരമപ്രധാനമായ യോഗ്യതയും അടിസ്ഥാനവുമെന്നാണ്.**

മത്സ്യവും.

ഇരുപത്തിയൊന്നാം അധ്യായത്തിൽ സുവിശേഷകൻകടൽത്തീരത്തുനിൽക്കുന്ന യേശുവിനെയാണ് അവതരിപ്പിക്കുന്നത്(21:4). ഇതാണ് യേശുവിന്റെ ആദ്യത്തെപ്രവർത്തനം. യേശു തിബേരിയാസ് കടൽത്തീരത്ത് നിന്നത് ആരുടെയെങ്കിലും ആവശ്യപ്രകാരമോഅല്ലെങ്കിൽ നിർബന്ധത്തിനു വഴങ്ങിയോ അല്ല. മറിച്ച് അവന്റെ ഇഷ്ടപ്രകാരമാണ്. ശിഷ്യന്മാർ മീൻ ഒന്നും ലഭിക്കാതെ നിരാശരായി കരയിലേക്ക് അടുക്കുമ്പോൾ യേശു തന്റെ ദൈവീക ജ്ഞാനത്തിന്റെ വെളിച്ചത്തിൽ തിബേരിയാസ് കടൽത്തീരത്ത് വന്നുനിന്നു. അവിടെ നിൽക്കുമ്പോൾ അവന്റെ നോട്ടം മറ്റൊന്നിലും അല്ല. കടലിൽ ഉണ്ടായിരുന്ന ശിഷ്യന്മാരിൽമാത്രമാണ്.യഥാർത്ഥ സ്നേഹിതൻ പ്രശ്നങ്ങളിലുംതകർച്ചകളിലും കൂടെ നിൽക്കുന്നവനാണ്. മറിച്ച് ഉപേക്ഷിച്ചു പോകുന്നവനല്ല. ശിഷ്യന്മാർക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള സമയത്ത് യേശു അവരോടൊപ്പംഉണ്ട്. ഇത്പഠിപ്പിക്കുന്നപ്രധാനപ്പെട്ടനേതൃത്വപാഠം എന്നത് നേതാവ് അനുയായികളുടെപ്രശ്നങ്ങളിലുംതകർച്ചകളിലും കൂടെ നിൽക്കുന്നവനാകണം എന്നാണ്.

മത്സ്യംഒന്നും ലഭിക്കാതെ തിരികെ വരുന്നവരോട് യേശു ഒരു ചോദ്യം ഉന്നയിക്കുന്നുണ്ട്. "കുഞ്ഞുങ്ങളെ നിങ്ങളുടെ അടുക്കൽ മീൻവല്ലതും ഉണ്ടോ?" ഈചോദ്യത്തെ ഗ്രീക്കിൽനിന്ന് അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്താൽ ഇങ്ങനെ ചോദിക്കാം: 'നിങ്ങളുടെപക്കൽ മീൻ ഒന്നുമില്ലേ? 'യേശു തന്റെ ചോദ്യത്തിലൂടെ ശിഷ്യന്മാരുടെ ശിഷ്യന്മാരുടെ പ്രശ്നം എന്താണെന്ന് മനസ്സിലാക്കുന്നു. ഇവപഠിപ്പിക്കുന്ന മറ്റൊരു നേതൃത്വപാഠം എന്നത് നേതാവ് അനുയായികളുടെകാര്യങ്ങളിൽ തല്പരനാവുകയും അവരുടെ പ്രശ്നമെന്തെന്ന് അറിയുകയും ചെയ്യണം. ശിഷ്യരുടെ പ്രശ്നം മനസ്സിലാക്കിയതിനുശേഷം അത്പരിഹരിക്കുവാൻയേശു അവരെ പ്രചോദിപ്പിക്കുന്നു. അതായത് കടൽ തീരത്ത് നിൽക്കുന്ന യേശു രാത്രി മുഴുവൻ മത്സ്യബന്ധനം ചെയ്തു ഒന്നും ലഭിക്കാതെകരയിലേക്കു മടങ്ങിവരുന്ന ശിഷ്യന്മോട് ഒരിക്കൽകൂടി വള്ളത്തിന്റെ വലതുവശത്ത് വല ഇറക്കാൻആവശ്യപ്പെടുന്നു (21:6). അത് രാത്രിയിലല്ല, മറിച്ച് പ്രഭാതത്തിൽ, ആഴക്കടലിൽഅല്ല, ആഴം കുറഞ്ഞ കടലിലാണ്. വല ഇറക്കുവാൻയേശു പ്രചോദിപ്പിച്ചത്. യേശുവിന്റെ പ്രചോദനം അനുസരിച്ച് വലയിറക്കിയ ശിഷ്യന്മാർക്ക് ലഭിച്ചത് വല നിറയെ മത്സ്യമാണ്. ഈവെല്ലുവിളി നമ്മെ പഠിപ്പിക്കുന്നത് നേതൃത്വം എന്നത് ആജ്ഞയോ നിയന്ത്രണമോഅല്ല. കൂടാതെ പ്രചോദനത്തിന്റെ പ്രക്രിയയാണ് നേതൃത്വം എന്നാണ്. (the process of inspiration).

അത്ഭുതകരമായ മീൻ പിടുത്തത്തിന് ശേഷം കരയിൽ എത്തിച്ചേർന്ന ശിഷ്യന്മാരോട് അവർക്ക് ലഭിച്ചമത്സ്യത്തിൽ നിന്ന് കുറച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെടുന്നു (21:10). വേണമെങ്കിൽ യേശുവിന് ചോദിക്കാം. എന്നിലൂടെ നിങ്ങൾക്ക് ലഭിച്ച എല്ലാം മത്സ്യവും കൊണ്ടുവരിക. എന്നാൽ വിജയകരമായ മത്സ്യബന്ധനത്തിന്റെ കടപ്പാടും സന്തോഷവും ശിഷ്യൻമാർക്ക് നൽകിക്കൊണ്ടാണ് യേശു അവരെ തന്നോടൊപ്പം സഹകാരികൾ ആകാനായാണ് വിളിക്കുന്നത്. അതായത് നേതൃത്വം എന്നത് ഒരു വ്യക്തിയുടെ മാത്രം ഉദ്യമമല്ല മറിച്ച് ഒരുകൂട്ടായ സഹകരണസംരംഭമാണ്. യേശുശിഷ്യന്മാരെ പ്രാതൽ കഴിക്കാൻ ക്ഷണിക്കുകയാണ് (21:12). തന്നോടൊപ്പം പ്രാതൽ കഴിക്കാൻ ക്ഷണിക്കുന്നതിലൂടെ യേശു തന്റെ ശിഷ്യന്മാരെസ്നേഹിതരായിട്ടാണ് അല്ലാതെ സേവകരായിട്ടല്ല കരുതുന്നത്. ഇത് നേതാവും അനുയായികളും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ക്ഷണിക്കപ്പെട്ട ശിഷ്യന്മാർക്ക് യേശു അപ്പവും മത്സ്യവും എടുത്ത്കൊടുത്തുകൊണ്ട് തന്റെ സേവനത്തിന്റെ മാതൃക അവരെപഠിപ്പിക്കുകയാണ്. യഥാർത്ഥനേതാവ് അനുയായികളെ ശുശ്രൂഷിക്കുന്നതിൽ എപ്പോഴും മുൻപന്തിയിലായിരിക്കണം. ഇരുപത്തിയൊന്നാം അധ്യായം ഒന്നുമുതൽപതിനാല് വരെയുള്ള വാക്യങ്ങളിൽ ഒരു നേതാവ് എങ്ങനെപ്രവർത്തിക്കണമെന്ന് യേശു തന്റെ ഇടപെടലിലൂടെ നമ്മെ പഠിപ്പിക്കുന്നു.

## യേശുവിന്റെപ്രബോധനം സംഭാഷണത്തിലൂടെ (21:1517)

യോഹന്നാൻ സുവിശേഷത്തിലെ ഹൃദയസ്പർശിയായ ഒരു സംഭവമാണ് യേശുവും പത്രോസും തമ്മിലുള്ള സംഭാഷണം. യേശുതയ്യാറാക്കിയ പ്രാതൽകഴിച്ചതിനുശേഷം യേശു പത്രോസിനോട് മൂന്നുപ്രാവശ്യം വ്യക്തിപരമായി ചോദിക്കുന്നു: നീ (ഇവരെക്കാൾഅധികമായി) എന്നെ സ്നേഹിക്കുന്നുവോ? മൂന്നുപ്രാവശ്യവും 'കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ' എന്ന് പത്രോസ് ഉത്തരം നൽകുന്നു. ഉത്തരത്തിന് പ്രത്യുത്തരമായി 'എന്റെ ആടുകളെ മേയ്ക്കുക' 'എന്റെ കുഞ്ഞാടുകളെ മേയ്ക്കുക' എന്ന്പറഞ്ഞുകൊണ്ട് പത്രോസിന് തന്റെ ആടുകളെ ഭരമേൽപ്പിക്കുന്നു. ആവർത്തിക്കുന്ന ഈ ചോദ്യങ്ങളിലൂടെയും കൽപ്പനകളിലൂടെയും യേശുപ്രതീകാത്മകമായി തന്റെ നേതൃത്വമാണ് പത്രോസിന്കൈമാറുന്നത്.

പത്രോസുമായി യേശു നടത്തിയ വ്യക്തിപരമായസംഭാഷണത്തിലൂടെ നേതൃത്വത്തിന്റെ രണ്ട് സുപ്രധാനപാഠങ്ങളാണ് യേശു പഠിപ്പിക്കുന്നത്. യേശുതന്റെകുഞ്ഞാടുകളെ ഭരമേൽപ്പിക്കുന്നതി

നു മുമ്പ് തന്നോടുള്ള സ്നേഹം ആരായുന്നു. കാരണംയേശുവിനോടുള്ള സ്നേഹമാണ് നേതൃത്വം ഏറ്റെടുക്കാനുള്ളയോഗ്യത. യേശുവിന്റെകാലഘട്ടത്തിൽ നേതൃത്വംഏറ്റെടുക്കാനുള്ള യോഗ്യത പ്രഭുകുടുംബത്തിലോ സമ്പന്ന കുടുംബത്തിലോ ഉള്ളവർക്കാണെങ്കിൽ യേശുതന്റെ ശിഷ്യന്മാരെപഠിപ്പിക്കുന്നത് സ്നേഹമാണ് നേതൃത്വം ഏറ്റെടുക്കാനുള്ള പരമപ്രധാനമായ യോഗ്യതയും അടിസ്ഥാനവുമെന്നാണ്. പത്രോസ് ഉവ്വ് എന്ന്ഉത്തരം നൽകിയതിനുശേഷം യേശുപത്രോസിനെ തന്റെ നിയോഗം ഭരമേൽപിക്കുന്നു. അതായത് ആടുകളെ മേയ്ക്കുക. പഴയനിയമത്തിൽ ആടുകളെ മേയ്ക്കുക എന്നുവച്ചാൽ അജപാലന ശുശ്രൂഷയാണ് സൂചിപ്പിക്കുന്നത്. യേശുതന്റെ പിതാവിന്റെ പക്കൽ പോകുന്നതിനുമുമ്പ് തന്റെ നേതൃത്വത്തെ പത്രോസിൽ ഭരമേൽപ്പിക്കുന്നു. നല്ല നേതാക്കളെകണ്ടെത്തുക എന്നത്ഒരുനല്ല നേതാവിന്റെപരമപ്രധാനമായലക്ഷ്യമാണ്. യേശുവിന്റെ കാലഘട്ടത്തിൽ നേതാക്കൾ ലക്ഷ്യമായി കരുതിയിരുന്നത് അനുയായികളെ അനുസരിപ്പിക്കുന്നതിലും അവരെക്കൊണ്ട് ശുശ്രൂഷ ചെയ്യിപ്പിക്കുന്നതിലുമാണ്. എന്നാൽ യേശുതന്റെ സംഭാഷണത്തിലൂടെപഠിപ്പിക്കുന്നത് ഒരുനേതാവിന്റെ യഥാർത്ഥകാര്യക്ഷമത ഒരുനല്ല നേതാവിനെ വാർത്തെടുക്കുന്നതിലുംസൃഷ്ടിക്കുന്നതിലുമാണ്.



## യേശുവിന്റെനേതൃത്വം പ്രബോധനത്തിലൂടെ (21:18–23)

യേശു തന്റെ അജപാലന പ്രവർത്തനം പത്രോസിനെ ഏൽപ്പിച്ചതിനു ശേഷം പത്രോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് പ്രവചിക്കുന്നു (21:18 19). അതായത് പത്രോസ് തനിക്ക് ഏൽപ്പിക്കപ്പെട്ട ജനത്തെ തന്റെജീവൻപോലും ബലിയായി നൽകി സംരക്ഷിക്കുകയും വഴിനടത്തുകയും ചെയ്യണം. നേതാക്കൾ അവരുടെ സ്വാർത്ഥ താൽപര്യത്തിനും ലാഭത്തിനും വേണ്ടി തന്റെ അനുയായികളെ ഉപയോഗിക്കുമ്പോൾ യേശുതന്റെ പ്രബോധനത്തിലൂടെ പഠിപ്പിക്കുന്നത് ഒരുയഥാർത്ഥ നേതാവ് അനുയായികളുടെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടി ജീവൻ പോലും ത്യജിക്കാൻസന്നദ്ധരാകണമെന്നാണ്. യേശു പത്രോസിന്റെ മരണത്തെക്കുറിച്ച് പ്രവചിച്ചതിന് ശേഷം ആദ്യമായിട്ടാണ് തന്നെ അനുഗമിക്കുവാൻ പത്രോസിനോട് ആവശ്യപ്പെടുന്നത്. സമാന്തര സുവിശേഷങ്ങളിൽ യേശുശിഷ്യന്മാരെ കണ്ടുമുട്ടുമ്പോൾ തന്നെ അനുഗമിക്കുവാൻആവശ്യപ്പെടുന്നതായി കാണാം. എന്നാൽ യോഹന്നാൻ സുവിശേഷത്തിൽ മാത്രമാണ് പത്രോസിനോട് യേശു നേതൃത്വ ദൗത്യം ഭരമേൽപിച്ചശേഷം അനുഗമിക്കുവാൻ ആവശ്യപ്പെടുന്നത്. ഇതിലൂടെ യേശു ലക്ഷ്യം വയ്ക്കുന്നത് നേതാവ് എപ്പോഴും അനുയായിയായിരിക്കണമെന്നാണ്. മൂന്നാമതായി യേശുവിന്റെ പ്രിയ ശിഷ്യൻ അവരുടെ പിന്നാലെവരുന്നത് കണ്ടുപത്രോസ് അവന്റെ ഭാവിയെക്കുറിച്ച് യേശുവിനോട് അന്വേഷിക്കുന്നു.അതായത്അവനുംതന്നെപ്പോലെ രക്തസാക്ഷി ആകുമോ? അതിനുമറുപടിയായി യേശുപത്രോസിനെ ഓർമിപ്പിക്കുന്നത് ഒരുനേതാവ് എന്നനിലയിൽ വ്യത്യസ്തതയെ പ്രോത്സാഹിപ്പിക്കുകയുംഅംഗീകരിക്കുകയും ചെയ്യണം എന്നാണ്.

എല്ലാറ്റിനുമുപരിയായി യേശു തന്റെ ഇടപെടലിലൂടെയും (21:1–14) വ്യക്തി സംഭാഷണങ്ങളിലൂടെയും (21:15–17) പ്രബോധനങ്ങളിലൂടെയും (21:18–23) ശിഷ്യന്മാരെയും പത്രോസിനെയും പഠിപ്പിക്കുന്നത് നേതൃത്വത്തിനോടുള്ള ഒരു ബദൽ സമീപനമാണ്. അതായത് അനുയായികളുമായിട്ടുള്ള ബന്ധമാണ് നേതൃത്വത്തിന്റെ അടിസ്ഥാന അനുമാനം. നിയന്ത്രിക്കുന്നതല്ല മറിച്ച് പ്രചോദിപ്പിക്കുന്നതാണ് നേതൃത്വം; അനുയായികളെ സേവകരായിട്ടല്ല സ്നേഹിതരായി പരിഗണിക്കണം. നേതാവ് ശുശ്രൂഷിക്കുന്നതിൽ എപ്പോഴും മുൻപന്തിയിലായിരിക്കണം. വ്യക്തിലാഭത്തേക്കാൾ മറ്റുള്ളവരുടെനന്മയ്ക്ക് മുൻതൂക്കംനൽകണം. ഒടുവിൽ, നേതാവ് എപ്പോഴും ഒരു അനുയായിയായിരിക്കണം. ■



**കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ മലയാളിത്തിന്റെ പ്രിയ എഴുത്തുകാരനും തിരുവനന്തപുരം സ്വദേശിയും ജീവനും വെളിച്ചവും മാസികയുടെ അഭ്യുദയകാംക്ഷിയും സുഹൃത്തുമായ ഡോ. ജോർജ്ജ് ഓണക്കൂർ സാറിന്റെ എഴുത്തു ജീവിതം**

# ജോർജ് ഓണക്കൂർ: നക്ഷത്രത്തെ കിനാവുകണ്ട എഴുത്തുകാരൻ




**ഡോ. സീന ഫെലിക്സ്**
റിട്ട. അധ്യാപിക,
ജീവനും വെളിച്ചവും
പത്രാധിപസമിതി അംഗം

നോവൽ, ചെറുകഥ, തിരക്കഥ, ജീവചരിത്രം, നിരൂപണം, യാത്രാവിവരണം, അവതാരിക ഇങ്ങനെ എഴുത്തു ലോകത്തിന്റെ നിരവധി മേഖലകളിൽ വ്യക്തിമുദ്ര ചാർത്തിയ മഹനീയ വ്യക്തിത്ത്വത്തിനുടമയാണ് ജോർജ്ജ് ഓണക്കൂർ എന്ന എഴുത്തുകാരൻ. ഈ വർഷത്തെ കേന്ദ്ര-സഹിത്യ അക്കാദമി അവാർഡ് അദ്ദേഹത്തിന്റെ ആത്മകഥയായ ഹൃദയരാഗങ്ങൾക്ക് ലഭിച്ചപ്പോൾ മലയാളികൾക്കെല്ലാം അഭിമാന നിമിഷമായി അത് മാറി. എഴുത്തിനെ സ്നേഹിച്ചതിനുള്ള പ്രതിഫലമാണ് ഈ അവാർഡ്. തന്റെ ജീവിതയാത്രയിലെ തീക്ഷ്ണമായ അനുഭവങ്ങളുടെ ആവിഷ്കാരമാണ് ഈ ആത്മകഥ. ഒരു കാലഘട്ടത്തിന്റെയും വ്യക്തിബന്ധങ്ങളുടെയും അടയാളപ്പെടുത്തൽ ഹൃദയരാഗങ്ങളിൽ നമുക്ക് വായിച്ചെടുക്കാം. മാനവികതയ്ക്ക് സംഭവിച്ച മാറ്റത്തെ അടയാളപ്പെടുത്തുകയാണ് ഈ പുസ്തകത്തിൽ.

ഒരുപക്ഷെ ആദ്യത്തെ ശ്രദ്ധേയമായ ക്യാമ്പസ് സിനിമ എന്നുപറയാവുന്ന 'ഉൾക്കടൽ' എന്ന സിനിമയിലൂടെയായിരിക്കും ഭൂരിപക്ഷം മലയാളികളും ജോർജ്ജ് ഓണക്കൂർ എന്ന വ്യക്തിത്വത്തെ ഓർമ്മിക്കുന്നത്. വളരെയധികം ശ്രദ്ധിക്കപ്പെട്ട സിനിമയായിരുന്നു ഉൾക്കടൽ. ഈ സിനിമയിലെ രാഹുൽ എന്ന കഥാപാത്രത്തിൽ അദ്ദേഹത്തിന്റെ ആത്മാംശം ധാരാളമുണ്ട് എന്ന് നോവലിസ്റ്റ് തന്നെ പറഞ്ഞുവയ്ക്കുന്നു. പ്രണയത്തെ വൈയക്തികമായ ഒരനുഭവമാക്കി മാറ്റിയ എഴുത്തുകാരനാണ് അദ്ദേഹം. കഥാകാരന്റെ വാക്കുകളിൽ 'പ്രണയം ഒരു ഭാരമല്ല, പ്രണയം മനസ്സിനെ ലോലമാക്കും, ഹൃദയത്തെ ആർദ്രമാക്കും. ദുഃഖവും സന്തോ

**ഒരു നക്ഷത്രം എപ്പോഴും ജീവിതത്തിൽ വഴികാട്ടി യായി തന്നോടൊപ്പം ഉണ്ട് എന്ന ദർശനം അദ്ദേഹത്തിന്റെ കൃതികളിലുടനീളം നമുക്ക് കാണാൻ കഴിയും.**




ഷവും ഒറ്റപ്പെടലും നിരാശയുമെല്ലാം പ്രണയം പങ്കുവയ്ക്കും. പ്രണയത്തെ ലൈംഗികതമാത്രമായി മുദ്രകുത്തി നശിപ്പിക്കരുത്. പ്രണയം സാന്ത്വനമാണ്, സ്നേഹമാണ്, പങ്കിടലാണ്. അതുകൊണ്ടാണ് എന്റെ ആത്മകഥയ്ക്ക് ഞാൻ ഹൃദയരാഗങ്ങൾ എന്നുപേരിട്ടത്. പ്രണയത്തിന്റെ വിവിധ ഭാവങ്ങളിലൂടെ അദ്ദേഹത്തിന്റെ നോവലിലെ കഥാപാത്രങ്ങൾ കടന്നുപോകുന്നതും അതുകൊണ്ടാണ്.

അന്നുവരെ കണ്ടിരുന്ന സിനിമകളിൽ നിന്നും വ്യത്യസ്തയുള്ള ഒരു പ്രണയകഥയാണ് ഉൾക്കടലിൽ നാം കണ്ടത്. നോവലിനെ ആസ്പദമാക്കി കെ. ജി. ജോർജിന്റെ സംവിധാനം ചെയ്ത ആ സിനിമ മലയാളികൾ കൗതുകത്തോടെ നോക്കിക്കണ്ടു. തന്റെ ജീവിതാനുഭവങ്ങളുടെ, അന്തർമുഖത്വത്തിന്റെ തീക്ഷ്ണമായ ആവിഷ്കാരങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

വേദപുസ്തകങ്ങളുടെ അന്തരീക്ഷത്തിൽ വളർന്നുവന്നപ്പോൾ ബൈബിളിലെ സങ്കീർത്തനം, സുഭാഷിതങ്ങൾ, ഉത്തമഗീതങ്ങളൊക്കെ വളരെ സ്പർശിക്കുകയും അതൊക്കെ എഴുത്തിന് പ്രചോദനമായിട്ടുണ്ടെന്നും അദ്ദേഹം വിലയിരുത്തുന്നു.

കുട്ടികളുടെ സമ്പൂർണ്ണ ബൈബിൾ സ്വന്തം ഭാഷയിൽ കുട്ടികൾക്ക് മനസ്സിലാക്കാവുന്ന രീതിയിൽ പുതിയ തലമുറയ്ക്ക് അദ്ദേഹം പരിചയപ്പെടുത്തിക്കൊടുത്തു. കൗമുദിയിൽ ബാലപംക്തിയിൽ തുടങ്ങിയ സാഹിത്യ സപര്യ ഹൃദയരാഗങ്ങളിൽ എത്തിനിൽക്കുമ്പോൾ മലയാള സാഹിത്യരംഗത്ത് ഒരു നക്ഷത്രവെളിച്ചം കൂടി നാം കണ്ടെത്തുന്നു. ഒരു നക്ഷത്രം എപ്പോഴും ജീവിതത്തിൽ വഴികാട്ടിയായി തന്നോടൊപ്പം ഉണ്ട് എന്ന ദർശനം അദ്ദേഹത്തിന്റെ കൃതികളിലുടനീളം നമുക്ക് കാണാൻ കഴിയും. അകലെ ആകാശം, ഇല്ലം, ഉൾക്കടൽ, കൽത്താമര, കാമന, ഹൃദയത്തിൽ ഒരു വാൾ, പ്രണയ താഴ്‌വരയിലെ ദേവദാരു, ഉഴവുചാലുകൾ, പർവതങ്ങളിലെ കാറ്റ് തുടങ്ങി 16 നോവലുകളും ഇരുന്നൂറിലധികം കഥകളും സഞ്ചാര സാഹിത്യവും ജീവചരിത്രവും തിരക്കഥയും അവതാരികയും ഒക്കെയായി ഇന്നും അദ്ദേഹത്തിന്റെ തൂലിക ചലിച്ചുകൊണ്ടിരിക്കുന്നു. നല്ലൊരു പ്രഭാഷകൻ കൂടിയാണദ്ദേഹം. കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക സദസ്സുകളിലെ ഒരു നിറസാന്നിധ്യം കൂടിയാണ് ഈ നോവലിസ്റ്റ്.

ഒരു സഞ്ചാരസാഹിത്യകാരൻ കൂടിയായ ജോർജ് ഓണക്കൂർ സന്ദർശിക്കാത്ത രാജ്യങ്ങൾ വളരെ കുറവാണ്. വെറുതെ സന്ദർശിക്കുക മാത്രമല്ല ആ യാത്രാനുഭവങ്ങൾ നമുക്കുവേണ്ടി പങ്കുവയ്ക്കുകയും ചെയ്യുന്നു. യാത്രാനുഭവങ്ങളിലൂടെ കടന്നു പോകുമ്പോൾ വെറും സ്ഥലവിവരണം മാത്രമല്ല, ആ രാജ്യങ്ങളിലെ സംസ്കാരത്തിലൂടെയും ജീവിതങ്ങളിലൂടെയും വൈയക്തികമായി നമ്മെ കൊണ്ടെത്തിക്കുന്ന അനുഭവമാണ് ലഭിക്കുന്നത്. പ്രധാനപ്പെട്ട സഞ്ചാരസാഹിത്യകൃതികൾ ഒലിവുമരങ്ങളുടെ നാട്ടിൽ, അടരുന്ന ആകാശം, എന്റെ സഞ്ചാര കഥകൾ, മരുഭൂമിയുടെ ഹൃദയം തേടി തുടങ്ങിയവയാണ്.

എറണാകുളം ജില്ലയിലെ കുത്താട്ടുകുളത്തിനടുത്തുള്ള ഓണക്കൂർ എന്ന ഗ്രാമത്തിലാണ് ജനനമെങ്കിലും കഴിഞ്ഞ 55 വർഷത്തിലധികമായി തിരുവനന്തപുരത്തുള്ള ഓണക്കൂർ ഇരുപതാം വയസ്സിൽ അധ്യാപകനായി. ദീർഘകാലം മാർ ഇവാനിയോസ് കോളേജിൽ സേവനം അനുഷ്ഠിച്ചു. അധ്യാപനത്തോടൊപ്പം ഔദ്യോഗിക ചുമതലകളും അദ്ദേഹം വഹിച്ചിരുന്നു. അതിൽ പ്രധാനമായിട്ടുള്ളത് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സാക്ഷരത മിഷൻ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, സാഹിത്യ സഹകരണ സംഘം, കേരള സംസ്ഥാന സർവ വിജ്ഞാനകോശം എന്നിലാണ്.

സാഹിത്യ അക്കാദമിയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി. പ്രബുദ്ധരായ എഴുത്തുകാരുടെ തലമുറയോടൊപ്പം എഴുത്തിൽ തന്റേതായ ഒരു സ്ഥാനം നേടിയെടു

**അവിശ്വാസത്തിന്റെ കാലത്താണ് നാം ജീവിക്കുന്നത്. ജീവിതത്തിന്റെ സ്ഥായീഭാവം നഷ്ടപ്പെട്ടുപോയാൽ മാനവികതയെ അത് പിടിച്ചുലയ്ക്കും. അങ്ങനെയുള്ള വർത്തമാനകാലത്തിലൂടെയാണ് നാം കടന്നുപോകുന്നത് എന്ന ചിന്താഗതിയാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. എഴുത്തുകാരെ സൗകര്യപൂർവ്വം തമസ്കരിക്കുന്ന സമൂഹമായി മലയാളി മാറുന്നു എന്നത് സങ്കടകരമാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.**

ക്കാൻ കഴിഞ്ഞു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. തകഴി, ഉറൂബ്, കേശവദേവ് എസ്.കെ.പൊറ്റക്കാട്, വൈലോപ്പിള്ളി, കമലാദാസ്, ഒ.വി. വിജയൻ തുടങ്ങിയ സാഹിത്യ തറവാട്ടിലെ അതിരഥൻമാർക്കൊപ്പം കൂട്ടുകൂടാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ എഴുത്ത് ജീവിതത്തിന് മാറ്റുകൂട്ടിയിട്ടുണ്ടാവാം. പുസ്തകങ്ങൾക്ക് ഏറ്റവും കൂടുതൽ അവതാരിക എഴുതിയ വ്യക്തികൂടിയാണ് ഓണക്കൂർ. ഇത് മറ്റാർക്കും ലഭിക്കാത്ത നേട്ടം തന്നെയാണ്.

സ്ത്രീകഥാപാത്രങ്ങൾക്ക് അദ്ദേഹത്തിന്റെ കൃതികളിൽ പ്രത്യേകം സ്ഥാനം നൽകുന്നത് കാണാൻ കഴിയും. സ്ത്രീയുടെ വ്യക്തിത്വത്തിന്റെ വൈവിധ്യങ്ങൾ വൈയക്തികമായി അവതരിപ്പിക്കുന്നു. അപമാനവീകരിക്കപ്പെട്ട സ്ത്രീത്വത്തെ പ്രതീകമാക്കി എഴുതിയ നോവലാണ് പർവതങ്ങളിലെ കാറ്റ്. സ്ത്രീശാക്തീകരണത്തിന്റെ പ്രഥമ സാക്ഷിയായി ഇന്ദിരാഗാന്ധിയെ അവതരിപ്പിച്ച നോവലാണിത്. സ്ത്രീകൾക്ക് മാന്യമായ സ്ഥാനം നൽകി ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങളെ തന്റെ നോവലുകൾക്ക് കഥാപാത്രമാക്കിയ നോവലിസ്റ്റ് കൂടിയാണ്.

അമ്മ മനസ്സുള്ള എഴുത്തുകാരൻ എന്നപേരിലും അദ്ദേഹം അറിയപ്പെട്ടു. അദ്ദേഹം ഹൃദയത്തോട് ചേർത്തുവച്ച് എഴുതിയ നോവലാണ് കന്യകാമറിയത്തെ കഥാപാത്രമാക്കിയ 'ഹൃദയത്തിൽ ഒരുവാൾ' എന്ന നോവൽ. യേശുവിനെ ജറുസലേം ദേവാലയത്തിൽ കാഴ്ചവെയ്ക്കുമ്പോൾ ശിമയോൻ മറിയത്തോട് പറയുന്ന 'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും' എന്നെ വചനം യേശുവിനെ കുരിശിലേറ്റിയ ദിവസം ഒറ്റപ്പെട്ടുപോയ അമ്മയായ മറിയത്തിലുണ്ടാക്കുന്ന ചിന്താധാരകളിലൂടെയാണ് കടന്നുപോകുന്നത്.

വ്യക്തി എന്ന നിലയിൽ തന്റെ അഭിപ്രായങ്ങൾ എപ്പോഴും ഉറക്കെ പറയാൻ മടികാണിക്കാത്ത വ്യക്തികൂടിയാണ്. ഏത് വിഷയത്തിലും നിലപാട് വ്യക്തമാണ്. എന്നാൽ ഒരു ഏറ്റുമുട്ടലിന്റെയോ അപമര്യാദയായ വാക്കുകളിലൂടെയോ ഉള്ള അഭിപ്രായമല്ല അദ്ദേഹത്തിന്റേത് എന്ന് കാണാം. ഒരു മതേതര വാദികൂടിയാണ്. ഞാൻ ദൈവ വിശ്വാസിയാണ് പക്ഷേ എന്റെ ദൈവത്തിന് ജാതിയും മതവും ഇല്ല എന്നദ്ദേഹം പറയുന്നു. എന്റെ മതനിരപേക്ഷത എതിർപ്പിന്റെ വഴിയിലൂടെ ഉള്ളതല്ല. എപ്പോഴും നന്മയുടെ പക്ഷം ചേർന്ന് അതിനെ സ്വാംശീകരിക്കാൻ ശ്രമിക്കും. ഭാരതത്തിന്റെ സംസ്കാരം വൈവിധ്യം നിറഞ്ഞതാണ്. അതിന്റെ നല്ലവശം തിരിച്ചറിയാനാണ് എന്നും ശ്രമിക്കുന്നത് അന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

പൗരോഹിത്യത്തിന്റെ തെറ്റായ നിലപാടുകൾക്കെതിരെയും ശക്തമായി പ്രതികരിച്ചിട്ടുള്ള വ്യക്തികൂടിയാണ്. നന്മയുടെയും ശരിയുടെയും പക്ഷം ചേരുക എന്നത് അദ്ദേഹത്തിന്റെ മനഃസാക്ഷിയുടെ വിളിയാണ്. എം.പി. പോൾ എന്ന സാഹിത്യവിമർശകനെ പല രീതിയിലൂടെയും കത്തോലിക്കസഭ പീഡിപ്പിച്ചപ്പോൾ അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കി "എം.പി. പോൾ കലാപത്തിന്റെ തിരുശേഷിപ്പുകൾ' എന്ന പുസ്തകം എഴുതി." "നീതിനിഷേധങ്ങൾക്കെതിരെ ശബ്ദിക്കാൻ പുതിയ സുവിശേഷം പ്രസംഗിക്കാൻ അവൻ വീണ്ടും വരും. ആ ഉയർത്തെഴുന്നേൽപ്പിൽ കാപട്യത്തിന്റെ മുഖംമൂടികൾ കൊഴിഞ്ഞുവീഴും. ദേവാലയത്തിന്റെ വിശുദ്ധസ്ഥലം അശുദ്ധമാക്കിയവർ ചമ്മട്ടികൊണ്ട് അടികൊള്ളും. അവരുടെ നിധിപ്പുരകൾ ചവിട്ടിത്തുറന്നു അവൻ വിധവകളെയും ദരിദ്രരെയും രക്ഷിക്കും." എന്നുറക്കെ പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അവിശ്വാസത്തിന്റെ കാലത്താണ് നാം ജീവിക്കുന്നത്. ജീവിതത്തിന്റെ സ്ഥായീഭാവം നഷ്ടപ്പെട്ടുപോയാൽ മാനവികതയെ അത് പിടിച്ചുലയ്ക്കും. അങ്ങനെയൊരു കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത് എന്ന ചിന്താഗതിയാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. എഴുത്തുകാരെ സൗകര്യപൂർവ്വം തമസ്കരിക്കുന്ന സമൂഹമായി മലയാളി മാറുന്നു എന്നത് സങ്കടകരമാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. മലയാള സാഹിത്യതറവാട്ടിൽ "ഞാനൊരു വൻമരമായില്ലെങ്കിൽ പോലും വല്ലപ്പോഴും പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന ഒരു മരമായി മാറി." എന്ന അഭിപ്രായക്കാരനാണദ്ദേഹം. എന്നാൽ മലയാളിയെ സംബന്ധിച്ച് അദ്ദേഹം മലയാള സാഹിത്യരംഗത്തെ വമ്പൻമാരോടൊപ്പം തലയുയർത്തി നിൽക്കുന്ന ഒരു വൻമരമായി തന്നെ ശോഭിക്കുന്നു. അക്ഷരമുറ്റത്തേക്ക് പിച്ചവയ്ക്കുന്ന സർഗ പ്രതിഭകൾക്ക് തണൽമരമായിമാറുന്നു. പ്രസാദാത്മകമായ ഒരു ഭാവിയിലേക്ക് വഴികാട്ടിയാവുന്ന ഒരു നക്ഷത്രം. സാംസ്കാരിക, സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളിൽ എപ്പോഴും വിളിപ്പാടകലെ ഒരു ഊർജ്ജസ്രോതസ്സായി അദ്ദേഹം നമ്മോടൊപ്പം ഉണ്ട്. " എന്റെ ആകാശം വളരെ ചെറുതാണ്. ഭൂമിയും വളരെ ചെറുതാണ്. ഞാനും വളരെ ചെറിയ മനുഷ്യനാണ്" എന്ന് വളരെ വിനയാന്വിതനായി പറയുന്ന ജോർജ്ജ് ഓണക്കൂർ എന്ന നോവലിസ്റ്റിന് മലയാളികൾ കൂടുതൽ വായനയ്ക്ക് ഇടം കൊടുക്കേണ്ടതുണ്ട് എന്നുപറഞ്ഞുകൊണ്ട് നിർത്തട്ടെ. ■

കവിത

# കടലഴക്

വെള്ളിച്ചില്ലുചിരിയിൽ
എൻ കടലഴകേ...
കടലിൻ മക്കളിൻ അന്നദാതാവേ,
നിൻ കുടലിന്നറയിൽ
മീൻ പ്രജനനമോ?
നിൻ മുടിയിതളിൽ ചൂടാൻ
പൂങ്കറപ്പൂവോ...
കടലിൻ അതിർത്തികാത്ത്
കൊട്ടുതാളം തീർക്കും സംഗീത പ്രവാഹമേ...
പഞ്ചാരമണ്ണിൽ പുതുലോകം കാണാൻ
ആമക്കുഞ്ഞിന് മാളികപാളി തീർക്കും
നിന്നുള്ളിൽ സ്നേഹ പ്രവാഹമോ...?
സ്വർണക്കുഴിയിൽ കനകനിറം ചാർത്തി
മാളത്തിലൊളിക്കും കുസൃതി ഞണ്ടുകൾക്ക്
നീ മേൽപ്പാലമോ...
കൊട്രാളിന് മുങ്ങാങ്കുഴിക്കുളമൊരുക്കി
നിൻചിരിയിൻ വെള്ളനാക്കിൽ
കളിമീനിന് അന്നം കൊടുക്കും അമ്മേ
നീ കടലമ്മ തന്നെ,
നീ ജലപ്രവാഹം തന്നെ.



**വിർജിൻ എസ്.**
പുതിയതുറ



<u>ലേഖനം</u>

# ക്രൈസ്തവർ പീഡിപ്പിക്കപ്പെടുമ്പോൾ...



**ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി

**ഒ**രുപാട് കയറ്റിറക്കങ്ങളിലൂടെ സഞ്ചരിച്ച് രണ്ടു സഹസ്രാബ്ദങ്ങൾ പിന്നിട്ട ചരിത്രമാണ് ക്രൈസ്തവരുടേത്. പിന്നിട്ട വഴികളിൽ കടുത്ത പീഡനങ്ങളും അടിച്ചമർത്തലുകളും മർദ്ദനങ്ങളും കൂട്ടക്കൊലകളും രക്തപ്പുഴകളും എല്ലാമുപേക്ഷിച്ചുള്ള പലായനങ്ങളും പലപ്പോഴായി ഉണ്ടായിട്ടുണ്ട്. ക്രിസ്തുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും, ശേഷമുള്ള ഉത്ഥാനത്തിലും വേരാഴ്ത്തിയ ക്രൈസ്തവാധ്യാത്മികത വെല്ലുവിളികൾക്ക് മുന്നിൽ പതറുന്ന ഒന്നല്ല. മറിച്ച്, പീഡാനുഭവത്തിൽനിന്ന് ഉത്ഥാനത്തിനുള്ള ശക്തി സംഭരിക്കുന്ന സവിശേഷമായ ഒന്നാണത്. മാനുഷികമായ കണക്കുകൂട്ടലുകൾക്കും ആശങ്കകൾക്കും അതീതമായി ദൈവത്തിൻറെ പരിപാലനയിൽ ആശ്രയിച്ച അനുഭവങ്ങളാണ്, പിന്നോട്ടുനോക്കിയാൽ, എവിടെയും കാണാനാവുക.

വിവിധ രീതികളിലുള്ള ക്രൈസ്തവ പീഡനങ്ങളെക്കുറിച്ച് നമുക്കിടയിൽ ഏറ്റവുമധികം ചർച്ചകൾ നടന്ന ഒരു വർഷമാണ് കടന്നുപോയിരിക്കുന്നത്. കേരളത്തിൽ ക്രൈസ്തവ സമൂഹങ്ങൾക്കെതിരേയും ക്രൈസ്തവവിശ്വാസത്തിനെതിരേയും നടക്കുന്ന പലതരം അതിക്രമങ്ങൾ മുതൽ, ഇന്ത്യയിലെവിവിധ സംസ്ഥാനങ്ങളിലും ലോകത്തിൽ പല രാജ്യങ്ങളിലും ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളും ഒട്ടേറെ ചർച്ചകൾക്കും നിരന്തരമായ പ്രതികരണങ്ങൾക്കും വഴിയൊരുക്കുകയുണ്ടായി. മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി, ഇനിയുള്ള കാല

ത്ത് സംഭവിക്കില്ല എന്ന് മുമ്പ് നാം കരുതിയിരുന്ന വലിയ ഞെരുക്കങ്ങൾ ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതിന് കഴിഞ്ഞ വർഷത്തെ എണ്ണമറ്റ പത്രറിപ്പോർട്ടുകൾതന്നെ സാക്ഷ്യം നൽകുന്നു.

തീവ്രവാദസ്വഭാവമുള്ള വർഗ്ഗീയ സംഘടനകൾ, മതമൗലികവാദികൾ, നിരീശ്വരവാദികൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, ഗൂഢമായ ലക്ഷ്യങ്ങളോടെ സഭയ്ക്കും സഭയുടെസ്ഥാപനങ്ങൾക്കും എതിരേ നീക്കങ്ങൾ നടത്തുന്നവർ എന്നിങ്ങനെയുള്ളവരുടെ പ്രവർത്തനങ്ങൾ വഴിയായാണ് ക്രൈസ്തവരും ക്രൈസ്തവ വിശ്വാസവും സഭയും നിരന്തരമായി പലരീതിയിലുള്ള അതിക്രമങ്ങൾ നേരിടേണ്ടിവന്നിട്ടുള്ളത്. വിപരീത ധ്രുവങ്ങളിലുള്ള പ്രത്യയശാസ്ത്രങ്ങൾ ഒരേസമയം ഇത്തരം പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി കാണാറുണ്ട്. ഇതുപോലുള്ള വിഷയങ്ങളെ സമഗ്രമായി മനസ്സിലാക്കാൻ കഴിയാതെ പോകുന്നവർക്കിടയിൽ ഒട്ടേറെ തെറ്റിദ്ധാരണകൾ ഇതുമൂലം രൂപപ്പെടാറുമുണ്ട്.

## പ്രതിസന്ധികൾക്ക് പരിഹാരങ്ങൾ അന്വേഷിക്കുന്നവർ

സാമുദായികവും വിശ്വാസപരവുമായി ക്രൈസ്തവർ നേരിടുന്ന അതിക്രമങ്ങളെയും പീഡനങ്ങളെയും എങ്ങനെ അഭിമുഖീകരിക്കണം എന്നുള്ളത് കഴിഞ്ഞ കുറെ മാസങ്ങൾക്കിടയിൽ ഒട്ടേറെ ചർച്ചകൾക്ക് വഴിയൊരുക്കിയ ഒരു ചോദ്യമാണ്. എല്ലാ സമുദായങ്ങളും എല്ലാക്കാലത്തും ഏതെങ്കിലും വിധത്തിലുള്ള വെല്ലുവിളികളെ നേരിടുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യംതന്നെയാണ്. എന്നാൽ, മറ്റുള്ള സമുദായങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളുടെയും ചില സാമൂഹിക സംഘടനകളുടെയും പിന്തുണയും സഹായവും അത്തരം ഘട്ടങ്ങളിൽ ഉണ്ടാവാറുണ്ട്. അതേസമയം, ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ ആത്മാർത്ഥമായി ഇടപെടാൻ തയ്യാറുള്ള രാഷ്ട്രീയ പാർട്ടികളോ മറ്റു സാമൂഹിക സംവിധാനങ്ങളോ മുഖ്യധാരാമാധ്യമങ്ങളോ ഒന്നുംതന്നെയില്ല എന്നതാണ് അനേകരെകൂടുതൽ ആശങ്കപ്പെടുത്തുന്ന വസ്തുത. പലപ്പോഴും സമൂഹമാധ്യമങ്ങളിലൂടെയും പൊതുമാധ്യമങ്ങളിലൂടെയും പ്രചരിച്ചിട്ടുള്ള തെറ്റിദ്ധാരണാജനകവും അവാസ്തവവുമായ റിപ്പോർട്ടുകൾ ഇത്തരം വിഷയങ്ങളിൽ പൊതുസമൂഹത്തിലും ക്രൈസ്തവർക്കിടയിൽത്തന്നെയും ആശയക്കുഴപ്പങ്ങളും യഥാർത്ഥ വിഷയങ്ങളെക്കുറിച്ചുള്ള അവ്യക്തതയും രൂപപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. അതും പ്രശ്നപരിഹാരങ്ങൾക്ക് പ്രതിബന്ധമായി മാറി.

ശരിയായ പരിഹാരങ്ങൾ മുഖ്യമായും സർക്കാരുകൾക്കാണ് കണ്ടെത്താൻ കഴിയുന്നത്. ഭരണസംവിധാനത്തിൽ സ്വാധീനമുള്ള വ്യക്തികളോ പ്രസ്ഥാനങ്ങളോ ഭരണാധികാരികളെയും സമൂഹത്തെയും സ്വാധീനിക്കാൻ കഴിയുന്ന മാധ്യമങ്ങളോസഹായത്തിനില്ലെങ്കിൽ വേണ്ട വിധമുള്ള പരിഗണന ഇക്കാലത്ത് ലഭിക്കില്ല എന്നുള്ളത്വ്യക്തം. പ്രത്യേകമായ അന്വേഷണങ്ങളും രാഷ്ട്രീയ ഇടപെടലുകളും ആവശ്യമുള്ള ഗൗരവമായ വിഷയങ്ങളിൽനിന്ന് അധികാരികളും ഭരണകൂടവും മുഖംതിരിക്കുകയും നിഷേധാത്മക നിലപാട്സ്വീകരിക്കുകയും ചെയ്യുന്ന സാഹചര്യം തികച്ചും ദൗർഭാഗ്യകരമാണ്. കഴിഞ്ഞ കുറെ കാലമായി ഇത്തരമൊരു പ്രതികൂല സാഹചര്യത്തിലൂടെയാണ് ഭാരതത്തിലെയും, വിശിഷ്യാ കേരളത്തിലെയും, ക്രൈസ്തവർ കടന്നുപോകുന്നത്.



## ഒരു വർഗ്ഗീയ ശക്തിയെ നേരിടാൻ മറ്റൊരു വർഗ്ഗീയ പ്രത്യയശാസ്ത്രത്തെ കൂട്ടുപിടിക്കാമോ?

ഇന്ത്യയിലെ ക്രൈസ്തവരുടെ നിലനിൽപ്പിനെത്തന്നെ ചോദ്യംചെയ്യുന്ന വിധത്തിൽ പ്രതിസന്ധികൾ രൂക്ഷമാകുമ്പോൾ സഹായം എവിടെനിന്ന് കിട്ടും എന്ന ചോദ്യത്തിന് ചിലർ ഉത്തരമായി കണ്ടെത്തിയത് 'ശത്രുവിന്റെ ശ



ത്രു മിത്രം’ എന്ന തത്ത്വമാണ്. ഇത്തരത്തിൽ, രക്ഷപ്പെടാൻ കൂട്ടുപിടിക്കാമെന്ന്കുറെപ്പേർ ’തിരിച്ചറിഞ്ഞ’ പ്രസ്ഥാനങ്ങളെല്ലാംതന്നെ തീവ്ര വർഗ്ഗീയ പ്രത്യയ ശാസ്ത്രങ്ങളാൽ ഭരിക്കപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. ഒരു വർഗ്ഗീയ പ്രത്യയശാസ്ത്രം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ മറ്റൊരു വർഗ്ഗീയ പ്രത്യയശാസ്ത്രത്തെ കൂട്ടുപിടിക്കുന്നത് യുക്തമാണോ എന്നുള്ളതാണ് ഇവിടെ പ്രധാനമായി ഉയരുന്ന ചോദ്യം. അത്തരമൊരു പരിഹാരം ഒരിക്കലും പ്രായോഗികമോ ശാശ്വതമോ അല്ല എന്ന് വളരെവ്യക്തമാണ്. അതുപോലുള്ള പരിഹാര ശ്രമങ്ങൾ ക്രിസ്തീയമല്ലാതായി മാറുന്നു

ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ പതിവായി ഉയരുന്ന ചോദ്യം, ’പിന്നെ ആരാണ് സഹായിക്കാനുള്ളത്’ എന്നതാണ്. പുറമെയുള്ള ആരുടെയെങ്കിലും സഹായംകൂടാതെ ക്രൈസ്തവർക്ക് അതിജീവനം സാധ്യമല്ല എന്ന ചിന്ത പ്രബലമായിരിക്കുന്നു. ക്രൈസ്തവർ എന്ന നിലയിൽ അത്തരമൊരു ധാരണയുടെ യുക്തിരാഹിത്യം നാം തിരിച്ചറിയണം. മാത്രമല്ല, ക്രൈസ്തവ സമൂഹങ്ങളെ മുൻനിർത്തി ഇക്കാലങ്ങളിൽ താൽക്കാലികമായ ചില മുതലെടുപ്പുകൾ നടത്താനാണ് ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചില വർഗ്ഗീയ പ്രസ്ഥാനങ്ങൾ മുഖംമൂടി ധരിച്ചും തെറ്റിദ്ധാരണകൾ പ്രചരിപ്പിച്ചും ക്രൈസ്തവരുടെ താൽക്കാലിക പിന്തുണ നേടിയെടുക്കുന്നതിൻറെ ഭാഗമായി രക്ഷകവേഷം ചമയുന്നു. അതേസമയം, ലോകമെമ്പാടും ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുകയും, നിരവധി റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ കേരളത്തിൽത്തന്നെവിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നതായി വ്യക്തമാക്കപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സഹകാരികൾ മറ്റു സംസ്ഥാനങ്ങളിലെ ക്രൈസ്തവർ നേരിടുന്ന അതിക്രമങ്ങളും, നിയമ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പ്രതിസന്ധികളും ഉയർത്തിക്കാണിച്ച് സഹകാരികളുടെ വേഷം എടുത്തണിയാൻ ശ്രമിക്കുന്നു.

വിശ്വാസപരവും സാമുദായികവുമായി ക്രൈസ്തവ സമൂഹം നേരിടുന്ന എല്ലാവിധത്തിലുംപെട്ട പ്രതിസന്ധികളെക്കുറിച്ച് സമഗ്രമായി നാം പഠിക്കുകയും ഏറ്റവും യുക്തമായ രീതിയിൽ അവയെ കൈകാര്യം ചെയ്യുകയും വേണം എന്നുള്ളത് നിസ്തർക്കമാണ്. എന്നാൽ, ഏതു മാർഗ്ഗമുപ

**‘ചെന്നായ്ക്കളുടെഇടയിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ, നിങ്ങൾ സർപ്പങ്ങളെപ്പോലെവിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ’ എന്നുതുടങ്ങുന്ന ബൈബിൾഭാഗം സൂചിപ്പിക്കുന്നത് ക്രൈസ്തവർ പീഡനങ്ങളെ നേരിട്ടുകൊണ്ടിരിക്കും എന്നുതന്നെയാണ്. ജാഗ്രതയോടെയും വിവേകത്തോടെയുമായിരിക്കാൻ ശിഷ്യരോടും ശ്രോതാക്കളോടും ആവശ്യപ്പെടുന്ന ക്രിസ്തു കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിയാനും ഉദ്ബോധിപ്പിക്കുന്നുണ്ട്.**

യോഗിച്ചും പരിഹാരം കണ്ടെത്താമെന്നുള്ള ചിന്ത കൂടുതൽ സങ്കീർണ്ണതകളിലേക്ക് ഈ സമൂഹത്തെ നയിക്കും എന്നു തിരിച്ചറിയാനുള്ള വിവേകം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു പ്രതിസന്ധി മാത്രമല്ല പരിഹരിക്കപ്പെടേണ്ടതായി ഇന്ന് നമുക്കിടയിലുള്ളത്. ഒരേവിശ്വാസ സമൂഹം എന്ന നിലയിൽ ലോകത്തിൻറെ വിവിധ കോണുകളിൽ ക്രൈസ്തവർ നേരിട്ടുകൊണ്ടിരിക്കുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങളുണ്ട്. പ്രത്യക്ഷത്തിൽത്തന്നെ പീഡനങ്ങൾക്കും രക്തച്ചൊരിച്ചിലിനും അടിച്ചമർത്തലിനും കാരണമാകുന്ന ചില ആസൂത്രിത നീക്കങ്ങളോടൊപ്പം, വിശ്വാസത്തെയും ആത്മീയ ബോധ്യങ്ങളെയും ചോദ്യം ചെയ്യുകയും ഗുരുതരമായ രീതിയിൽ വിശ്വാസ സമൂഹത്തെ സ്വാധീനിക്കുകയും ചെയ്യുന്ന മറ്റ് നിരവധി പ്രതിസന്ധികളുമുണ്ട്. സഭ എന്നാൽ സമുദായം മാത്രമാണ് എന്ന കാഴ്ചപ്പാടോടെ കത്തോലിക്കാവിശ്വാസത്തിനും സഭയുടെ പ്രബോധനങ്ങൾക്കും പ്രാധാന്യം കൊടുക്കാതെയുള്ള നീക്കങ്ങളും കൈകോർക്കലുകളും വലിയ ദോഷം ചെയ്യുമെന്ന തിരിച്ചറിവും നമുക്കുണ്ടാകേണ്ടതുണ്ട്.

**ഇന്ത്യയിലെ ക്രൈസ്തവരുടെ നിലനിൽപ്പിനെത്തന്നെ ചോദ്യംചെയ്യുന്ന വിധത്തിൽ പ്രതിസന്ധികൾ രൂക്ഷമാകുമ്പോൾ സഹായം എവിടെനിന്ന് കിട്ടും എന്ന ചോദ്യത്തിന് ചിലർ ഉത്തരമായി കണ്ടെത്തിയത് 'ശത്രുവിൻറെ ശത്രു മിത്രം' എന്ന തത്ത്വമാണ്. ഇത്തരത്തിൽ, രക്ഷപ്പെടാൻ കൂട്ടുപിടിക്കാമെന്ന്കുറെപ്പേർ 'തിരിച്ചറിഞ്ഞ' പ്രസ്ഥാനങ്ങളെല്ലാംതന്നെ തീവ്ര വർഗ്ഗീയ പ്രത്യയ ശാസ്ത്രങ്ങളാൽ ഭരിക്കപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. ഒരു വർഗ്ഗീയ പ്രത്യയശാസ്ത്രം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ മറ്റൊരു വർഗ്ഗീയ പ്രത്യയശാസ്ത്രത്തെ കൂട്ടുപിടിക്കുന്നത് യുക്തമാണോ എന്നുള്ളതാണ് ഇവിടെ പ്രധാനമായി ഉയരുന്ന ചോദ്യം.**

## ഇതും കടന്നുപോകും


ഇന്ന് നാം കാണുന്നതിനെക്കാൾ ഭീകരമായ കടന്നുകയറ്റങ്ങളും മതമർദ്ദനങ്ങളും മുമ്പ് പല ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. അപവാദ പ്രചാരണങ്ങൾ ഇന്നത്തേക്കാൾ അധികമായി ഉണ്ടായിട്ടുള്ള കാലഘട്ടങ്ങളുമുണ്ട്. ക്രൈസ്തവ വിശ്വാസവും കത്തോലിക്കാസഭയും തകർന്നു എന്ന് പലരും കരുതിയ ഘട്ടങ്ങൾ ചരിത്രത്തിലുണ്ട്. എന്നാൽ, എല്ലാ പ്രതിബന്ധങ്ങളെയും തകർച്ചകളെയും അതിജീവിച്ച് ഒരു ഫീനിക്സ് പക്ഷിയെപ്പോലെകൂടുതൽ ശക്തിയാർജ്ജിച്ചിട്ടുള്ള ചരിത്രമാണ് സഭയ്ക്കും ക്രൈസ്തവവിശ്വാസത്തിനുമുള്ളത്. പ്രതിസന്ധികളെ അതിജീവിക്കാൻ അതതു കാലഘട്ടങ്ങളിൽ പല മാർഗ്ഗങ്ങളും പലരും അവലംബിക്കുകയുണ്ടായിട്ടുണ്ട്. രാഷ്ട്രീയ സ്വാധീനങ്ങളും യുദ്ധവിജയങ്ങളും പ്രശ്നപരിഹാരമാർഗ്ഗമായി കണ്ട് കാലഘട്ടങ്ങൾ സഭാചരിത്രത്തിന്റെ ഏടുകളിൽ കാണാനാകും. എന്നാൽ, അത്തരം നീക്കങ്ങൾ ഒരിക്കലും ശാശ്വതമായ വിജയത്തിന് കാരണമായിട്ടില്ല എന്നുള്ളതാണ് ആ ചരിത്രങ്ങൾ ഒന്നൊഴിയാതെ നമുക്ക് നൽകുന്ന പാഠം. അത്തരം ചരിത്രങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട്സഭാനേതൃത്വം ഇന്ന് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ മൂല്യമേറിയവയാണ്. പ്രശ്നപരിഹാരത്തിനായി ഒരു യുദ്ധ പ്രഖ്യാപനമോ, വിരുദ്ധശക്തികളെ കൂട്ടുപിടിച്ചുള്ള നീക്കങ്ങളോ നടത്തുന്നതിൽനിന്ന് മുഖ്യമായും നമ്മെ തടയുന്നത് ഈ കാലഘട്ടത്തിലെ നവയുഗപ്രവാചകനും കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനുമായ ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങളും നിലപാടുകളും, അതിനുമപ്പുറം വിശുദ്ധഗ്രന്ഥവുമാണ്.

'ചെന്നായ്ക്കളുടെഇടയിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ, നിങ്ങൾ സർപ്പങ്ങളെപ്പോലെവിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ' എന്നുതുടങ്ങുന്ന ബൈബിൾഭാഗം സൂചിപ്പിക്കുന്നത് ക്രൈസ്തവർ പീഡനങ്ങളെ നേരിട്ടുകൊണ്ടിരിക്കും എന്നുതന്നെയാണ്. ജാഗ്രതയോടെയും വിവേകത്തോടെയുമായിരിക്കാൻ ശിഷ്യരോടും ശ്രോതാക്കളോടും ആവശ്യപ്പെടുന്ന ക്രിസ്തു കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിയാനും ഉദ്ബോധിപ്പിക്കുന്നുണ്ട്. 'ഭൂമിയുടെ ഭാവഭേദങ്ങൾ വിവേചിച്ചറിയാൻ കഴിയുന്ന നിങ്ങൾക്ക് എന്തുകൊണ്ട് കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല' എന്ന അവിടുത്തെ ചോദ്യം ഇന്ന് നമ്മോടുമുള്ളതാണ്. ക്രൈസ്തവന്റെ യഥാർത്ഥ ശക്തിയും ബലവും എന്താണെന്ന്തിരിച്ചറിഞ്ഞുകൊണ്ടുള്ള മുന്നേറ്റങ്ങൾ മാത്രമേ ചരിത്രത്തിൽ ഇന്നോളം വിജയത്തിലെത്തിച്ചേർന്നിട്ടുള്ളൂ. ക്രൈസ്തവന്റെ ശക്തിയും അവന്റെ ഒരേയൊരു രക്ഷകനും ക്രിസ്തുവാണ്. ആ തിരിച്ചറിവില്ലായ്മയാണ് ചിലപ്പോഴെങ്കിലും മറ്റു രക്ഷകരെകാത്തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും അബദ്ധങ്ങൾ സംഭവിക്കാൻ ഇടയാക്കുന്നതും.

പുതിയ വർഷത്തിൽ പരിശുദ്ധ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾക്കും ക്രിസ്തീയ ജീവിതസാക്ഷ്യത്തിനും പ്രാമുഖ്യം നൽകി പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള കരുത്ത് സംഭരിക്കാൻ നമുക്ക് കഴിയട്ടെ. ■

# ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



# ആളില്ലാത്തുറ മരിയനാടായിമാറിയ ചരിത്രം

തിരുവനന്തപുരം നഗരത്തിന് 25 കി. മീ. വടക്ക് ആളില്ലാത്തുറ എന്ന വിജനഭൂമി സ്ഥിതി ചെയ്തിരുന്നു. വെട്ടുതുറ കഴിഞ്ഞാൽ പിന്നെ പുതുകുറിച്ചിയിൽ എത്തുമ്പോഴാണ് ജനവാസം അനുഭവപ്പെടുന്നത്. എന്നാലിന്ന് മരിയനാടും ശാന്തിപുരവും ഇടവകകളിലായി ഈ തുറയിൽ ആളും ആരവവുമായി മാറി കഴിഞ്ഞതിന്റെ പിന്നിലൊരു ചരിത്രമുണ്ട്. ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ സാമൂഹിക കാഴ്ചപ്പാടിൽ നിന്നും ഉരുത്തിരിഞ്ഞ സ്വപ്ന പദ്ധതിയായിരുന്നു മരിയനാടിന്റെ ജനനം. ദരിദ്രരായ മത്സ്യത്തൊഴിലാളികളെ സ്വയംപര്യാപ്തരാക്കാൻ ആസൂത്രിതമായി നടത്തിയ സമഗ്ര വികസനോന്മുഖമായ പുനഃരധിവാസ പദ്ധതിയായിരുന്നു അത്.

1950 മുതൽ കടലോരമക്കളുടെ ക്ഷേമത്തിനായി പല പരിപാടികൾക്കും പിതാവ് തുടക്കംകുറിച്ചു. ഉണക്കമീൻ ശേഖരിച്ച് ഉൾനാടുകളിലെത്തിക്കുകയും അവിടെനിന്ന് പകരം മരിച്ചീനി ശേഖരിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും ചെയ്തു. വള്ളവും വലയും സൗജന്യമായി നൽകി. ഇതുപോലെയുള്ള പദ്ധതികളുമായി മുന്നോട്ടുപോയെങ്കിലും അതൊന്നും ജനങ്ങളുടെ ദാരിദ്ര്യമകറ്റാൻ പര്യാപ്തമായില്ല. ഈ പരാജയത്തെക്കുറിച്ച് പിതാവ് തന്നെ പറഞ്ഞത് ഇപ്രകാരമായിരുന്നു. "എന്റെ ജനങ്ങളുടെ മനസ്സ് വായിച്ചറിയുവാൻ എനിക്ക് കഴിയാതെ പോയി." പരാജയങ്ങൾ പിതാവിനെ നിരാശപ്പെടുത്തിയില്ല. അതിനുള്ള കാരണങ്ങളും അദ്ദേഹം കണ്ടെത്തി. ജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്ന സഹായങ്ങൾ അവർ വിലമതിക്കില്ലെന്നും തുടർച്ചയായ സഹായം അവരുടെ അന്തസ്സിന് കോട്ടം വരുത്തുമെന്നും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുൻപ് ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കണമെന്നും ജനങ്ങളുടെ പൂർണ പങ്കാളിത്തത്തോടെ മാത്രമേ പദ്ധതികൾ നടപ്പാക്കാവൂ എന്നും അദ്ദേഹം തിരിച്ചറിഞ്ഞു.

മതപരമായ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങിനിന്നുള്ള സാമൂഹിക സേവന മെന്നതിലു

പരിയായി സാങ്കേതിക തൊഴിൽ വൈദഗ്ധ്യത്തോടെയുള്ള സാമൂഹിക വികസനമാണ് പെരേര പിതാവ് സ്വപ്നം കണ്ടത്. അതിനായി 1961– ൽ തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയ്ക്ക് (റ്റിഎസ് എസ്എസ്) രൂപം നൽകി. കേരളത്തിലെ കത്തോലിക്കാസഭയിൽ ആദ്യമായിട്ടായിരുന്നു ഇങ്ങനെയൊരു സംരംഭം. സാമൂഹിക സാമ്പത്തിക രംഗത്തുള്ളവരെയും സാങ്കേതിക വിദഗ്ധരായ വ്യക്തികളെയും സഹകരിപ്പിച്ചുകൊണ്ട് റ്റിഎസ്എസ്എസിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

തന്റെ അനുഭവ പാഠങ്ങളിലൂടെ ആളില്ലാത്തുറ മരിയനാടാക്കി മാറ്റാൻ പിതാവ് പരിശ്രമിച്ചു. 30 ഏക്കർ ഭൂമി ആളില്ലാത്തുറയിൽ വാങ്ങി. 56 ഭവനങ്ങളും അനുബന്ധ സൗകര്യങ്ങളും പണിതുയർത്തി. ഭവനനിർമ്മാണ സഹകരണ സംഘത്തിന് നിർമ്മിച്ച വീടും സ്ഥലവും കൈമാറുകയും ചെയ്തു. സാമൂഹിക സുരക്ഷാകേന്ദ്രം അവിടെ ഒരുക്കി. തുടർന്ന് തെക്കൻ തീരപ്രദേശങ്ങളിലെ ഇടവകവികാരിമാരോട് ഏറ്റവും നിർധനരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ തെരഞ്ഞെടുത്ത് മരിയനാട്ടേക്ക് അയയ്ക്കാൻ പെരേര പിതാവ് ആവശ്യപ്പെട്ടു. അങ്ങനെ തെക്കൻ തീരങ്ങളിൽ നിന്ന് ധാരാളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ആളില്ലാത്തുറയിലേക്ക് കടന്നുവരികയും ആ ഭൂമി മരിയനാട് (മാതാവിന്റെ ഭൂമി) ആയി മാറുകയും ചെയ്തു.

മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് അവരുടെമേലുള്ള ചൂഷണം അവസാനിപ്പിക്കുന്നതായി പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (പിസിഒ) എന്ന സംഘടന മരിയനാടിന്റെ വളർച്ചയ്ക്ക് നേതൃത്വം നൽകി. നാലു മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണ് പ്രധാനമായും രൂപംകൊണ്ടത്. രജിസ്റ്റർ ചെയ്ത രണ്ടെണ്ണവും മറ്റേത് സന്നദ്ധസംഘങ്ങളായും പ്രവർത്തിച്ചുവന്നു. രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ മത്സ്യഫെഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ മറ്റുസംഘങ്ങൾ South Indian Federation of Fishermen Societies (SIFFS) ന്റെ നേതൃത്വത്തിലും നിലകൊണ്ടു.

മരിയനാട്ടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ അന്തർദേശീയതല വനിത സന്നദ്ധ സംഘടനയിൽ പ്രവർത്തിച്ചുവന്ന ഇറ്റലിക്കാരിയായ ലൗറേറ്റ ഫെറീനായെ ഈ നാട്ടുകാർക്ക് വിസ്മരിക്കാനാവില്ല. സ്ത്രീകളുടെയും കുട്ടികളുടെയും വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് വേണ്ടി ഇവർ ധാരാളം പ്രവർത്തനങ്ങളിലേർപ്പെട്ടു. മരിയനാട് മത്സ്യോല്പാദക കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ അവർ വഹിച്ച പങ്ക് വളരെ വലുതാണ്. സ്ത്രീസമൂഹത്തിന്റെ മുന്നേറ്റത്തിന് അവരുടെ പ്രവർത്തനങ്ങൾ കളമൊരുക്കി. 1985 ൽ കേരള സർക്കാർ രൂപീകരിച്ച 'മത്സ്യഫെഡ്' അതിന്റെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിൽ മത്സ്യോൽപ്പാദക സഹകരണ സംഘം മാതൃകയായി മാറി. കേരള സർക്കാരിന്റെ 1977 ലെ ഔദ്യോഗിക സാമ്പത്തിക വിലയിരുത്തൽ രേഖയിൽ ഇത് പരാമർശിച്ചിട്ടുണ്ട്.

ധനസഹായവും അന്നം കൊടുക്കലും വസ്ത്രവിതരണവുമാണ് സാമൂഹിക സേവനമെന്ന പരിമിത വീക്ഷണത്തിൽ നിന്ന് മാറി മനുഷ്യന്റെ സമഗ്രമായ വികസനമാണെന്ന കാഴ്ചപ്പാടിൽ വിശ്വസിച്ച സാമൂഹിക നവോത്ഥാന നായകനായിരുന്നു ബിഷപ്പ് പെരേര. അദ്ദേഹത്തെക്കുറിച്ച് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഡോ. ജോൺകുര്യൻ പറഞ്ഞതിപ്രകാരമാണ്. മനുഷ്യന്റെ സമഗ്രവികസനം എന്ന കാഴ്ചപ്പാട് പ്രായോഗികമായി ഉൾക്കൊണ്ട് പ്രവൃത്തിപഥത്തിൽ എത്തിച്ച ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു ബിഷപ്പ് പെരേര. ആളില്ലാത്തുറ എന്ന ഊഷരഭൂമിയെ മനുഷ്യവിഭവശേഷിയുടെ ശരിയായ ആസൂത്രണത്തിലൂടെ മരിയനാടെന്ന വികസന ഭൂമികയാക്കി മാറ്റിയ പെരേര പിതാവിനെ നാം എന്നും കൃതജ്ഞതയോടെ സ്മരിക്കേണ്ടതുണ്ട്. ■



വാർത്തകൾ

കൂടുതൽ വാർത്തകൾക്ക്
www.archtvmnews.com

## ബർഗമാൻ തോമസിന് കുഞ്ചൻ നമ്പ്യാർ അവാർഡ്



തിരുവനന്തപുരം: കുഞ്ചൻ നമ്പ്യാർ സ്മാരക സമിതി ഏർപ്പെടുത്തിയ 2021 ലെ കുഞ്ചൻ നമ്പ്യാർ നോവൽ പുരസ്കാരം ബർഗ്മാൻ തോമസിന്. 'പെൺപിറ' എന്ന നോവലിനാണ് പുരസ്കാരം. 25000/- രൂപയും പ്രശസ്ത ചിത്രകാരൻ ബി.ഡി. ദത്തൻ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. തിരുവനന്തപുരം അതിരൂപതയിലെ കൊച്ചുതുറയിൽ ആണ് ബർഗ്മാന്റെ സ്വദേശം. ഇദ്ദേഹത്തിന്റെ പുറങ്കടൽ എന്ന നോവൽ ഒ.വി. വിജയൻ പുരസ്കാരം നേടിയിരുന്നു.

## സ്ത്രീ ശാക്തീകരണ പദ്ധതി ഉദ്ഘാടനം ചെയ്തു

വലിയതുറ: വലിയതുറമേഖലയിലെ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി ഒരുവർഷം നീണ്ടുനിൽക്കുന്ന സെന്റ് സെബാസ്റ്റ്യൻസ് വുമൺ എംപവർമെന്റ് പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം മോൺ. ഡോ. തോമസ് ജെ. നെറ്റോ നിർവഹിച്ചു. റ്റിഎസ്എസ്എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ്, അഡ്മിനിസ്ട്രേറ്റർ തോമസ്, മേഴ്സി അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു

# തൊഴിൽരംഗത്ത് ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം: ആർച്ച്ബിഷപ്പ്



**തിരുവനന്തപുരം:** ഏത് തൊഴിലിലും ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ക്രൈസ്തവർക്കാകണമെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. മത്സ്യവിപണരംഗത്തും ഇത് പ്രകടമാക്കാൻ കഴിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തിരുവനന്തപുരം അതിരൂപതയിലെ അഞ്ചുതെങ്ങുമുതൽ ഇരയിമ്മൻതുറവരെയുള്ള ഫെറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നിർധനരായ മത്സ്യവിപണന സ്ത്രീതൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ അതിരൂപത ഫിഷറീസ് മിനിസ്ട്രി സംഘടിപ്പിച്ച ചടങ്ങിൽ ഡയറക്ടർ ഫാ. ഷാജിൻജോസ് അധ്യക്ഷനായിരുന്നു. മത്സ്യക്കച്ചവടത്തിനുള്ള ചരുവം, ഇരിക്കാനുള്ള സ്റ്റൂൾ എന്നിവ ചടങ്ങിൽവച്ച് ആർച്ച്ബിഷപ്പ് വിതരണം ചെയ്തു.



*കേന്ദ്ര യൂണിവേഴ്സിറ്റികളിലെ പഠനസാധ്യതകൾ സംബന്ധിച്ച് അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതി സംഘടിപ്പിച്ച ലൂമിനസ് യങ് മൈന്റ് സെമിനാറിൽ പങ്കെടുത്ത വിദ്യാർഥികൾ*

# കേന്ദ്ര യൂണിവേഴ്സിറ്റികളിലെ പഠന സാധ്യതകൾ: സെമിനാർ

തിരുവനന്തപുരം: ലത്തീൻ അതിരൂപതയിലെ വിദ്യാർഥികൾക്കായി വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ 'ലൂമിനസ് യങ് മൈന്റ്' എന്ന പേരിൽ സെമിനാർ സംഘടിപ്പിച്ചു. കേന്ദ്ര യൂണിവേഴ്സിറ്റികളിലെ കോഴ്സുകളെയും റിസർച്ച് സാധ്യതകളെയും പരിചയപ്പെടുത്തുകയും അത്തരം ഉയർന്ന ലക്ഷ്യങ്ങൾ എങ്ങനെ സ്വന്തമാക്കാം എന്നിങ്ങനെ വിവിധ സംശയങ്ങൾക്ക് വ്യക്തത വരുത്തുകയായിരുന്നു സെമിനാറിന്റെ ലക്ഷ്യം.

ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ സെന്റർ ഫോർ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് ഗവേഷകനായ ലാൽ കൃഷ്ണ എം. സെമിനാറിനു നേതൃത്വം നൽകി. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതി ഡയറക്ടർ ഫാ. മെൽക്കൺ സെമിനാർ ഉദ്ഘാടനം ചെയ്തതു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മനുവേൽ പ്രസംഗിച്ചു. സെമിനാറിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി 100 ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു



*അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ സ്കൂളുകളിൽ നടപ്പാക്കുന്ന മൂല്യബോധന പാഠ്യപദ്ധതിയുടെ ഉദ്ഘാടനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ച് പ്രസംഗിക്കുന്നു*

# ഹാപ്പിനസ് മന്ത്ര: മൂല്യബോധത്തിന് പുതിയ മാറ്റൊലി

**തിരുവനന്തപുരം:** മൂല്യങ്ങളുടെ അഭാവമാണ് വിദ്യാഭ്യാസത്തെ അർത്ഥശൂന്യമാക്കുന്നതെന്നും നല്ല മനുഷ്യരെ വാർത്തെടുക്കാൻ കുട്ടിക്കാലം മുതലേ ശരിയായ മൂല്യബോധം ആവശ്യമാണെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. മനുഷ്യത്വമുള്ള പുതിയതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് വിദ്യാലയങ്ങൾക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു. അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ എഡ്യൂക്കേഷൻ ബോർഡ് തയ്യാറാക്കിയ മൂല്യബോധന പാഠ്യപദ്ധതിയുടെയും പുസ്തകങ്ങളുടെയും ഓറിയന്റേഷൻ പ്രോഗ്രാമുകളുടെയും ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അതിരൂപതാ അധ്യക്ഷൻ. ചടങ്ങിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ മുഖ്യപ്രഭാഷണം നടത്തി. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ മുന്നോട്ടുവച്ചിട്ടുള്ള ജീവിത നൈപുണികൾ ഉൾപ്പെടുത്തി ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും അനുഗുണമായ തരത്തിലാണ് പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും അടങ്ങുന്ന ‘ഹാപ്പിനസ് മന്ത്ര’ തയ്യാറാക്കിയിട്ടുള്ളതെന്ന് ഫാ. മെൽക്കൺ പറഞ്ഞു.

അതിരൂപതയിലെ സ്കൂൾ മാനേജർമാരും പ്രധാന അധ്യാപകരും പങ്കെടുത്ത ചടങ്ങിൽ അഞ്ചുമുതൽ ഒൻപതുവരെ ക്ലാസുകളിലേക്കുള്ള പാഠപുസതകങ്ങളുടെ വിതരണവും നടന്നു. വിദ്യാഭ്യാസ ശുശ്രൂഷ അസി. ഡയറക്ടർ ഫാ. ഇമ്മാനുവേൽ, ഹാപ്പിനസ് മന്ത്ര ടീം അംഗങ്ങളായ ഷമ്മി ലോറൻസ്, സ്റ്റാലിൻ ജി. അലക്സാണ്ടർ, ഹെർമിന സേവ്യർ, മനു എസ്. എസ്. തുടങ്ങിയവർ പ്രസംഗിച്ചു.



*തിരുവനന്തപുരം ലത്തീൻ അതുരൂപതയിൽ നാലുമക്കളിൽ കൂടുതലുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ബിഷപ്പ് നേരിട്ട് മാമ്മോദിസ നൽകുന്ന പദ്ധതിയനുസരിച്ച് തിരുവനന്തപുരം അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷ സംഘടിപ്പിച്ച ചടങ്ങിൽ മാമോദിസ സ്വീകരിച്ച കുഞ്ഞുങ്ങളും  മാതാപിതാക്കളും അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, കുടുംബ പ്രേഷിത ശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ. ജോൺ എന്നിവരോടൊപ്പം*

# വാർത്തകൾ

കൂടുതൽ വാർത്തകൾക്ക്
www.archtvmnews.com

## സ്വയം തൊഴിൽ പരിശീലനം

പുതുക്കുറിച്ചി: പുതുക്കുറിച്ചി ഫൊറോനയിലെ എസ്എച്ച്ജി അംഗങ്ങൾക്കായി സ്വയംതൊഴിൽ പരിശീലന കളരി സംഘടിപ്പിച്ചു. എൽഇഡി ബൾബ്, ട്യൂബ് എന്നിവയുടെ നിർമാണത്തിലാണ് പരിശീലനം സംഘടിപ്പിച്ചത്. ശാന്തിപുരത്തുവച്ച് നടന്ന പരിശീലന പരിപാടിയിൽ പാലപ്പൂർ ഇടവകാംഗം അശ്വതി ക്ലാസിന് നേതൃത്വം നൽകി. എസ് എച്ച് ജി രൂപതാ കോർഡിനേറ്റർ, പുതുക്കുറിച്ചി ഫെറോനാ ആനിമേറ്റർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.


പുതുക്കുറിച്ചി ഫൊറോനയിലെ എസ്എച്ച്ജി അംഗങ്ങൾക്കായി സംഘടിപ്പിച്ച സ്വയം തൊഴിൽ പരിശീലന ക്ലാസിൽ പങ്കെടുക്കുന്നവർ

## വാർഷികം ആഘോഷിച്ചു

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സെൻട്രൽ കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന വലിയതുറ സെന്റ് ആന്റണീസ് കോൺഫറൻസിന്റെ നാല്പത്തിഅഞ്ചാമത് വാർഷികം 125 നിർധനകുടുംബങ്ങൾക്ക് ക്രിസ്മസ്കിറ്റ് വിതരണം ചെയ്തുകൊണ്ട് ആഘോഷിച്ചു. വലിയതുറ സെന്റ് ആന്റണീസ് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ കോൺഫറൻസ് പ്രസിഡന്റ് ജോൺ ബെനഡിക്റ്റ് ഡിക്രൂസ് അധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. ആഷ്‌ലിൻ ജോസ് വാർഷികവും, ക്രിസ്മസ്സ് കിറ്റ് വിതരണവും ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡന്റ് ഡി.ഫ്രാൻസിസ് മുഖ്യ പ്രഭാഷണം നടത്തി. കോൺഫറൻസ് സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സെൻട്രൽ കൗൺസിൽ സെക്രട്ടറി ലോറൻസ് ടി.ജെ, സക്കറിയാസ്, സി സി പ്രോജക്റ്റ് ഓഫീസർ ഡോൺ ബോസ്കോ, സി സി ജോയിൻ സെക്രട്ടറി അനക്ലീറ്റ്, വലിയതുറ ഏരിയാ കൗൺസിൽ പ്രസിഡന്റ് സാംസൺ, ജോസ് ഗ്രേഷ്യസ് എന്നിവർ പ്രസംഗിച്ചു.



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വലിയതുറ സെന്റ് ആന്റണീസ് കോൺഫറൻസ് വാർഷികാഘോഷം ഇടവകവികാരി ഫാ. ആഷ്‌ലിൻ ജോസ് ഉദ്ഘാടനം ചെയ്യുന്നു



കെസിഎസ്എൽ ഭാരവാഹികൾ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. നിജു അജിത്തിനോടൊപ്പം

## കെസിഎസ്എൽ ലീഡേഴ്സ് മീറ്റ് നടന്നു

തിരുവനന്തപുരം: കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ ഈ വർഷത്തെ ലീഡേഴ്സ് മീറ്റിങ്ങും സെമിനാറും നടന്നു. ഡോ. മോൺ. തോമസ് നെറ്റോയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനം ആർ.സി സ്കൂൾ മാനേജർ ഫാ. ഡയസൻ ഉത്ഘാടനം ചെയ്തു. കെ സി എസ് എൽ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. നിജു അജിത്, ചെയർ പേഴ്സൺ ജീവ കെന്നഡി, പ്രസിഡന്റ് ഫ്ലോറൻസ് ഫ്രാൻസിസ്, ഓർഗനൈർ സിസ്റ്റർ ലെസ്ന എന്നിവർ നേതൃത്വം നൽകി.



*400 പേരെ പങ്കെടുപ്പിച്ചുകൊണ്ട്  മൂന്ന് മണിക്കൂറിനുള്ളിൽ സമ്പൂർണ ബൈബിൾ പകർത്തി എഴുത്തുപൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകിയ തിരുവനന്തപുരം ലത്തീൻ അതിരൂപത ലൂർദുപുരം ഇടവകാംഗം അനിൽ കുമാറിനെ കെ.സി.ബി. സി. ബൈബിൾ കമ്മിഷന്റെ നേതൃത്വത്തിൽ ചെയർമാൻ ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ അവാർഡ് നൽകി ആദരിക്കുന്നു.*

# കെഎൽഎം ലക്കി ടിപ്പ് കൊല്ലങ്കോട് യൂണിറ്റിന് ഒന്നാം സമ്മാനം

തിരുവനന്തപുരം: കെഎൽഎം പ്രവർത്തനഫണ്ട് സമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ലക്കി ടിപ്പ് നറുക്കെടുപ്പിൽ കൊല്ലംകോട് കെഎൽഎം യൂണിറ്റിന് ഒന്നാം സമ്മാനമായ ഒരുപവൻ സ്വർണം. ലക്കി ടിപ്പിലൂടെ 8,50,000 രൂപയാണ് കെഎൽഎം അതിരൂപതാ സമിതി സമാഹരിച്ചത്. പ്രവർത്തനഫണ്ട് സമാഹരണത്തിന് കെഎൽഎം അതിരൂപതാ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ, റ്റിഎസ്എസ്എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് കോർഡിനേറ്റർ അന്നാറീറ്റ തുടങ്ങിയവർ നേതൃത്വം നൽകി



*കെഎൽഎമ്മിന്റെ ധനശേഖരണാർത്ഥം നടത്തിയ ലക്കി ടിപ്പ് കൂപ്പണുകളുടെ നറുക്കെടുപ്പിന് കെഎൽഎം രൂപതാ എക്സിക്യൂട്ടീ സെക്രട്ടറി ഫാ. ജോൺ ഡാൾ, റ്റിഎസ്എസ്എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് എന്നിവർ നേതൃത്വം നൽകുന്നു*

# കഴക്കൂട്ടം മരിയൻ ആർക്കിടെക്ച്ചർ കോളേജിന് 5 റാങ്കുകൾ



**അമ്മു പ്രദീപ്കുമാർ**
*ഒന്നാം റാങ്ക്*



**അപർണ എ.പി.**
*മൂന്നാം റാങ്ക്*



**വിനില വിൻസെന്റ്**
*അഞ്ചാം റാങ്ക്*



**അഞ്ജന മേരി ജേക്കബ്**
*എട്ടാം റാങ്ക്*



**ജാസ്മിൻ അന്നാ മാക്സ്‌വെൽ**
*പത്താം റാങ്ക്*

**തിരുവനന്തപുരം:** ബി.ആർക്ക് പരീക്ഷയിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിലെ ഒന്നും മൂന്നും റാങ്കുകളുൾപ്പെടെ 5 റാങ്കുകൾ കരസ്ഥമാക്കി തിരുവനന്തപുരം ലത്തീൻ അതിരൂപത സ്ഥാപനമായ മരിയൻ കോളേജ് ഓഫ് ആർക്കിടെക്ച്ചർ & പ്ലാനിങ്ങിന് മികച്ച നേട്ടം. അമ്മു പ്രദീപ്കുമാറിനാണ് ഒന്നാം റാങ്ക്. കടയ്ക്കാവൂരിലെ പ്രദീപ്കുമാറിന്റെയും ലതികയുടെയും മകളാണ്. മൂന്നാം റാങ്ക് നേടിയ അപർണ എ.പി. കരമനയിലെ അനിൽകുമാറിന്റെയും പ്രിയയുടെയും മകളാണ്. അഞ്ചാം റാങ്കിനർഹയായ വിനില വിൻസന്റ് തൃക്കണ്ണാപുരം ഇടവകയിലെ വിൻസെന്റ് സൈമണിന്റെയും ലീനാ ദാസിന്റെയും മകളാണ്. എട്ടാം റങ്ക് കരസ്ഥമാക്കിയ അഞ്ജന മേരി ജേക്കബ്. മുട്ടട ഇടവകയിലെ ജേക്കബ് ഫെർണാണ്ടസിന്റെയും ക്ലമെന്റയിൻ ജേക്കബിന്റെയും മകളാണ്. പത്താം റാങ്കിനർഹയായ ജാസ്മിൻ അന്ന മാക്സ്‌വെൽ പേട്ട ഇടവകയിലെ മാക്സ്‌വെൽ ജോസഫിന്റെയും സൂസന്റെയും പുത്രിയാണ്.

കഥ

# ഉബുണ്ടു

ഉബുണ്ടു എന്ന് കേട്ടിട്ടുണ്ടോ നിങ്ങൾ?

എന്താണ് ഉബുണ്ടു ?

മൂന്ന് വർഷം മുമ്പ് ഒരു സുഹൃത്തിന്റെ വീട് സന്ദർശിച്ചപ്പോഴുണ്ടായ ഒരനുഭവം പറഞ്ഞു കൊണ്ട് ഇത് വിശദമാക്കാം.

ആ സുഹൃത്തിനൊരു മകളുണ്ട്..

ഒരു മിടുക്കി പെൺകുട്ടി .

ഒമ്പതു വയസ്സുകാരി .

നാലാം ക്ലാസ്സിൽ പഠിക്കുന്ന അവളുടെ വായനാമുറിയിൽ ധാരാളം പുസ്തകങ്ങൾ ഉണ്ടായിരുന്നു

അതു കണ്ടപ്പോ ഞാൻ ഒരു വ്യത്തികെട്ട ചോദ്യം ചോദിച്ചു പോയി

‘ ഓ ഇത്രയുമൊക്കെ മോള് വായിക്കാറുണ്ടോ . അപ്പോ ക്ലാസില് ഫസ്റ്റായിരിക്കുമല്ലോ?. ‘

ഫസ്റ്റാവുക എന്നതാണ് ജീവിത നേട്ടം എന്നതാണല്ലോ നമ്മുടെ പൊതുബോധം . അതു കരുതി ചോദിച്ചതാണ്.

പക്ഷേ അതിനവൾ പറഞ്ഞ മറുപടി സത്യത്തിൽ എന്നെ ലജ്ജിപ്പിച്ചു കളഞ്ഞു.

‘ ഞാനുണ്ടല്ലോ ഉണ്ണിയങ്കിളേ നാലാം ക്ലാസിലാ പഠിക്കുന്നേ..എന്നാ ഒരു നാലാം ക്ലാസുകാരിയേക്കാൾ ബുദ്ധിയൊക്കെ എനിക്കുണ്ട് കേട്ടോ .

അതുകൊണ്ട് വേണമെങ്കി എനിക്ക് ഈസിയായി ക്ലാസിൽ ഫസ്റ്റാകാവുന്നതേയുള്ളൂ.

പക്ഷേ ഞാൻ അങ്ങനെ ഫസ്റ്റാകത്തില്ല.

അതെന്താന്നറിയാവോ ?.ഞാൻ ഫസ്റ്റായാ എന്റെ കൂട്ടുകാരൻ ആൽബിൻ വിഷമിക്കും.

ആൽബിൻ പരീക്ഷേല് രണ്ടാമതായാൽ അവന്റെ പപ്പ അവന്റെ മമ്മിയെ വഴക്കു പറയും. അത് കേട്ട് ആ ആന്റി കരയും. അതോടെ അവര് തമ്മിലുള്ള ബന്ധം പിന്നെയും വഷളാകും.

എന്നാ ഞാൻ രണ്ടാമതായാലോ ഒരു കുഴപ്പോമില്ല. എന്റെ പപ്പാ ചിരിക്കത്തേയുള്ളൂ. ഒരു വഴക്കും പറയത്തില്ല. എന്നെ ഒന്നു ചേർത്തുപിടിക്കത്തേയുള്ളൂ.

അപ്പോപ്പിന്നെ ഞാൻ രണ്ടാമതാകുന്നതല്ലേ നല്ലത്?. ആൽബിൻ ഹാപ്പിയാകുവേം ചെയ്യും.

അവന്റെ മമ്മി കരയത്തുമില്ല. പപ്പ വഴക്കും പറയത്തില്ല. അപ്പോ അതല്ലേ നല്ലത്.?

നമ്മുടെ പ്രിയപ്പെട്ടവരുടെ സന്തോഷമല്ലേ നമ്മുടെ സന്തോഷം. അതോണ്ടാ ഞാനങ്ങനെ ചെയ്യുന്നത്.

എന്റെ പപ്പ എനിയ്ക്ക് ആഫ്രിക്കയിലെ കുട്ടികളുടെ ഉബുണ്ടുവിനെ കുറിച്ചു പറഞ്ഞുതന്നിട്ടുണ്ട്. അതുകൊണ്ടാ ഞാനിങ്ങനെയൊക്കെ ചെയ്യുന്നേ.

ഉണ്ണിയങ്കിളിനറിയത്തില്ലേ ഉബുണ്ടു എന്താന്ന്?

എനിക്കറിയാം എന്റെ ക്ലാസ്സിലെ കുട്ടികളാരും ഉബുണ്ടുവെന്നോ ഉബുണ്ടു ഫിലോസഫിയെന്നോ കേട്ടിട്ടേ ഉണ്ടാവില്ലെന്ന്.

ചിലപ്പോ എന്റെ ടീച്ചേർസിന് പോലും അതറിയത്തില്ലാരിക്കും.അതാ ഞാൻ പറഞ്ഞത് എനിക്ക് കുറച്ച് ലോകവിവരമൊക്കെ ഉണ്ടെന്ന്.

പക്ഷേ എന്റെ ലോകവിവരം എന്റെ പപ്പയൊഴിച്ച് മറ്റാരും അംഗീകരിക്കില്ല കേട്ടോ .

എന്റെ ടീച്ചേർസിനു എന്നോട് ദേഷ്യമൊന്നുമില്ല.എന്നാലും അവരുടെ ഗുഡ് ലിസ്റ്റിലൊന്നും ഞാനില്ല.

ഞാനതൊന്നും പിന്നത്ര കാര്യമാക്കാറില്ല കേട്ടോ. ചിലപ്പോ എന്റെ ചില ചോദ്യം ഉത്തരവുമൊക്കെ അവരെ ദേഷ്യം പിടിപ്പിക്കും അതാ കാര്യം. ഒരാപ്പിൾ എഴായി മുറിച്ചാൽ എന്നൊക്കെപ്പറഞ്ഞ് മാത്സ് ടീച്ചറ് ക്ലാസ്സിൽ പഠിപ്പിക്കും. അപ്പോ ഞാൻ പറയും ‘എന്നാത്തിനാ ടീച്ചറേ ആപ്പിൾ മുറിക്കുന്നേ? ഓറഞ്ചുപോരേ? അപ്പോൾപ്പിന്നെ മുറിക്കേണ്ടല്ലോ ‘എന്നൊക്കെ.

ഇതൊക്കെ കേക്കുമ്പോ ടീച്ചർക്ക് ദേഷ്യം വരും.

എന്നിട്ട് പാരന്റ്സിനെ വിളിച്ചോണ്ടു ചെല്ലാൻ പറയും. എന്റെ കുസൃതിയെ പറ്റി പറയാനാ അതുകൊണ്ടെന്താ മറ്റു കുട്ടികളുടെ പേരന്റ്സിന് വർഷത്തിലൊരിക്കൽ സ്കൂളിൽ ചെല്ലേണ്ടി വരുമ്പോ എന്റെ പപ്പ മാസത്തിലൊരിക്കൽ ചെല്ലേണ്ടിവരും. എന്നാലും പപ്പ എന്നെ വഴക്കു പറയത്തില്ല കേട്ടോ......‘

അവളന്ന് പറഞ്ഞ കാര്യങ്ങൾ ഞാനിത്രയും വിവരിച്ചതെന്തിനാണെന്നറിയാമോ ?

അവൾ പറഞ്ഞ ഉബുണ്ടുവിനെ പറ്റി പറയാൻ .

എന്താണ് ഉബുണ്ടു ?

അതൊരു ജീവിതാശയമാണ്.

ആഫ്രിക്കൻ ഗോത്ര ജനതയുടെ മാനുഷികത വ്യക്തമാക്കുന്ന ഒരാശ

യം . അതാണ് ഉബുണ്ടു.

വിശദമാക്കാം.

ഏതാനും വർഷങ്ങൾക്ക് മുമ്പ് ഒരു നരവംശ ശാസ്ത്രജ്ഞൻ ആഫ്രിക്കയിലെ ഒരു ആദിവാസി ഗ്രാമത്തിൽ പഠനത്തിനായി ചെന്നു.

തന്റെ ജോലികൾക്കിടയിൽ അവിടത്തെ കുട്ടികളുമായി വിനോദങ്ങളിൽ ഏർപ്പെടുക എന്നത് ഇദ്ദേഹത്തിന്റെ ശീലമായിരുന്നു.....

ഒരിക്കൽ അദ്ദേഹം ഒരു ബോക്സ് നിറയെ ചോക്കലേറ്റ് കൊണ്ടുവന്ന് ഒരിടത്ത് വച്ചു.

ശേഷം അവിടത്തെ കുറേ കുട്ടികളെ വിളിച്ച് കുറച്ചു ദൂരെ മാറ്റി നിരത്തി നിറുത്തി.

എല്ലാ കുട്ടികളും പരസ്പരം കൈകോർത്തു പിടിച്ച് ഒന്നിച്ചാണ് ഓടിയത്.

ഒരേ നിരയിൽ .

അങ്ങനെ ഒന്നിച്ചാണ് അവർ ചോക്കലേറ്റ് ബോക്സിനടുത്തെത്തിയതും വട്ടമിട്ട് അതിൽ തൊട്ടതും.

ശേഷം അവർ ആ ചോക്കലേറ്റ് തുല്യമായി വീതിച്ചെടുത്ത് സന്തോഷത്തോടെ കഴിച്ചു,

ആരും ധൃതി വച്ചില്ല. എല്ലാർക്കും ചോക്കലേറ്റ് കിട്ടുകയും ചെയ്തു.

ആന്ത്രോപ്പോളജിസ്റ്റിന് അതൊരത്ഭുതമായിരുന്നു.

അദ്ദേഹം ലജ്ജിതനായി.

തെല്ല് കഴിഞ്ഞപ്പോൾ 'നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്?' എന്ന് അദ്ദേഹം അവരോടു ചോദിച്ചു

മറ്റുള്ളവർ സങ്കടപ്പെടുമ്പോൾ ഒരാൾ മാത്രം എങ്ങനെ സന്തോഷിക്കും.?

വിശാലാർത്ഥത്തിൽ അതാണ് ഉബുണ്ടു .

ഓരോരുത്തരും എല്ലാവർക്കും വേണ്ടിയാകണം.

എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും.

ജീവിതം എന്നത് പരസ്പര സഹകരണം കൂടിയാണ്.

'നിങ്ങൾ ഉള്ളതു കൊണ്ടാണ് ഞാനും ഉള്ളത്. അതിനാൽ നമുക്ക് ഒന്നിച്ചു നിൽക്കാം '

ആ ഗോത്രവർഗക്കാരുടെ മാനുഷികത വ്യക്തമാക്കുന്ന ആശയമാണിത്



എന്നിട്ട് പറഞ്ഞു

' ഞാൻ സ്റ്റാർട്ട് പറയുമ്പോൾ ഇവിടെ നിന്നും നിങ്ങൾ ഓടണം. ഓടി ആദ്യം ആ ബോക്സിൽ തൊടുന്ന ആൾക്ക് അതിലെ ചോക്കലേറ്റ് മുഴുവനും . എടുക്കാം.....'.

ശേഷം അദ്ദേഹം വിളിച്ചു പറഞ്ഞു.

'റെഡി . സ്റ്റെഡി .ഗോ....'

പിന്നീട് സംഭവിച്ചത് ഒരത്ഭുതം ആയിരുന്നു,

ആരും മത്സരിച്ചോടിയില്ല.

അതിനവർ പറഞ്ഞ മറുപടി ഇതായിരുന്നു.

'ഞങ്ങൾ ഉബുണ്ടു അനുസരിക്കുന്നവരാണ്. '

ഉബുണ്ടു . ?

എന്താണ് ഉബുണ്ടുവിന്റെ സാരാംശം ?

അയാൾ അതെന്താണെന്ന് പിന്നീട് മുതിർന്നവരോട് ചോദിച്ചു മനസ്സിലാക്കി.

അതാണ് ഉബുണ്ടു.

ഈ ഭൂമിയിൽ ഒറ്റയ്ക്ക് സുഖമായി വാഴാൻ ആർക്കും ആവില്ല,

എല്ലാവരും പരസ്പരം സഹകരിക്കുമ്പോഴാണ് ഒരു സമൂഹം മികച്ചതാവുക.

അത് വിശദമാക്കുന്നു. ഈ ആഫ്രിക്കൻ ഗോത്രവർഗ സിദ്ധാന്തം.

— — — — — — — — — — — —

*കടപ്പാട്:*

**സോഷ്യൽ മീഡിയ**

# തെരഞ്ഞെടുപ്പുകളൊന്നും വെറുതെയല്ല !

**ആണ്ടുവട്ടം 5-ാം ഞായർ (ഫെബ്രു. 06)** ഏശ. 6:1-2, 3-8. 1 കോറി. 15: 1-11. ലൂക്ക. 1: 11

**ഫാ. വർഗീസ് ജോസഫ്**

**കർത്താവിന്റെ തിരഞ്ഞെടുപ്പിന്റെ ഏറ്റവും ശ്രേഷ്ഠതയാണ് നിസഹായരായി അവന്റെ മുന്നിൽ നിൽക്കുക എന്നതാണ്. പിന്നെ യോഗ്യരാകുന്നത് അവന്റെ കരവിരുതാണ്!**

സ്വർഗ സമാനമായ അനുഭവം ഉണ്ടായിട്ടുണ്ടോ? കേൾക്കുന്ന വചനത്തിൽ കർത്താവിന്റെ സ്വരം തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ. ഒടുവിൽ രക്ഷകനെ സ്വീകരിച്ചുവരുമ്പോഴും എന്തുമാത്രം ഭാരപ്പെടുന്നുണ്ട് നമ്മൾ? ദേവാലയത്തിന്റെ ഉള്ളിൽ കാട്ടിയ വിശുദ്ധി പുറത്ത് ഇറങ്ങിപ്പോകുമ്പോഴും കൂട്ടായി നിർത്താൻ കഴിയുന്നുണ്ടോ? തീക്കനലാൽ എശയ്യാ ശുദ്ധീകരിക്കപ്പെടുമ്പോഴും അയയ്ക്കപ്പെടാൻ സന്നദ്ധത പ്രകടമാക്കുമ്പോഴും ആലയത്തിന്റെ സ്വർഗസമാനമായ വിശുദ്ധി ഉള്ളിൽ കെടാതെ സൂക്ഷിച്ചു, അയോഗ്യതയിൽ യോഗ്യതയിലേക്ക് ഉയരാൻ ഉള്ളിൽ സ്വർഗസമാനമായ വിളിയിൽ ജീവിക്കുക.

തെരഞ്ഞെടുപ്പിന്റെ വലിയ മഹത്വം നാം ദർശിക്കുന്നത് രണ്ടാം വായനയിലെ പൗലോസ് അപ്പസ്തോലന്റെ വാക്കുകളിലാണ്. ലഭിച്ച വിളിയിൽ രണ്ടാമത്തെ ഘട്ടം സുവിശേഷം പ്രഘോഷിക്കുകയാണ് (1 കൊറി. 15:1) സുവിശേഷം എന്നത് നല്ല വാർത്തയാണ്. ഭൂമി കണ്ട ഏറ്റവും നല്ല വാർത്തയുടെ പേര് ക്രിസ്തു എന്നാണ്. ഈ ക്രിസ്തുവിനെ പ്രഘോഷിക്കുക എന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. ഈ സുവിശേഷം പ്രഘോഷിക്കേണ്ടതും അത് സ്വീകരിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. കൃത്യമായി പൗലോസ് അപ്പസ്തോലൻ ഈ കടമയെക്കുറിച്ച് പറയുന്നുണ്ട്. 'ഞങ്ങളിൽ നിന്ന് നിങ്ങൾ ശ്രവിച്ച ദൈവവചനം മനുഷ്യരുടെ വചനമായിട്ടല്ല. വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവത്തിന്റെ വചനമായിട്ടാണ് നിങ്ങൾ സ്വീകരിച്ചത് (1 തെസ 2:13). ഈ ബോധ്യമാണ് രക്ഷ പ്രദാനം ചെയ്യുന്നത്.

തെരഞ്ഞെടുക്കപ്പെട്ടവർക്കെല്ലാം പറയാനുള്ളത് വിളിച്ചവൻ കാട്ടിയ കരുണയുടെ കഥയാണ്. എല്ലാ തെരഞ്ഞെടുപ്പുകളുടെയും പ്രത്യേകത ഒന്നുമാത്രമാണ്, അയോഗ്യതയിൽ നിന്ന് വിളിച്ചു എന്നുള്ളത്. യോഗ്യമായതിനെ മാത്രം തെരഞ്ഞെടുക്കുക തമ്പുരാന്റെ കരവിരുതല്ല. മാറ്റിനിർത്തിയതിനെയും തള്ളിപ്പറഞ്ഞതിനെയും ആർക്കും വേണ്ടാത്തതിനെയും സ്വന്തമാക്കി നിയോഗിക്കുന്നതാണ് കർത്താവിന്റെ പ്രത്യേകത.

ഏശയ്യായുടെ ദൗത്യത്തിന്റെ ആരംഭമാണ് ഒന്നാം വായന. മറ്റ് പ്രവാചകന്മാരിൽ നിന്നും വ്യത്യസ്തമായി ഏശയ്യാ വിളി സ്വീകരിക്കുന്നത് ദൈവാലയത്തിൽ ആരാധന നടത്തുമ്പോഴാണ്. യഹൂദർ ദൈവം ഭൂമിയിൽ വസിക്കുന്നു എന്ന് വിശ്വസിച്ചിരുന്നു. ഭൂമിയിൽ ആലയത്തിലാണ് വസിക്കുന്നതെന്ന് കൃത്യമായി അവർ മനസ്സിലാക്കി. അതുകൊണ്ട് തന്നെ ആലയത്തെ ദൈവത്തിന്റെ സ്വർഗീയ സിംഹാസനത്തിന്റെ കണ്ണാടി എന്ന് അവർ വിശ്വസിച്ചു.

ഏശയ്യയ്ക്ക് വിളിയിൽ ലഭിക്കുന്ന വെളിപാടുപോലും സ്വർഗീയ അനുഭൂതിയിലാണ്. സെറാഫുകളുടെ സാന്നിധ്യവും അവരുടെ മഹത്വമുള്ള പരിശുദ്ധൻ എന്ന വാക്കും (ഏശയ്യാ 6:3) ഏശയ്യായുടെ ആലയത്തെ സ്വർഗസമാനമാക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഇനി കേൾക്കുന്ന ഓരോ വാക്കും അത് സ്വർഗത്തിന്റേതാണെന്നും ദൈവത്തിന്റേതാണെന്നും ഉള്ള തിരിച്ചറിവിൽ ഏശയ്യാ എത്തുന്നുണ്ട്.

തിരഞ്ഞെടുപ്പിന്റെ മുഖമുദ്രയായി നിലനിൽക്കുന്നത് ക്രിസ്തുവുമായുള്ള കണ്ടുമുട്ടലാണ്. ഏതെങ്കിലും ഒരു അവസരത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടുക എന്നുള്ളതാണ് പ്രധാനം. ഉത്ഥിതനായ ക്രിസ്തുനാഥൻ പത്രോസിന് പ്രത്യക്ഷപ്പെട്ടു (ലൂക്കാ. 24:34). ശിഷ്യന്മാർക്ക് പ്രത്യക്ഷനായി (മാർ 16:14; ലൂക്കാ 24:36 -43, യോഹ 20. 19-25). തുടർന്ന് നിസാരനായ പൗലോസിനും (1 കോറി 15: 9) പ്രത്യക്ഷനായി. എളിമ നിറഞ്ഞ ഏറ്റു പറച്ചിലിനൊടുവിൽ ഉയർത്തപ്പെടുന്നതാണ് ദൈവവിളി.

സുവിശേഷം തെരഞ്ഞെടുപ്പിന്റെ പൂർണ ദർശനം കാട്ടിത്തരുന്നുണ്ട്. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്നത് ശിമയോന്റെ വലിയ വിലാപമാണ്. അവന്റെ കണ്ണീരിന് രാത്രിയെ പകലാക്കിയതിന്റെ അദ്ധ്വാനമുണ്ട്. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുന്നിടത്ത് കർത്താവിന്റെ വലിയ അത്ഭുതം നടക്കും. ആ അത്ഭുതം പുതിയൊരു ജീവിതത്തിന് വേണ്ടിയാണ്. നിസഹായനായി നിന്ന പത്രോസിനോട് കർത്താവ് പറഞ്ഞു: കരയിൽ നിന്ന് അൽപ്പം അകലേക്ക് വള്ളം നീക്കൂ. അത്രയേയുള്ളൂ കാര്യം. ഒന്ന് ആഴത്തിൽ വലയിറക്കിയാൽ തീരാവുന്ന പ്രശ്നങ്ങളെ നമ്മുടെ ജീവിതത്തിൽ ഉള്ളൂ. വലിയ അത്ഭുതം കണ്ട പത്രോസ് തന്റെ നിസ്സഹായത വിളിച്ചുപറഞ്ഞു. കർത്താവേ, എന്നിൽ നിന്ന് അകന്നുപോകണമോ (ലൂക്ക. 5:8) പിന്നീട് പത്രോസ് മനുഷ്യനെ പിടിക്കുന്നവനാണ്.

കർത്താവിന്റെ തിരഞ്ഞെടുപ്പിന്റെ ശ്രേഷ്ഠത നിസഹായരായി അവന്റെ മുന്നിൽ നിൽക്കുക എന്നതാണ്. പിന്നെ യോഗ്യരാകുന്നത് അവന്റെ കരവിരുതാണ്! ■

# സുവിശേഷഭാഗ്യങ്ങൾ സ്വർഗത്തിലേക്കുള്ള നടപാത

**ആണ്ടുവട്ടം 6-ാം ഞായർ (ഫെബ്രു. 13)**

ജറെ. 17: 5-8, 1. കോറി. 15, 12: 16-20. ലൂക്ക. 6: 17: 20-26

**ഫാ. ഡൈസൻ**

പഴയ നിയമത്തിൽ മനുഷ്യനെ സൗഭാഗ്യവാനാക്കാൻ ദൈവം സീനായ് മലയിൽ വച്ച് സ്വന്തം വിരൽ തുമ്പു കൊണ്ടെഴുതിയ പത്തു കല്പനകൾ (സൗഭാഗ്യങ്ങൾ) നല്കിയെങ്കിൽ, പുതിയ നിയമത്തിൽ പുത്തൻ മലയിൽ (സമതലം) വച്ച് യേശു എട്ടു സൗഭാഗ്യങ്ങൾ (കല്പനകൾ) നല്കുന്നു. അഷ്ടസൗഭാഗ്യങ്ങളിൽ യേശുവിന്റെ മുഖഭാവം തെളിയുകയും, അവന്റെ സ്നേഹം വെളിപെടുകയും ചെയ്യുന്നുവെന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നു.

**ദാരിദ്ര്യവും, പട്ടിണിയും, വിലാപവും, സഹനവും നമ്മെ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കാൻ പ്രേരിപ്പിക്കുമ്പോൾ ദൈവം നമ്മുടെ പ്രത്യാശയായി മാറുന്നു. നമ്മുടെ ആശ്രയം ദൈവത്തിലാകുമ്പോൾ നമ്മൾ അനുഗ്രഹിക്കപ്പെട്ടവരാകുന്നു.**

## ആരാണ് സൗഭാഗ്യവാൻ (അനുഗ്രഹിതൻ)?

കർത്താവിൽ ആശ്രയിക്കുന്നവൻ സൗഭാഗ്യവാൻ (സങ്കീ 40:4). അവൻ ആറ്റിൻതീരത്തു നട്ട മരം പോലെയാണ്. അത് വെള്ളത്തിലേക്കു വേരൂന്നിയിരിക്കുന്നു (ജെറ 17: 7-8). കർത്താവിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്ത മറിയം ഭാഗ്യവതിയെന്ന് എലിസബത്ത് വെളിപ്പെടുത്തുന്നു (ലൂക്ക 1:45).

സൗഭാഗ്യത്തിനു വേണ്ടിയുള്ള അനന്തമായ ഒരാഗ്രഹം ദൈവം മനുഷ്യരായ നമ്മുടെ ഉള്ളിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ ആഗ്രഹം സഫലികരിക്കാൻ, തൃപ്തിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമെ സാധിക്കുകയുള്ളൂ. മനുഷ്യ വ്യക്തികൾക്കോ ഈ ലോക വസ്തുക്കൾക്കോ ഈ ആഗ്രഹത്തെ പൂർത്തികരിക്കുവാൻ സാധിക്കുകയില്ല. യൂദാസ് ഈ ആഗ്രഹത്തെ പണം കൊണ്ട് തൃപ്തിപ്പെടുത്തുവാൻ ഇച്ഛിച്ചു. അനന്തരഫലം ദുർമരണമായിരുന്നു. സാവൂളും, ഹെറോദേസും അധികാരം കൊണ്ട് സഫലികരിക്കുവാൻ ആഗ്രഹിച്ചു. അനന്തരഫലം മനുഷ്യകുരുതിയായിരുന്നു. സോളമൻ രാജാവ് ആദ്യം ജ്ഞാനം കൊണ്ടും, പിന്നെ വിഗ്രഹാരാധന കൊണ്ടും തൃപ്തിപ്പെടുത്തുവാൻ അഭിലഷിച്ചു. അനന്തരഫലം ദൈവത്തിൽ നിന്ന് അകന്നു പോയി. സെബദി പുത്രന്മാർ ഉന്നതസ്ഥാനം കൊണ്ട് സഫലികരിക്കുവാൻ ആഗ്രഹിച്ചു. അവർ മറ്റു ശിഷ്യരുടെ അവജ്ഞക്ക് പാത്രിഭവിച്ചു. മനുഷ്യൻ സംതൃപ്തനാകുന്നത് ദൈവത്തിങ്കലേക്ക് തിരിയുമ്പോഴാണ്. ഭൂമിയിൽ ഒന്നിനും മനുഷ്യനെ തൃപ്തിപ്പെടുത്തുവാ

നാവില്ലായെന്ന് വി.ജോൺ മരിയ വിയാനി പറയുന്നു. വി.അഗസ്റ്റിനും ഇങ്ങനെ കുറിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചവനു മാത്രമെ മനുഷ്യനെ സന്തുഷ്ടനാക്കാൻ കഴിയുകയുള്ളൂ. സൗഭാഗ്യം നമ്മിലല്ല; സൗഭാഗ്യം ദൈവത്തിലാണ്. അതുകൊണ്ട് സൗഭാഗ്യവാനാകാൻ ദൈവത്തിൽ ആശ്രയിക്കണം.

### സുവിശേഷഭാഗ്യങ്ങൾ ക്രൈസ്തവരുടെ തിരിച്ചറിയൽ കാർഡ്

നല്ല ക്രൈസ്തവനാകാൻ എന്തു ചെയ്യണമെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഗിരി പ്രഭാഷണമെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. സുവിശേഷഭാഗ്യങ്ങൾ നമ്മുടെ ജീവിത സാഹചര്യത്തിൽ സാക്ഷാത്കരിക്കുമ്പോൾ യേശുവിന്റെ മുഖമാണ് നമ്മുടെ ജീവിതങ്ങളിൽ തെളിയുന്നത്. അതിന് യേശുവിന്റെ മനസ്സും ഹൃദയവും സ്വന്തമാക്കണം. അപ്രകാരമുള്ള വ്യക്തിക്ക് ദാരിദ്ര്യത്തെ സൗഭാഗ്യമായി കാണുവാൻ സാധിക്കും. നമ്മുടെ ജീവിതത്തിന്റെ സുരക്ഷിതത്വം സമ്പത്തിൽ കണ്ടെത്തിയാൽ, അതിന് ഭീഷണിയുർന്നാൽ നിരാശയായിരിക്കും അനന്തരഫലം. എന്നാൽ സുരക്ഷിതത്വം ദൈവത്തിലാണെങ്കിൽ സമ്പത്തിന് ജീവിതത്തിൽ സ്വാധീനമുണ്ടാവുകയില്ല. ദാരിദ്ര്യം സുകൃതമായും സ്നേഹമായും മാറും. സുകൃതമാകുന്ന, സ്നേഹമാകുന്ന ദാരിദ്ര്യം ഹൃദയത്തിലുണ്ടാകുന്നതാണ് വിശുദ്ധി. ദാരിദ്ര്യത്തെ, വിശപ്പിനെ, കണ്ണുനീരിനെ, സഹനത്തെ, സുകൃതമായി, അനുഗ്രഹമായി കാണുന്നവനാണ് ഒരു നല്ല കൈസ്ത്രവൻ. അതുകൊണ്ടു തന്നെ സുവിശേഷഭാഗ്യം ഒരു ക്രൈസ്തവന്റെ തിരിച്ചറിയൽ കാർഡായി മാറുന്നത്.

### സുവിശേഷഭാഗ്യങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള നടപാത

ദൈവം ഇഷ്ടപ്പെടുന്നതെല്ലാം ഇഷ്ടപ്പെടുക, എപ്പോഴും അതു തന്നെ ഇഷ്ടപ്പെടുക. എല്ലാ സന്ദർഭങ്ങളിലും കലവറയില്ലാതെ അതു തന്നെ ഇഷ്ടപ്പെടുക. സുവിശേഷഭാഗ്യങ്ങൾ ദൈവത്തിന്റെ ഇഷ്ടങ്ങളാണ്. ദൈവത്തിന്റെ ഇഷ്ടങ്ങൾ എന്റെ ഇഷ്ടങ്ങളായി മാറുമ്പോൾ എന്റെ മുമ്പിൽ സ്വർഗ്ഗത്തിലേക്കുള്ള നടപാത തുറക്കപ്പെടുന്നു; മാത്രമല്ല എന്നിൽ ദൈവത്തിന്റെ ചിത്രം അനാവരണം ചെയ്യപ്പെടുന്നു. ശിഷ്യൻ ഗുരുവിനോടു ചോദിച്ചു. എന്നിൽ ദൈവത്തെ കാണാൻ ഞാൻ എന്തു ചെയ്യണം? നീ നിന്നെത്തന്നെ കാണാതാകുമ്പോൾ നീ ദൈവത്തെ കാണും!

ഈ ലോകത്തെ, ഇതിലെ യഥാർത്ഥ്യങ്ങളെ ജഡികകമായി മാത്രം കാണാതെ ദൈവികമായി കാണുവാൻ നാം നമ്മെത്തന്നെ ദൈവത്തിന് വിട്ടു കൊടുക്കണം. വിശുദ്ധിയെന്നാൽ ദൈവത്തിനു നമ്മത്തന്നെ വിട്ടുകൊടുക്കലാണ്. ദൈവത്താൽ രൂപന്തരപ്പെടുത്തുവാൻ വിട്ടുകൊടുക്കലാണ്. ധൂർത്തൻ തന്നെ തന്നെ വിട്ടു കൊടുത്തപ്പോൾ ദൈവം തന്റെ പൈതലായി രൂപന്താരപ്പെടുത്തി. എന്നിൽ ഞാനല്ല ജീവിക്കുക; ക്രിസ്തു ജീവിക്കുന്ന രീതിയിൽ രൂപാന്തിരികരണം സംഭവിക്കണം! അപ്പോൾ എന്നിൽ ദൈവത്തെ കാണാനാകും!

ദൈവത്തെ കാണാൻ, സ്വർഗ്ഗത്തിലേക്കുള്ള നടപാത കണ്ടെത്തുവാൻ സുവിശേഷഭാഗ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കണം. സുവിശേഷഭാഗ്യങ്ങളെ കുറിച്ച് രാഷ്ട്രപിതാവായ ഗാന്ധിജി പറയുന്നു: പുതിയ നിയമം എനിക്ക് സമ്മാനിച്ചത് വ്യത്യാസ്തമായൊരു നവ്യാനുഭൂതിയായിരുന്നു. പ്രത്യേകിച്ച് ഗിരിപ്രഭാഷണം എന്റെ ഹൃദയത്തെ വളരെയധികം സ്വാധീനിച്ചു. വീണ്ടും അദ്ദേഹം പറയുന്നു: ഭഗവത്ഗീത നഷ്ടപ്പെടുകയും അതിലെ ഉള്ളടക്കം മുഴുവൻ വിസ്മരിക്കുകയും ചെയ്താൽ പോലും ഗിരിപ്രഭാഷണത്തിന്റെ ഒരു പകർപ്പ് ഉണ്ടെങ്കിൽ ഗീതയിൽ നിന്നും അനുഭവിച്ചറിഞ്ഞ അനുഭൂതി ഇന്നും എനിക്ക് അനുഭവിക്കാൻ കഴിയും.

ദാരിദ്ര്യവും, പട്ടിണിയും, വിലാപവും, സഹനവും നമ്മെ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കാൻ പ്രേരിപ്പിക്കുമ്പോൾ ദൈവം നമ്മുടെ പ്രത്യാശയായി മാറുന്നു. നമ്മുടെ ആശ്രയം ദൈവത്തിലാകുമ്പോൾ നമ്മൾ അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ■

# ശത്രുക്കളെ സ്നേഹിക്കുവിൻ

**ആണ്ടുവട്ടം 7-ാം ഞായർ (ഫെബ്രു. 20)** 1 സാമു. 26: 7-9, 12-13. 22-23. 1 കോറി. 15: 45-49, ലൂക്ക. 6: 27-38

**ഫാ. വിക്ടർ എവരിസ്റ്റസ്**

ലൂക്കായുടെ സുവിശേഷത്തിൽ 4:44 മുതൽ 9: 50 വരെയുള്ള ഭാഗത്ത് യേശു ഗലീലിയിൽ നിന്ന് യഹൂദർ വസിക്കുന്ന പ്രദേശങ്ങളിൽ എല്ലാം വചനപ്രഘോഷണം നടത്തുകയാണ്. ഈ ഭാഗത്താണ് ഇന്നത്തെ വചനഭാഗം കാണപ്പെടുന്നത്. ഈ വചനങ്ങൾ സമതല പ്രസംഗത്തിന്റെ പ്രധാനഭാഗമായി കാണപ്പെടുന്നു. മത്തായിയുടെ സുവിശേഷത്തിൽ മലയിലെ പ്രസംഗമാണ് ഉള്ളത്. അവിടെ യേശുവിനെ പുതിയ മോശയായി ചിത്രീകരിക്കുന്നു. മൂന്നാമത്തെ സുവിശേഷത്തിലാകട്ടെ, യേശു ജനങ്ങൾ വസിക്കുന്ന സമതലത്തിൽ വന്ന് ദരിദ്രരായ അവരോട് ഇഴുകി ചേർന്ന് അവർക്ക് വചനം മുറിച്ചുനൽകുന്നു.

സമൂഹത്തിൽ നടമാടുന്ന നാലുതരം തിന്മകളെ യേശു ആദ്യമേ ചൂണ്ടിക്കാട്ടുന്നുണ്ട്. മറ്റുള്ളവരെ ദ്വേഷിക്കുക, ബഹിഷ്കരിക്കുക, ശപിക്കുക, അപകീർത്തിപ്പെടുത്തുക

എന്നിവയാണവ. സഭാ ചരിത്രത്തിലെ ആദ്യനൂറ്റാണ്ടുകളിൽ സഭ ഏറ്റവും കൂടുതൽ അനുഭവിച്ച തിന്മകളാണ് ഇക്കാര്യങ്ങൾ. ആദിമ സഭയെ ഇത്തരം അനുഭവങ്ങളിൽ തളരാതെ പിടിച്ചുനിർത്തിയത് യേശു അവയ്ക്കുപകരം നൽകിയ നാല് പരിഹാരമാർഗങ്ങളാണ്. സ്നേഹിക്കുക, നന്മ ചെയ്യുക, അനുഗ്രഹിക്കുക, പ്രാർഥിക്കുക എന്നിവ. മറ്റുള്ളവരിൽ നിന്ന് ക്രിസ്തുവിശ്വാസികളെ വ്യത്യസ്തരാക്കുന്നത് ഈ ബദൽ സംസ്കാരമാണ്.

സ്നേഹത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള ക്രിസ്തുവിന്റെ പാഠങ്ങൾ അപ്രായോഗികം എന്നുപറയരുത്. ഇന്നത്തെ സുവിശേഷ വചനങ്ങൾ കേൾക്കുമ്പോൾ ചിലരെങ്കിലും ഒരുപക്ഷേ, മന്ത്രിച്ചേക്കാം; 'അതൊക്കെ പള്ളിയിൽ ചെന്നുപറഞ്ഞാൽമതി.' "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ." മനസ്സിലാക്കി വിലയിരുത്തിയാൽ, ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താൻ ഏറ്റവും എളുപ്പം യേശുനാഥന്റെ ഈ സന്ദേശം തന്നെ. ശത്രുവിനെ തോൽപ്പിക്കുന്നതാണോ ശത്രുവിനെ സ്നേഹിക്കുന്നതാണോ ഏറ്റവും എളുപ്പം..?

ഔസേപ്പ് ചേട്ടൻ, അയൽക്കാരനായ ഉറുമീസുമായി ശത്രുതയിലായി. ഒരു സെന്റ് ഭൂമിയെ ചൊല്ലിയുള്ള തർക്കമാണ് കടുത്ത വൈരാഗ്യത്തിലേക്ക് നയിച്ചത്. കേസ് കോടതിവരെയെത്തി, ആ വകയിൽ കാശ് ഒരുപാട് ചെലവായി, വീട്ടിൽ സ്വസ്തതയില്ലാതായി, ഔസേപ്പ് ചേട്ടന് ഉറക്കമില്ലാതായി. പ്രഷറും കൂടി.. അവസാനം കോടതി വിധിച്ചു: ആ ഒരു സെന്റ് ഭൂമി ഉറുമീസിന് വിട്ടുകൊടുക്കണം. ശത്രുവിനെ ദ്വേഷിച്ചതുനിമിത്തം ഔസേപ്പ് ചേട്ടനുണ്ടായത് നഷ്ടങ്ങൾ മാത്രം. ആകപ്പാടെ അധികമായി കിട്ടിയത് പ്രഷർ മാത്രം. അതേ സമയം, ഒരു സെന്റ് ഭൂമിയല്ലേ അതവൻ കൊണ്ടുപോകട്ടെ എന്ന് കരുതിയിരുന്നെങ്കിലോ, അയാൾക്ക് സ്വസ്ഥമായി കിടന്ന് ഉറങ്ങാമായിരുന്നു. അപ്പന്റെ ജീവിതം മക്കൾക്ക് സുകൃതമാകുകയും ചെയ്തേനെ.

ശത്രുവിനെ ദ്വേഷിക്കുമ്പോൾ നഷ്ടങ്ങളാണുണ്ടാകുമെന്നത് തീർച്ച. എങ്കിൽ ശത്രുവിനെ സ്നേഹിക്കുന്നതല്ലേ കൂടുതൽ പ്രായോഗികം. പക്ഷേ, മനോഭാവത്തിൽ മാറ്റംവരുത്തണമെന്നു മാത്രം. ചിലപ്പോഴെങ്കിലും തോറ്റു കൊടുക്കാൻ എനിക്ക് മനസ്സുണ്ടാകണം. ജയിക്കുന്ന കളികളിൽ ഏർപ്പെടാനാണ് നമുക്ക് താല്പര്യം. ക്രിസ്തുവാകട്ടെ, തോൽക്കുന്ന കളികളിൽ മാത്രം പങ്കെടുത്ത് സ്നേഹത്തിന്റെ ഭാഷ്യം പകർന്നുതന്നവനാണ്. സ്നേഹം, തോൽക്കാനുള്ള മനസ്സാണ്. ശത്രുവിനെ തോല്പിക്കുവാൻ വേണ്ടി യേശു ചെയ്തത്, അവനെ സ്നേഹിച്ചുവെന്നത് മാത്രമാണ്. മാൽക്കൂസിന്റെ മുൻപിലും, ശതാധിപന്റെ പക്കലും, കുന്തം കൊണ്ട് കുത്തി മുറിവേൽപ്പിച്ചവന്റെ അടുക്കലും തോറ്റു കൊടുത്തുകൊണ്ട്, യേശു അവരെ സ്നേഹിച്ചു. അപ്രകാരമുള്ള യേശുവിനെ ഇനി അവർ എങ്ങനെ വെറുക്കും...? ഒരുപക്ഷേ, യോഹന്നാനേക്കാൾ കൂടുതലായി യേശുവിനെ കുറിച്ചുള്ള സ്നേഹഗീതങ്ങൾ പാടിയത്, ശത്രുസ്നേഹത്തിന്റെ പുതുഭാഷ്യം രചിച്ചത് ഇവരൊക്കെയായിരുന്നിരിക്കണം.

മറ്റുള്ളവരെന്നോട് എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ച് എനിക്ക് ചില കാഴ്ചപ്പാടുകളൊക്കെയുണ്ട്. പക്ഷേ, മറ്റുള്ളവരോട് ഞാൻ എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് എനിക്കൊരു ചിന്തപോലുമില്ലെന്നതാണ് ബന്ധങ്ങളിലെ ഏറ്റവും വലിയ ദുരന്തം. വീട്ടിൽ ഭക്ഷണത്തിന് മീൻ വിളമ്പുമ്പോൾ മീനിന്റെ നടുകഷണം കിട്ടണമെന്നതാണ് എന്റെ ആഗ്രഹം; പക്ഷേ, ഞാനെപ്പോഴാണ് എന്റെ സ്നേഹത്തിന്റെ നടുക്കഷണം അപ്പനും അമ്മയ്ക്കുമായി നീട്ടുക. മരുമകൾ എന്നെ കുറച്ചു കൂടി പരിഗണിച്ചിരുന്നെങ്കിൽ എന്നൊരു ചിന്തയാണ് എന്റേത്... പക്ഷേ, ഞാനെപ്പോഴാണ് അവളെക്കുറിച്ച് രണ്ട് നല്ല വാക്ക് പറയുക. അധികാരികൾ കുറച്ചു കൂടി സൗമനസ്യം എന്നോട് കാണിച്ചെങ്കിൽ; പക്ഷേ, ഞാനെപ്പോഴാണ് എന്റെ ഉത്തരവാദിത്വങ്ങളോട് കുറച്ചുകൂടി വിശ്വസ്തത കാണിക്കുക. എന്റെ പാട്ടുകേട്ട് അവൾക്ക് എന്നെ ഒന്ന് പ്രോത്സാഹിപ്പിച്ചുകൂടേ; പക്ഷേ, ഞാനെപ്പോഴാണ് അവളുടെ നൃത്തം നല്ലതായിരുന്നു എന്ന് പറഞ്ഞിട്ടുള്ളത്.

സുഹൃത് ബന്ധങ്ങളെപ്പറ്റി ഒരാൾ വ്യാഖ്യാനിച്ചതിങ്ങനെ: ഞാൻ സുഹൃത്തുക്കളെ തേടിപ്പോയി. ആരെയും കണ്ടില്ല. പിന്നീട് ഞാൻ തന്നെ ഒരു നല്ല സുഹൃത്തായി മാറാൻ ശ്രമിച്ചു. അപ്പോൾ എല്ലാവരും എനിക്ക് സുഹൃത്തുക്കളായി... എല്ലാ നന്മകളും ആരംഭിക്കേണ്ടതും എല്ലാ തിന്മകളും അകറ്റേണ്ടതും അവന്റെയും അവളുടെയും ഭാഗത്തുനിന്നാണെന്ന് ചിന്തിക്കാതെ, എന്റെ ഭാഗത്തുനിന്നാണെന്ന് ചിന്തിച്ചുകൂടേ... അപ്പോൾ കാര്യങ്ങളൊക്കെ നേരെയാകും... യേശുനാഥന്റെ പഠനങ്ങൾ തന്നെ ഏറ്റവും പ്രായോഗികം. ■

**ശത്രുവിനെ ദ്വേഷിക്കുമ്പോൾ നഷ്ടങ്ങളാണുണ്ടാകുമെന്നത് തീർച്ച. എങ്കിൽ ശത്രുവിനെ സ്നേഹിക്കുന്നതല്ലേ കൂടുതൽ പ്രായോഗികം. പക്ഷേ, മനോഭാവത്തിൽ മാറ്റംവരുത്തണമെന്നുമാത്രം. ചിലപ്പോഴെങ്കിലും തോറ്റുകൊടുക്കാൻ എനിക്ക് മനസ്സുണ്ടാകണം.**

# ശരിയായ വഴികാട്ടികളായി മാറാം

**ആണ്ടുവട്ടം 8-ാം ഞായർ (ഫെബ്രു. 27)** പ്രഭാ. 27: 5-8, 1 കോറി. 15: 54-48, ലൂക്ക. 6: 39-45

**ലോറൻസ് കുലാസ്**

"സമതല പ്രസംഗങ്ങ"ത്തിലെ (Sermon on the Plain) മൂന്നാമത്തെ പ്രധാന ഭാഗം ഇന്നത്തെ സുവിശേഷത്തിൽ നമുക്ക് ലഭിക്കുന്നു. "അവൻ അവരോടു ഒരു ഉപമയും പറഞ്ഞു" എന്ന 'ട്രാൻസിഷണൽ ക്ലോസ്' മുഖേനയാണ് പ്രസംഗത്തിലെ ഈ ഭാഗം ലൂക്കാ അവതരിപ്പിക്കുന്നത് (കാണുക, 5:36;8:4;12:16; 13:6; 14:7;15:3;18:1;21:29). തുടർന്ന്, നാല് ഉപമകളുടെ ഒരു തരംഗം ഉണ്ടാകുന്നു (6:39-40, 41-42,43-45, 46 -49). ഇവയിൽ ആദ്യമൂന്ന് ഉപമകൾ ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ സുവിശേഷം.

അന്ധന് ഒരു വഴി കാട്ടി ആവശ്യമാണ് (6:39). അതിനാൽ ഒരു അന്ധന് മറ്റൊരാളെ നയിക്കാൻ കഴിയില്ല. അനുബന്ധ വാചകത്തിന്റെ ഭാഷയിൽ, ഒരു വഴികാട്ടിയാകാൻ, ശിഷ്യർ ഗുരുവിൽ നിന്ന് പഠിക്കേണ്ടതുണ്ട് (6:40). രണ്ടാമത്തെ ഉപമ, ആദ്യ ഉപമയിലെ ആശയം തന്നെ ഒരു വിചിത്രമായ ആലങ്കാരിക പ്രയോഗത്തിലൂടെ ചിത്രീകരിക്കുന്നു. ഒരാൾ മറ്റൊരാളെ സഹായിക്കുന്നതിന് മുമ്പ്, അയാൾ തന്റെ തെറ്റുകൾ ശ്രദ്ധിക്കണം - ആദ്യം നിങ്ങളുടെ സ്വന്തം കണ്ണിൽ നിന്ന് തടി നീക്കം ചെയ്യുക, അപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ അയൽക്കാരന്റെ കണ്ണിലെ കരട് കാണുവാൻ കഴിയും (6:41-42). നല്ല ശിഷ്യരാകുവാനുള്ള നമ്മുടെ ശ്രമങ്ങൾ, അന്ധർക്കുള്ള വഴികാട്ടികൾ ആകുക, അയൽക്കാരുടെ കരടുകൾ നീക്കം ചെയ്യുന്നവരാകുക, എന്നിവയ്ക്ക് ഒരു നല്ല ഹൃദയം - സ്വഭാവത്തിന്റെ സമഗ്രത - ആവശ്യമാണ്. നല്ല വൃക്ഷം മാത്രമേ നല്ല ഫലം പുറപ്പെടുവിക്കുന്നുള്ളൂ (6:43-45).

> **ഏതൊരു വൃക്ഷത്തെയും അതിന്റെ ഫലത്തിൽ നിന്ന് തിരിച്ചറിയാം. നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുന്നു. സ്വഭാവശുദ്ധിയുള്ളവർ സത്ഗുണങ്ങൾ പുറപ്പെടുവിക്കുന്നു.**

മനുഷ്യജീവിതത്തിന്റെ ഏത് മേഖലയിൽ വർത്തിക്കുന്നവരായാലും അവിടെ അവർ ശോഭിക്കുന്നത് അവരവർ സ്വീകരിക്കുന്ന സ്വഭാവ വൈശിഷ്ട്യതയും അതിന്റെ ചുവടുപിടിച്ചു മുന്നോട്ടു നീങ്ങുന്ന നിലപാടുകളുമാണ്. ജന്മനാ അന്ധനായവൻ നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ മുന്നോട്ടു നീങ്ങുവാൻ ശ്രമിക്കുന്നു. മുന്നോട്ടുള്ള തന്റെ ഗമനത്തിന് അവൻ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ പൊതുവായ ഒരു സഹായം ആവശ്യമാണ്. അതുപോലെ അവന്റെ ആന്തരിക വ്യക്തിത്വത്തിന്റെ വികാസത്തിന് ഒരു വഴികാട്ടിയുടെ ആവശ്യമുണ്ട്. വഴികാട്ടുന്നവൻ അന്ധനായിരിക്കരുത്. വഴികാട്ടി അന്ധനായാൽ അന്ധനായിരിക്കും അന്ധനെ നയിക്കുന്നത്. ആയതിനാൽ വഴിക്കാട്ടിക്ക് സത്സംഗങ്ങൾ ഉണ്ടായിരിക്കണം. സത്ഗുണം സത്സഗത്തിൽ നിന്നുമാണ് ലഭിക്കുന്നത്. ആകയാൽ സത്ഗുരുവിൽനിന്ന് വഴികാട്ടി പഠിക്കണം.

ഗുരുവിൽനിന്ന് വഴികാട്ടി ആർജിക്കേണ്ട ഏറ്റവും വലിയ പാഠം ആത്മവിശകലനമാണ്. സ്വയം വിലയിരുത്തുമ്പോഴാണ് ഒരു വഴികാട്ടി എന്ന നിലയിൽ ഞാൻ യോഗ്യനാണോയെന്ന് തിരിച്ചറിയുന്നത്. ആത്മ പരിശോധനയിൽ ആത്മവിമർശനത്തിനും കാരണമുണ്ട്. 'മറ്റുള്ളവരെ വിധിക്കാതിരിക്കാൻ' ആത്മവിമർശനം കൂടിയേതീരൂ. നാം മറ്റൊരാളെ വിധിക്കുമ്പോൾ ഒരു പറ്റം വിധികൾ നമുക്കെതിരേയും ചൂണ്ടുന്നുണ്ടോ? എന്തുകൊണ്ടാണ് നാം മറ്റൊരാളെ വിധിക്കാൻ മുതിരുന്നത്? നാം ആരേ വിധിക്കുവാൻ ശ്രമിക്കുന്നുവോ ആ വ്യക്തിയുടെ യഥാർത്ഥ അവസ്ഥയിലേക്ക് നമുക്ക് ഇറങ്ങിചെല്ലാൻ കഴിയാത്തതുകൊണ്ടാണ് അയാളെ നാം വിധിക്കാൻ മുതിരുന്നത്. ഒരു വ്യക്തിയെ, അയാൾ ആയിരിക്കുന്ന അവസ്ഥയിൽ മനസിലാക്കുവാൻ കഴിഞ്ഞാൽ 'വിധിക്കാൻ' നാം ഒരുമ്പെടുകയില്ല. ഗുരു പഠിപ്പിച്ച ഒരു പാഠവും അതുതന്നെയാണ്: വിധിക്കരുത്, കുറ്റം ആരോപിക്കരുത്.

ഇപ്രകാരമുള്ള ഒരു സമീപനത്തിന് വഴികാട്ടിക്ക് അഥവാ ശിഷ്യർക്ക് ഉണ്ടായിരിക്കേണ്ടത് നല്ലൊരു ഹൃദയമാണ്. നനവുള്ള, ആർദ്രമായ, മാംസളമായ ഒരു ഹൃദയം സമഗ്രസ്വഭാവരൂപീകരണത്തിന്റെ ഭാഗമാണ്. ഏതൊരു വൃക്ഷത്തെയും അതിന്റെ ഫലത്തിൽ നിന്ന് തിരിച്ചറിയാം. നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുന്നു. സ്വഭാവശുദ്ധിയുള്ളവർ സത്ഗുണങ്ങൾ പുറപ്പെടുവിക്കുന്നു. സമഗ്രമായ സ്വഭാവശുദ്ധിയുള്ളവർ സത്ഗുണങ്ങൾ പുറപ്പെടുവിക്കുന്നു. നന്മയിൽ നിന്നും നന്മയുളവാകുന്നു. നന്മയ്ക്ക് നിധാനം നന്മ നിറഞ്ഞ ഹൃദയമാണ്. ഈ പാഠവും ശിഷ്യർ സ്വീകരിക്കേണ്ടത് സത്ഗുരുവിൽനിന്നുതന്നെയാണ്. ■






**ഇതുവരെ നമുക്കറിയാമായിരുന്ന യേശു പരിശുദ്ധനും ധീരനുമായിരുന്നെങ്കിൽ ഈ നോവൽ അവനെ പ്രിയങ്കരനും നമ്മുടെ പരിചിതനുമാക്കിമാറ്റുന്നു.**

**യേശുവിന്റെ പരസ്യജീവിതത്തിന് മുമ്പുള്ള 30 വർഷത്തെ സംഭവബഹുലമായ ജീവിതകഥ**

# ‘പാദങ്ങളെ പ്രണയിച്ച പെൺകുട്ടി’

‘പാദങ്ങളെ പ്രണയിച്ച പെൺകുട്ടി’ എന്ന നോവൽ യേശുക്രിസ്തു എന്ന യുഗപുരുഷന്റെ മൂന്നുവർഷത്തെ പരസ്യ ജീവിതത്തിനുമുൻപുള്ള മുപ്പതുവർഷത്തെ സംഭവബഹുലമായ ജീവിതകഥയാണ്. ഒരു തീമഴ പോലെ യേശു മുപ്പതാം വയസ്സിൽ ഗലീലിയായിൽ പെയ്തിറങ്ങിയെങ്കിൽ അവൻ അതിനുമുൻപ് എവിടെയായിരുന്നു എന്ന് ചോദിക്കുന്നതിൽ അർത്ഥശങ്കയ്ക്ക് വകയില്ല. അവൻ മനുഷ്യരുടെ സ്നേഹപ്പുഴ നീന്തിത്തുടിച്ചും കളിച്ചും ചിരിച്ചും പഠിച്ചും പഠിപ്പിച്ചും സ്നേഹിച്ചും കാത്തിരുന്നും സ്വപ്നം കണ്ടും ഒരു സാധാരണക്കാരനെപ്പോലെ ജീവിച്ചു. ആത്മസംഘർഷങ്ങളെ പരുവപ്പെടുത്തി ധർമിഷ്ടനായ ഒരു ഗുരുവായി തീർന്നു. സ്നേഹസമ്പന്നനായ ഒരു മകനായും ഏട്ടനായും ഗൃഹനാഥനായും അവൻ തന്നെത്തന്നെ രൂപപ്പെടുത്തി. തീർത്തും നിരാലംബരും ബലഹീനരുമായ മനുഷ്യരുടെ കുറവുകൾ കണ്ടും കേട്ടും അനുഭവിച്ചും അവരിലേക്ക് താദാത്മ്യപ്പെട്ടു. ഒടുവിൽ സഹനമാർഗത്തിലൂടെ മാനവകുലത്തെ മോചിപ്പിക്കുവാനുള്ള പിതാവായ ദൈവത്തിന്റെ തീരുമാനം യേശു പൂർണമായും ഏറ്റെടുക്കുന്നിടത്ത് ഈ നോവൽ അവസാനിക്കുന്നു.

യേശുവിന്റെ പാദങ്ങൾ ഈ നോവലിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന പ്രമേയമാണ്. അവിന്റെ പാദങ്ങളിൽ തൈലംപൂശി, തലമുടികൊണ്ട് തുടച്ച് ഉമ്മവയ്ക്കുന്ന സ്നേഹപ്രകടനം നാലുസുവിശേഷങ്ങളിലും പ്രതിപാദിക്കുന്നുണ്ടെങ്കിലും യോഹന്നാന്റെ സുവിശേഷത്തിലെ ആ സ്ത്രീ ബഥനിയിലെ ലാസറിന്റെ സഹോദരി മറിയമാണ്. ആ പാദങ്ങൾ കഥാനായികയുടെ ഹൃദയസ്പന്ദനങ്ങൾ തൊട്ടറിയുന്നു. ബൈബിളിലെ അനേകം കഥാപാത്രങ്ങളും ലോകചരിത്രത്തിലെ അതികായൻമാരും ഇതിലെ കഥാപാത്രങ്ങളാകുന്നു. യേശുവിന്റെ കാലഘട്ടവും അതിന്റെ ലാളിത്യവും ചരിത്രസംഭവങ്ങളും ഒക്കെ കാല്പനികതയുടെ അകമ്പടിയോടെ അവതരിക്കപ്പെടുന്നു. നാല്പതോളം പുസ്തകങ്ങളുടെ രചയിതാവും കവിയും ഗാനരചയിതാവും പണ്ഡിതനുമായ കെ. ജയകുമാർ ഐഎഎസ് ഈ പുസ്തകത്തെ അവതരിപ്പിക്കുന്ന ചില വാക്യങ്ങൾ ഇപ്രകാരമാണ്.

– യാഥാർത്ഥ്യമെന്ന് തോന്നിപോകുന്ന ഒരു സങ്കല്പ സൃഷ്ടിയാണ് ഈ സാഹിത്യകൃതി.

– അനേകം നൂലിഴകൾകൊണ്ട് നെയ്തെടുത്ത ഒരു ചിത്ര കമ്പളം പോലെയാണ് ഈ നോവലിന്റെ ആഖ്യാനഘടന.

– പാത്രസൃഷ്ടിയിലും നാടകീയതയിലും നോവലിസ്റ്റ് അസാധാരണ നൈപുണ്യം കാഴ്ചവയ്ക്കുന്നു.

– അമ്മയായ മറിയവും യേശുവുമായുള്ള ബന്ധത്തിന്റെ സൗന്ദര്യം ഇതിലേറെ ഹൃദ്യമായി നമ്മളൊരിക്കലും അറിഞ്ഞിട്ടില്ല.

– കാവ്യാത്മകമായ ഭാഷാ ഔചിത്യഭംഗിയുള്ള വിവരണങ്ങൾ, നാടകീയമായ സന്ദർഭങ്ങൾ, ശില്പഘടനയുടെ ഒതുക്കം, നൈർമ്മല്യം കൊണ്ട് ഒളിവീശുന്ന കഥാപാത്രങ്ങൾ.

– ഇതുവരെ നമുക്കറിയാമായിരുന്ന യേശു പരിശുദ്ധനും ധീരനുമായിരുന്നെങ്കിൽ ഈ നോവൽ അവനെ പ്രിയങ്കരനും നമ്മുടെ പരിചിതനുമാക്കിമാറ്റുന്നു.

പല പുസ്തകങ്ങളിൽ നിന്നും ചിത്രങ്ങളിൽ നിന്നും നാം ഇന്നോളം പരിചയപ്പെട്ട യേശവിന്റെ മുഖഭാവങ്ങൾ മാറ്റിവച്ച് ഈ പുസ്തകം തുറക്കൂ. നന്മയുടെ അലയൊലികൾ സ്വരുക്കൂട്ടിയ ഒരു സാധാരണ മനുഷ്യനെ കാണാം അവന്റെ ദിവ്യത്വം പ്രപഞ്ചമാകെ ചിറകടിച്ചുയരുന്നതു കാണാം.

വചനജ്വാല

2022 ഫെബ്രുവരി മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# കൂട്ടായ്മയിലും പങ്കാളിത്തത്തിലും വളരാൻ നമുക്ക് പരസ്പരം സംസാരിക്കുന്നവരുമാകാം

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

## ആമുഖം

"സിനഡാത്മകതയുടെ പാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ മുന്നിലുള്ളത്." ഫ്രാൻസിസ് പാപ്പയുടെ ഈ പ്രസ്താവന ഇന്ന് ലോകമെമ്പാടുമുള്ള സഭാമക്കൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. **"ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം"** എന്ന വിഷയത്തെ ആസ്പദമാക്കി മെത്രാന്മാരുടെ സിനഡ് 2023 ഒക്ടോബറിൽ റോമിൽ നടക്കാനിരിക്കുന്നു. ഈ ഒരുമിച്ചുള്ള യാത്രയിൽ സിനഡ് ചർച്ചാവിഷയത്തെക്കുറിച്ച് വിപുലമായൊരു കൂടിയാലോചന പ്രക്രിയ പാപ്പ വിഭാവന ചെയ്തിരിക്കുന്നു. ഇതിൽ സഭയുടെ ചെറിയ പതിപ്പായ അടിസ്ഥാനക്രൈസ്തവ സമൂഹങ്ങളും (ബിസിസികൾ) പങ്കുചേരണമെന്ന് പാപ്പ ആഗ്രഹിക്കുന്നു. ബിസിസി സിനഡിലൂടെ നമുക്കും ഈ ആത്മീയ കൂടിയാലോചനയിൽ പങ്കാളികളാകാം.

## നമുക്ക് ഓർമ്മിക്കാം

സഭ എന്താണെന്നും സഭയിൽ നാം ഓരോരുത്തരും ആരാണെന്നും എന്താണെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65) നമ്മെ പഠിപ്പിക്കുകയുണ്ടായി. അതിലൂടെ, സഭ ദൈവജനമാണെന്നും, സഭ ഒരു കൂട്ടായ്മയാണെന്നും, സഭയുടെ പ്രേഷിതദൗത്യത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കും ഒരു പങ്കുനിർവഹിക്കാനുണ്ടെന്നും നാം തിരിച്ചറിഞ്ഞു. ഈ നൂതന സഭാദർശനം ആഴത്തിൽ ഉൾക്കൊള്ളുവാനും അനുഭവിക്കുവാനും അത് പ്രയോഗികമാക്കുവാനും നമ്മുടെ രൂപത ദൃഢനിശ്ചയം ചെയ്തു. അതിന്റെ

ഭാഗമായി 1990 കളിൽ ആവിർഭവിച്ച താണ് ഇന്നു കാണുന്ന അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും (ബിസിസി കളും) അതിൽനിന്നു രൂപംകൊണ്ട ഇടവക കൗൺസിലും ധനകാര്യ സമി തിയും വിവിധ ശുശ്രൂഷാ സമിതികളും ഇതര സംവിധാനങ്ങളും. അതിനാൽ ഇന്ന് പാപ്പ മുന്നോട്ട് വയ്ക്കുന്ന ആലോചനാവിഷയങ്ങൾ നമുക്ക് പ്രസക്തവും നവീകരണത്തിന് ഒരു അവസരവുമാണ്.

## എന്താണ് ബി.സി.സി. സിനഡ്?

ഒരു ബിസിസി യൂണിറ്റിലുള്ള എല്ലാ കുടുംബങ്ങളും ഒരുമിച്ച് കൂടി പ്രാർഥിക്കുകയും, സിനഡ് വിഷയ ങ്ങൾ വിചിന്തനം ചെയ്യുകയും, തങ്ങ ളുടെ അനുഭവങ്ങളും അഭിപ്രായ ങ്ങളും പങ്കുവയ്ക്കുകയും ചെയ്യുന്ന താണ് ബി.സി.സി. സിനഡ്.

എല്ലാവർക്കും ഹൃദയം തുറന്ന് സംസാരിക്കുവാനും മറ്റുള്ളവരെ വിശാലമനസ്സോടെ ശ്രവിക്കുവാനും അവസരമുണ്ടാകുന്നതിലൂടെ ഓരോ ബി.സി.സി.യിലും ഒരു സിനഡൽ അനുഭവം സംജാതമാക്കുകയാണ് ലക്ഷ്യം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നിർദ്ദേശങ്ങൾ

1. കുടുംബസിനഡുകൾ നടന്നതിനു ശേഷം ഫെബ്രുവരി, മാർച്ച് മാസ ങ്ങളിൽ രണ്ട് ബിസിസി സിനഡ് നടത്തുക (ഒരു മാസം ഒന്ന്).
2. യൂണിറ്റിലെ എല്ലാ ഭവനങ്ങളും ബിസിസി യൂണിറ്റ് ലീഡേഴ്സും ശുശ്രൂഷ പ്രതിനിധികളും സന്ദർശിച്ച് എല്ലാവരുടെയും പങ്കാ ളിത്തം ഉറപ്പാക്കുക.
3. ബി.സി.സി. യൂണിറ്റ് സെക്രട്ട റിയോ/ചുമതലപ്പെടുത്തുന്ന മറ്റൊരാളോ സിനഡിൽ പങ്കുവ യ്ക്കപ്പെടുന്ന അനുഭവ ങ്ങളുടെയും ആശയങ്ങളുടെയും ചുരുക്കം രേഖപ്പെടുത്തുകയും അതൊരു റിപ്പോർട്ടായി ഇടവക സിനഡൽ കൺവീനറെ ഏല്പി ക്കുക. ഇത് പിന്നീട് ഇടവക സിന ഡിന്റെ ചർച്ചാരേഖയാകും.
4. സിനഡ് യോഗത്തിൽ ചോദ്യങ്ങ ളുടെ പ്രതികരണം പങ്കുവ യ്ക്കുന്ന സമയം, ആവശ്യമെ ങ്കിൽ, പങ്കെടുക്കുന്നവർ ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞ് അത് നട ത്താവുന്നതാണ്.
5. ബിസിസി സിനഡ് നടത്താനുള്ള ക്രമവും വിചിന്തന വിഷയവും ദൈവചനഭാഗവും കൂടിയാലോച നയ്ക്കും പങ്കുവയ്ക്കലിനും സഹായകരമായ ചോദ്യങ്ങളും ചുവടെ ചേർക്കുന്നു. ഇവയുടെ കോപ്പി യൂണിറ്റ് അംഗങ്ങൾക്ക് മുൻകൂട്ടി നല്കുന്നത് നല്ലതായി രിക്കും.

## വിചിന്തനത്തിനുള്ള പൊതുവായ ചോദ്യം

കൂട്ടായ്മയുടെയും പങ്കാളിത്ത ത്തിന്റെയും പ്രേഷിതദൗത്യത്തി ന്റെയും ഒരുമിച്ചുള്ള യാത്ര (സിനഡ്) നിങ്ങളുടെ ബിസിസിയിൽ എപ്പോൾ എങ്ങനെ നടക്കുന്നു? ഈ സഹയാ ത്രയിൽ കൂടുതൽ വളരാൻ എന്തുചെ യ്യണമെന്നാണ് പരിശുദ്ധാത്മാവ് ഇന്ന് നിങ്ങളോട് ആവശ്യപ്പെടുന്നത്?

1) പരിശുദ്ധാത്മാവിന്റെ ഗാനം
2) സ്വാഗതം
3) പ്രാരംഭ പ്രാർത്ഥന

**പരിശുദ്ധാത്മാവേ, അങ്ങേ നാമ ത്തിൽ ഒരുമിച്ചുകൂടി അവിടുത്തെ സന്നിധിയിൽ ഞങ്ങൾ നിൽക്കു ന്നു. അങ്ങ് ഞങ്ങളുടെ ഹൃദയ ങ്ങളിൽ വാഴുകയും ഞങ്ങളെ ന യിക്കുകയും ചെയ്യണമേ. പോകേണ്ട വഴിയും മുന്നേറേണ്ട പാതയും പഠിപ്പിക്കണമേ. ഞങ്ങ ളുടെ ബി.സി.സി.യെയും അതിലെ എല്ലാ കുടുംബങ്ങ ളെയും ഈ കൂടി ആലോ ചനയോഗത്തെയും അനുഗ്രഹി ക്കണമെ. ആമേൻ**

4) വചനഗീതി
5) **വചനപാരായണം : ലൂക്കാ 24:13-20**
6) വചനവിചിന്തനം

വഴിയും സത്യവും ജീവനുമായ ക്രിസ്തുവാണ് എല്ലാ മനുഷ്യരു ടെയും രക്ഷയിലേക്കുള്ള വഴി. കുരിശുമരണത്തോടെ എല്ലാം അവസാനിച്ചെന്നു കരുതി എമ്മാ വൂസിലേക്ക് മടങ്ങിപ്പോയ ശിഷ്യ ന്മാരുടെ കൂടെ നടന്ന് അവരെ കേട്ട് കൊണ്ടും ഹൃദയം ജ്വലിക്കു മാറ് അവരോട് സംസാരിച്ചുകൊ ണ്ടും യേശു തന്നിലേക്ക് അവരെ തിരിച്ചുകൊണ്ട് വന്നു. അകന്ന് നിൽക്കുന്നവരെയും മുറിവേറ്റവ രെയും പാർശ്വവല്ക്കരിക്കപ്പെട്ടവ രെയും പരസ്പരം കേട്ട് കൊണ്ടും തുറന്ന മനസ്സോടെ സംസാരിച്ചുകൊണ്ടും ക്രിസ്തു നാഥൻ കാണിച്ചുതന്ന പാതയി ലൂടെ നമുക്കും ഒരുമിച്ചു സഞ്ച രിക്കാൻ പരിശ്രമിക്കാം.

7) വിശ്വാസപ്രമാണം
8) **സംസാരിക്കാൻ സഹായി ക്കുന്ന ചോദ്യങ്ങൾ:**

1. അയൽപക്ക കുടുംബങ്ങളുടെ കൂട്ടായ്മയാണ് ഓരോ ബിസി സിയും. വ്യക്തികളുടെയും കുടും ബങ്ങളുടെയും പരസ്പരബന്ധ ങ്ങൾ സ്നേഹത്തിലും സൗഹൃ ദത്തിലും ഊന്നിയുള്ളതാകുമ്പോ ഴാണ് കൂട്ടായ്മാനുഭവം ഉണ്ടാകു ക. വ്യക്തി ബന്ധങ്ങളുടെയും കൂട്ടായ്മയുടെയും കെട്ടുറപ്പിന് അംഗങ്ങൾക്കിടയിൽ ശരിയായ രീതിയിൽ ആശയവിനിമയം (പരസ്പരം ഹൃദയം തുറന്നുള്ള സംസാരവും ശ്രദ്ധയോടെയുള്ള ശ്രവണവും) നടക്കണം. ഇക്കാ ര്യങ്ങളിൽ, നിങ്ങളുടെ ബിസിസി കൂട്ടായ്മയെക്കുറിച്ച് നിങ്ങൾക്ക് എന്തുതോന്നുന്നു? കൂട്ടായ്മ മെച്ച പ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പങ്കുവയ്ക്കുക.
2. ജ്ഞാനസ്നാനത്തിലൂടെ നാം ഓരോരുത്തരും സഭയുടെ അംഗ ങ്ങളും ക്രിസ്തുവിന്റെ ഇടയ-പു രോഹിത-പ്രവാചക ധർമ്മങ്ങ ളിൽ പങ്കാളികളുമായി. നമ്മുടെ ബിസിസിയിലും ഇടവകയിലു മുള്ള സഭാ ജീവിതത്തിലും പ്രവർത്തനങ്ങളിലും യൂണിറ്റ് അംഗങ്ങളുടെ പങ്കാളിത്തം എപ്ര കാരമാണ്? അതെങ്ങനെ മെച്ചപ്പെ ടുത്താം?
3. നമ്മുടെ ഇടവകയിലെ ആരാധ നയും പ്രാർത്ഥനയും ആഘോഷ ങ്ങളും ദൈവത്തിന്റെ സ്വരം കേൾക്കുവാനും നമ്മുടെ ഒരുമി ച്ചുള്ള സഞ്ചാരത്തിനും എങ്ങനെ സഹായകരമാകുന്നു?

9) വിശ്വാസികളുടെ പ്രാർത്ഥന
10) സമാപനഗാനം.

## നേർക്കാഴ്ച

**ജെ.സി.**

# മാനവികതയിലൂന്നിയ ജീവിതം

മനുഷ്യൻ എന്ന വിശേഷണത്തിന് അർഹമാക്കുന്ന യോഗ്യതയാണ് മാനവികത എന്നത്. ഈശ്വരചിന്തയുടെയും ആധ്യാത്മികതയുടെയും അടിസ്ഥാനം മാനവികതാവിചാരത്തിലൂന്നിയതാണല്ലോ. മനുഷ്യന് വേണ്ടിയുള്ള പ്രവർത്തനങ്ങളും സമീപനങ്ങളുമാണ് ഏതൊരു ദർശനത്തെയും വ്യവസ്ഥിതിയെയും സാർത്ഥകമാക്കുന്നത്. മറ്റൊന്നിനേക്കാളും മാനവികതാ വിചാരത്തെ അടിസ്ഥാനമാക്കിയ മതവും രാഷ്ട്രീയവും ശാസ്ത്രവും സാങ്കേതികവിദ്യയുമാണ് ഇന്ന് പ്രസക്തം. ലോകത്തെ കനിവോടും നീതി ബോധത്തോടും മനുഷ്യസമൂഹത്തിന് കൂടുതൽ യോജിച്ച ഒരിടമായിത്തീർക്കുന്നുവെന്നതാണ് നവമാനവികതാ സമീപനം. മാനവികതയുടെ പ്രകാശഭൂമിയിൽ നിന്ന് ആധുനിക സംസ്കൃതി ഏറെ ദൂരം വ്യതിചലിച്ചിരിക്കുന്നു. യൂറോപ്പിലെ നവോത്ഥാനം ഒരു പുതുലോകം സൃഷ്ടിക്കുമെന്നും മനുഷ്യനായിരിക്കും ആ ലോകത്തിന്റെ കേന്ദ്രസ്ഥാനമെന്നും അന്ന് കരുതിപോന്നു. എന്നാൽ വ്യവസായ വിപ്ലവം യൂറോപ്പിൽ സൃഷ്ടിച്ചത് ചൂഷണത്തിന്റെയും അന്യവൽക്കരണത്തിന്റെയും അനുഭവങ്ങളായിരുന്നു. ആ വ്യവസായ വിപ്ലവത്തിന്റെ ഗുണഭോക്താക്കൾ സമ്പന്നരും അധികാരവർഗവുമായിരുന്നു. യൂറോപ്യൻ സാമ്രാജ്യത്വ മോഹങ്ങളാണ് ഏഷ്യയിലെയും ആഫ്രിക്കയിലെയും തെക്കൻ അമേരിക്കയിലെയും രാജ്യങ്ങളെ കീഴടക്കി അധികാരം സ്ഥാപിച്ച് കൊളോണിയലിസമായി പരിണമിച്ചത്. കൊളോണിയൽ അപമാനവീകരണത്തിന് കുറച്ചെങ്കിലും ഉപശാന്തി ഉണ്ടായതും മാനവിക മൂല്യങ്ങൾക്ക് ഉൽക്കർഷത്തിനുള്ള മനുഷ്യന്റെ ഒരവകാശത്തിന് ഒട്ടൊക്കെ അംഗീകാരം ലഭിച്ചതും കൊളോണിയലിസത്തോടൊപ്പം വന്ന മിഷണറിമാരുടെ വിശാലദർശനമായിരുന്നു. മറ്റൊരു സാമൂഹ്യക്രമം ഹിന്ദുമതത്തിനുള്ളിലും സമാനമായ പരിഷ്കൃതങ്ങൾ നടന്നു. ആധുനിക വിദ്യാഭ്യാസം പകർന്നുകൊടുത്ത ലിബറൽ ചിന്തകളുമെല്ലാം ചേർന്ന ഒരന്തരീക്ഷം ഒരു പുതിയ മാനവികതയ്ക്ക് വേണ്ടി ഭാരതത്തെ 19-ാം നൂറ്റാണ്ടിൽ തന്നെ ഒരളവുവരെ സജ്ജീകരിച്ചിരുന്നു.

അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും നീരാളിപിടുത്തത്തിൽ കേരളത്തിൽ മാറുമറയ്ക്കൽ സമരത്തിനും, വൈക്കം സത്യഗ്രഹത്തിനും മിശ്രഭോജനത്തിനും കളമൊരുക്കിയത് ചരിത്രത്തിന്റെ നീതി ബോധമായിരുന്നു. മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന ശ്രീനാരായണഗുരുവും വിദ്യയിലൂടെ വിമോചനം എന്ന ആശയത്തിന് കേരളത്തിൽ വേരോട്ടമുണ്ടായി. ഈ സാമൂഹ്യ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെയും കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനം തഴച്ചുവളർന്നത്. ഒരു സ്വതന്ത്ര പരമാധികാര ജനാധിപത്യരാഷ്ട്രമായി നാം രൂപപ്പെട്ടിട്ടിപ്പോൾ ഏഴുപതിറ്റാണ്ടുകൾ കഴിഞ്ഞു. രാഷ്ട്രീയ സ്വാതന്ത്ര്യവും പൊതുജനാരോഗ്യവും വിദ്യാഭ്യാസവുമെല്ലാം കൂടുതൽ വ്യാപിച്ചു. പട്ടിണികുറഞ്ഞു. മതേതര ചിന്തകൾ രൂപപ്പെട്ടു.

എന്നാൽ ഇന്ന്കാതലായ അനേകം മൂല്യങ്ങൾക്ക് ഇളക്കം സംഭവിച്ചിരിക്കുന്നു. സുസ്ഥാപിതമെന്ന് കരുതപ്പെട്ടിരുന്ന മാനവമൂല്യങ്ങൾ ഭീഷണി നേരിടാൻ തുടങ്ങിയിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യകൾ സാമ്പത്തികവും സാമൂഹ്യവുമായ പാർശ്വവൽക്കരണം വ്യാപകമായി. സമ്പത്ത് കേന്ദ്രീകൃതമാവുന്ന പ്രവണത വ്യാപകമാവുന്നു. പരിസ്ഥിതിധ്വംസനവും അറിവിന്റെ മേലുള്ളനിയന്ത്രണവും മനുഷ്യ സമത്വത്തേയും അവകാശങ്ങളെയും ഏറ്റവും വിനാശകരമായി ബാധിക്കുന്നു. ഇപ്പോൾ ഈ കൊറോണ കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം വ്യാപകമായപ്പോൾ തന്നെ ഡിജിറ്റൽ വിഭജനം വളരെ വ്യക്തമായി. പൊതുജീവിതത്തിന്റെ സമസ്തശാഖകളും സ്വകാര്യമേഖലയുടെ സ്വാധീനത്തിലാവുകയും ഭരണകൂടം അവിടെ നിന്നെല്ലാം പിൻവാങ്ങുകയും ചെയ്യുമ്പോൾ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നു.


മാനവികത നഷ്ടപ്പെടുത്തുന്ന ഏതു പ്രവൃത്തിയും അസ്വീകാര്യമെന്ന് പ്രഖ്യാപിക്കാൻ കഴിയുന്ന ആദർശ ധീരതയും നേതൃത്വവും പുതിയ തലമുറയിൽ നിന്നുണ്ടാവണം. പരിസ്ഥിതിയോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാവുകയും പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള ആഭിമുഖ്യം പ്രകാശിപ്പിക്കാൻ കഴിയുന്ന ജനമുന്നേറ്റത്തിലൂടെ മാത്രമേ നവമാനവികതയുടെ സാധ്യത തെളിഞ്ഞുവരൂ. ഈ വെല്ലുവിളിയാണ് നാമിന്ന് ഏറ്റെടുക്കേണ്ടതും. ■


സെന്റ് തോമസ് ദൈവാലയം
വേളി, തിരുവനന്തപുരം
അത്ഭുതപ്രവർത്തകനായ
വിശുദ്ധ അന്തോനീസിന്റെ
തിരുനാൾ മഹോത്സവം
2022 ഫെബ്രുവരി 11 വെള്ളിയാഴ്ച മുതൽ ഫെബ്രുവരി 20 ഞായറാഴ്ച വരെ
ഫെബ്രു. 20 വൈകിട്ട് 5.30 ന്
ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി
കാർമികൻ: ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ.
(അതിരൂപതാ സഹായമെത്രാൻ)

Pub. Date : 01.02.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00


# Jubilee Memorial Hospital
## Latin Archdiocese of Trivandrum

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY

Little Flower College of Nursing




College Code - JBN.




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto